# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ജനുവരി വോള്യം: 9 ലക്കം: 5

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



07 കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ട്
പ്രഭാത് പട്നായിക്

12 ദേശീയ രാഷ്ട്രീയം എങ്ങോട്ട്
പി. നന്ദകുമാർ

15 ശുഭപ്രതീക്ഷ നൽകുന്ന ബജറ്റ്




19 കാർഷിക മേഖലയുടെ സ്വകാര്യവൽക്കരണവും ചെറുകിട കൃഷിക്കാരും
ജോസ് ടി എബ്രഹാം





24 ഡോ. രാം പുനിയാനി
ദേശ സ്നേഹം, മതം, RSS പ്രത്യയശാസ്ത്രം

33 ബ്രിട്ടൻ വിട പറഞ്ഞു




39 ജനങ്ങളുടെ ജീവിത സമരമാണ് കർഷക സമരം
എൻ. പത്മലോചനൻ

45 സംഘടനാ വാർത്തകൾ

48 സംസ്ഥാന ജീവനക്കാരുടെ സംഘശേഷി തെളിയിച്ച സമ്മേളനം
എം.എ. അജിത്കുമാർ

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# കേരളത്തെ മുന്നോട്ട് നയിക്കുന്ന ബഡ്ജറ്റ്

പ്രതിസന്ധികൾക്കിടയിലും എൽഡിഎഫ് സർക്കാർ ചരിത്രം സൃഷ്ടിച്ചു. 2021-22 വർഷത്തേക്കുള്ള ബഡ്ജറ്റ് എല്ലാ മേഖലകളിൽ നിന്നും മുക്തകണ്ഠം പ്രശംസ പിടിച്ചുപറ്റി. നൂതനമായ വികസന കാഴ്ചപ്പാടിനോടൊപ്പം ദരിദ്ര ജനതയുടെ ക്ഷേമത്തിനും പരിഗണന നൽകി. 2016 ലെ തെരഞ്ഞെടുപ്പിൽ മുന്നോട്ടുവച്ച തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞ കാര്യങ്ങൾ ഏറെക്കുറെ പരിപൂർണമായി നടപ്പിലാക്കി ചരിത്രം കുറിച്ച എൽഡിഎഫ് സർക്കാരിന്റെ പുതിയ ബഡ്ജറ്റ് നിർദേശങ്ങൾ വലിയ പ്രതീക്ഷകൾ നൽകുന്നതാണ്.

2016 ൽ അധികാരത്തിൽ വന്ന ഉടനെ നവ കേരള മിഷൻ എന്ന വികസന പദ്ധതി മുന്നോട്ട് വച്ച് അതിന്റെ ഭാഗമായി പാർപ്പിടം, ആരോഗ്യ രംഗം, പൊതുവിദ്യാഭ്യാസം, കൃഷി തുടങ്ങിയ മേഖലകളിൽ നിർണായകമായ മുന്നേറ്റം തുടങ്ങി. നാഷണൽ ഹൈവേ വികസനം, ഗയിൽ പ്രകൃതിവാതക പദ്ധതി തുടങ്ങിയ വൻകിട വികസന പദ്ധതികളും യാഥാർത്ഥ്യമായി. പ്രതിമാസം 600 രൂപ മാത്രമായിരുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ 1400 രൂപയായി ഉയർത്തി. ലോകമാകെ പടർന്നു പിടിച്ച കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ലോകത്തിനാകെ മാതൃകയായി കേരളം മാറി. കോവിഡ് ചികിത്സ പൂർണമായും സൗജന്യമായി പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ പുതിയ ചരിത്രം സൃഷ്ടിച്ച എൽഡിഎഫ് സർക്കാരിന്റെ പുതിയ ബഡ്ജറ്റ് പ്രതീക്ഷാ നിർഭരവും ദീർഘവീക്ഷണത്തോടു കൂടിയുള്ളതുമാണ്.

1957 ലെ ഇഎംഎസ് സർക്കാർ മുതൽ ഇടതുപക്ഷ സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികളാണ് നവ കേരളത്തെ സൃഷ്ടിച്ചത്. ഭൂപരിഷ്കരണം, പൊതുവിദ്യാഭ്യാസം, പൊതു ആരോഗ്യ മേഖലാ വികസനം, പൊതുവിതരണം ശക്തിപ്പെടുത്തൽ, ജനകീയാസൂത്രണം, സാക്ഷരതാ പ്രസ്ഥാനം തുടങ്ങിയവ നവകേരള സൃഷ്ടിക്ക് ഉത്തേജനം നൽകിയ പദ്ധതികളായിരുന്നു.

പുതിയ കേരളം നേരിടുന്ന പ്രശ്നങ്ങൾ പുതിയ തലമുറ വികസന പ്രശ്നങ്ങളാണ്. ഉയർന്ന വിദ്യാഭ്യാസം നേടിയ യുവ ജനതയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയണം. അസംഘടിത പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്കും കർഷകർക്കും പുതിയ പ്രതീക്ഷ നൽകാൻ കഴിയണം. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന നവ ഉദാരവൽക്കരണ നയങ്ങൾ തകർത്തെറിഞ്ഞ കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ കഴിയണം. തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കാനും കൂട്ടായ വിലപേശലിനും നിലവിലുണ്ടായിരുന്ന അവകാശങ്ങൾ കശക്കിയെറിയുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങൾ സൃഷ്ടിച്ച ദുരന്തങ്ങ

ളിൽ നിന്ന് തൊഴിലാളികൾക്ക് സംരക്ഷണം നൽകേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുള്ള നിർദേശങ്ങളാണ് പുതിയ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

നാലാം തലമുറ വ്യവസായ വികസനത്തെ ലക്ഷ്യം വെക്കുന്നതാണ് കെ ഫോൺ പദ്ധതി. "ഡിജിറ്റൽ പ്ലാറ്റ്ഫോം" വഴി യുവതലമുറക്ക് വലിയ അവസരങ്ങൾ തുറക്കാൻ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. അഭ്യസ്തവിദ്യരായ കേരളീയരെ ലക്ഷ്യം വച്ച് റിലയൻസ് ജിയോ ഒരുക്കിയ "ഡിജിറ്റൽ" ശൃംഖലയെ അപ്രസക്തമാക്കുന്നതാണ് കെ ഫോൺ പദ്ധതി. മാർച്ച് മാസം മുതൽ കെ ഫോൺ കണക്ഷൻ നൽകി തുടങ്ങും. റിലയൻസ് ജിയോ ഉള്ളപ്പോൾ എന്തിനാണ് കെ ഫോൺ എന്ന് പ്രതിപക്ഷ നേതാവ് ചോദിക്കുകയുണ്ടായി. കുത്തകകളോടുള്ള വിധേയത്വം ഒരു മറയും കൂടാതെ വെളിപ്പെടുത്താൻ കോൺഗ്രസ് നേതാവ് മടിച്ചില്ല.

പ്രകൃതി വാതക പൈപ്പ്ലൈൻ പൂർത്തിയായതോടെ വീടുകളിലും ഹോട്ടലുകളിലും പാചക വാതകം പൈപ്പ് വഴി വിതരണം ചെയ്തു തുടങ്ങും. എൽപിജിയെക്കാൾ 20% ചെലവ് കുറയും. ദിവസേന പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധിക്കുന്ന രാജ്യത്ത് എല്ലാ കുടുംബത്തിനും ആശ്വാസമാകും പ്രകൃതി വാതകം. വാഹനങ്ങൾക്കും ചെലവു കുറഞ്ഞ പ്രകൃതി വാതകം താമസിയാതെ ലഭ്യമാകും. ഓട്ടോറിക്ഷാ, ടാക്സി തൊഴിലാളികളുടെ ജീവിതത്തിൽ വലിയ മാറ്റത്തിന് വഴി തുറക്കുന്നതാണ് ഈ പദ്ധതി. അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറക്കാനാവുമെന്നതും വലിയ നേട്ടമാണ്.

പുതിയ ബഡ്ജറ്റ് പരമ്പരാഗത മേഖലക്ക് ഉണർവ് നൽകുന്നതാണ്. കൈത്തറി, കശുവണ്ടി, ബീഡി, ഖാദി, മത്സ്യം തുടങ്ങിയ എല്ലാ മേഖലക്കും പരിഗണന നൽകി. പൊതുമേഖലാ പുനരുദ്ധാരണത്തിനും പണം അനുവദിച്ചു. കെഎസ്ആർടിസിക്ക് നല്ല പരിഗണന ലഭിച്ചു. കേന്ദ്ര സർക്കാർ വിൽക്കാൻ വച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുത്ത് നടത്താൻ ആവശ്യമായ പണം



ബഡ്ജറ്റിൽ വകയിരുത്തി. അംഗൻവാടി, ആശ, സ്കൂൾ കൗൺസിലേഴ്സ്, കുടുംബ ശ്രീ എന്നീ വിഭാഗങ്ങൾക്കും ലഭിച്ചു ആശ്വാസം. വഴിയോര കച്ചവടക്കാർക്ക് ഐഡി കാർഡ് നൽകുമെന്ന പ്രഖ്യാപനം പ്രസ്തുത വിഭാഗത്തിന് വലിയ ആവേശം നൽകി. ടോഡി ബോർഡ് രൂപീകരിക്കുമെന്ന നേരത്തെയുള്ള പ്രഖ്യാപനം നടപ്പാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ച് വരികയാണ്.

കൊച്ചി കോയമ്പത്തൂർ വ്യവസായ ഇടനാഴി പുതിയ വ്യവസായ നിക്ഷേപത്തിന് അവസരമൊരുക്കും. വൈദ്യുതി മേഖലയിൽ പുതിയ 'ട്രാൻസ്ഗ്രിഡ്' പദ്ധതി വൈദ്യുതി വിതരണം കുറ്റമറ്റതാക്കും. വൈദ്യുതി ഉൽപാദനം വർധിപ്പിക്കാനും പദ്ധതിയുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഏപ്രിലിന് മുമ്പ് നടപ്പാക്കാമെന്ന പ്രഖ്യാപനം ആശ്വാസകരമാണ്.

കാർഷിക മേഖലക്ക് വലിയ ഊന്നൽ ബഡ്ജറ്റ് നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിന് കിലോക്ക് 28 രൂപയായി ഉയർത്തി. 15 ഇനം പച്ചക്കറികൾക്ക് നേരത്തെ സർക്കാർ തറവില നിശ്ചയിച്ചിരുന്നു. ഈ ബജറ്റിൽ റബ്ബറിന് കിലോക്ക് 170 രൂപയായി വില ഉയർത്തി. പ്രതിസന്ധിയിലായ റബ്ബർ കർഷകർക്ക് വലിയ ആശ്വാസം നൽകുന്നതാണ് ഈ നടപടി.

കോവിഡിന്റെ ഫലമായി തൊഴിലും വരുമാനവും നഷ്ടപ്പെട്ട പാവപ്പെട്ടവർക്ക് ഒരാശ്വാസവും കേന്ദ്രസർക്കാർ നൽകിയില്ല. രണ്ട് ഘട്ടങ്ങളിലായി പ്രഖ്യാപിച്ച കേന്ദ്ര പാക്കേജ് തികച്ചും നിരാശാജനകമായിരുന്നു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച താഴോട്ടായി. തൊഴിലില്ലായ്മ രൂക്ഷമായി. തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർധിച്ചു. ഈ ഗുരുതരമായ സാഹചര്യത്തിലും ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം നൽകാൻ കേന്ദ്രസർക്കാർ തയാറായില്ല. ഇതിൽ നിന്ന് തികച്ചും വിഭിന്നമാണ് എൽഡിഎഫ് സർക്കാർ.

കേന്ദ്രസർക്കാർ പൊതുമേഖല സ്വകാര്യവൽക്കരണത്തിന് വേഗത കൂട്ടുമ്പോൾ പൊതുമേഖല സംരക്ഷിക്കുന്ന നിലപാടാണ് എൽഡിഎഫ് സർക്കാർ കൈക്കൊള്ളുന്നത്. പൊതുമേഖലാ സ്വകാര്യവൽക്കരണം, തൊഴിൽ നിയമ ഭേദഗതികൾ, കർഷകരെ തകർക്കുന്ന നിയമനിർമാണം തുടങ്ങിയവയെ കേരള സർക്കാർ ശക്തിയായി എതിർത്തു. രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളെ കാറ്റിൽ പറത്തുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ കേരളത്തിലെ എൽഡിഎഫ് സർക്കാർ ഉറച്ച നിലപാട് കൈക്കൊള്ളുന്നു.

കോർപറേറ്റുകൾ നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കും വർഗീയതക്കും എതിരെ ഉറച്ച നിലപാട് സ്വീകരിക്കുന്ന രാജ്യത്തെ ഏക സർക്കാർ കേരളത്തിലേത് മാത്രമാണ്. ഈ കാരണം കൊണ്ട് തന്നെ കേരള സർക്കാരിനെ അട്ടിമറിക്കാൻ എല്ലാ പിന്തിരിപ്പൻ ശക്തികളും ഒത്തു കൂടുകയാണ്. അടുത്ത തെരഞ്ഞെടുപ്പ് ലക്ഷ്യം വെച്ചാണ് എല്ലാ പിന്തിരിപ്പന്മാരും ഒത്തു ചേരുന്നത്. കോർപറേറ്റ് പിന്തുണയോടെ അധ്വാനിക്കുന്ന വർഗത്തിന്റെ ശത്രുക്കൾ നടത്തുന്ന എല്ലാ കരുനീക്കങ്ങളെയും തിരിച്ചറിയാനും ചെറുത്ത് പരാജയപ്പെടുത്താനും തൊഴിലാളി വർഗം തയാറാവണം.







പ്രഭാത് പട്നായിക്

# കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ട്

**കർഷക പ്രസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം തന്നെ കോർ പറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ട് പ്രോത്സാഹിപ്പിക്കുന്ന ദേശീയതയെ ദൃഢമായി നിരാകരിക്കുന്നതാണ്. അതിനൊടൊപ്പം കോളനിവിരുദ്ധ പോരാട്ടങ്ങളുടെ അന്തസത്തയായി നിലകൊണ്ട് ഇന്ത്യ സ്വതന്ത്രമാകുന്നതിനു അടിത്തറ പാകിയ ദേശീയതയെ തിരിച്ചുപിടിക്കുന്നതുമാണ്. സമരത്തെ തകർക്കുന്ന തിനായുള്ള മോദി സർക്കാരിന്റെ കുതന്ത്രങ്ങൾ വരും നാളുകളിൽ ശക്ത മാകുന്നതിന് അനുസൃതമായി ഈ തിരിച്ചുവിടിക്കൽ കൂടുതൽ സമഗ്രവും, സുവ്യക്തവും എതിർപ്പ് പ്രകടിപ്പിക്കുന്നതും ആയിത്തീരും.**

കർഷക പ്രക്ഷോഭം താങ്ങുവിലക്ക് വേണ്ടിയും കൃഷിയുടെ കോർപറേറ്റ്വൽക്കരണത്തിന് എതിരായും ഉള്ള പോരാട്ടം എന്ന തിന് അപ്പുറത്തേക്കുള്ള മാനങ്ങൾ കൈവരിച്ചിരിക്കുകയാണ്. പ്രാ യോഗിക തലത്തിൽ അത് നവ ഉദാരവൽക്കരണത്തിന്റെ കീഴിൽ പ്രോത്സാഹിപ്പിക്കപ്പെടുന്ന ആധിപത്യത്തിന് ഊന്നൽ നൽകുന്ന ആഖ്യാനത്തിന് എതിരായുള്ള ഒരു ആഖ്യാനത്തെ തിരിച്ച് പിടിക്കു കയാണ്. സമരത്തെ തകർക്കുന്നതിനായുള്ള മോദി സർക്കാരിന്റെ കുതന്ത്രങ്ങൾ വരും നാളുകളിൽ ശക്തമാകുന്നതിന് അനുസൃതമായി ഈ തിരിച്ചുവിടിക്കൽ കൂടുതൽ സമഗ്രവും, സുവ്യക്തവും എതിർപ്പ് പ്രകടിപ്പിക്കുന്നതും ആയിത്തീരും. ഇക്കാര്യം "രാഷ്ട്രത്തെ" കുറിച്ചുള്ള ആഖ്യാനത്തെ പരാമർശിച്ചുകൊണ്ട് വിശദീകരിക്കാം.

**പണിയെടുക്കുന്ന ജനങ്ങൾ തന്നെയാണ് ''രാഷ്ട്ര''മെന്ന ബദൽ കാഴ്ചപ്പാടിനെ, അത് പൊതുമണ്ഡലത്തിൽ പ്രധാന ചർച്ചാവിഷയമായി തിരിച്ചു കൊണ്ടുവന്നിരിക്കുകയുമാണ്. 3 നിയമങ്ങളും കർഷകർക്ക് ഗുണകരമാണെന്ന മോഡിയുടെ അവകാശവാദത്തെ കർഷകർ നിഷേധിക്കുകയാണ്. ഇത് കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ടിന്റെ രാഷ്ട്ര സങ്കൽപത്തെ ആധാരശിലയായ ''നേതാവ്'' സർവ്വാധിപതിയാണ് എന്ന ''വിശ്വാസത്തിന്'' കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്.**

17ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ബൂർഷ്വാസി വർഗം ഉദയം ചെയ്തപ്പോഴാണ് "രാഷ്ട്രം" എന്ന ആശയം രൂപമെടുത്തത്. 19ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ധനമൂലധനത്തിന്റെ ഉയർച്ചയോടുകൂടി ഈ ആശയത്തിന് പ്രത്യേക പ്രാധാന്യം കൈവരിക്കുവാനുമായി. "രാഷ്ട്ര" സങ്കല്പത്തിന്റെ മഹത്വവൽക്കരണമായിരുന്നു ധനമൂലധനത്തിന്റെ പ്രത്യയശാസ്ത്രമെന്ന് റുഡോൾഫ് ഹിറ്റ്ലർ സൂചിപ്പിച്ചിരുന്നു. ധനമൂലധനം "രാഷ്ട്രത്തെ" മഹത്വവൽക്കരിച്ചത് അവ രണ്ടും ഒന്നു തന്നെയാണെന്നും രണ്ടിന്റെയും താത്പര്യങ്ങൾ ഒരുപോലെയാണെന്നും സമാന്തരമായി പ്രചരിപ്പിച്ചുകൊണ്ടു കൂടിയായിരുന്നു. അങ്ങനെ "രാഷ്ട്രത്തിന്റെ" മഹത്വവൽക്കരണത്തോടൊപ്പം ധനമൂലധനവുമായുള്ള അതിന്റെ സമീകരണവും നടന്നു. ഈ സമീകരണത്തെ സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിൽ കടുത്ത ശത്രുത നിലനിന്നിരുന്ന കാലഘട്ടത്തിൽ ഒരു പ്രത്യേക രാജ്യത്തിലെ ധനമൂലധനം അന്യരാജ്യങ്ങളിലെ ധനമൂലധനങ്ങളുമായുള്ള മത്സരത്തിൽ അതാത് അനുകൂലമായി ഉപയോഗിക്കുകയുമുണ്ടായി.

"രാഷ്ട്ര"ത്തിന്റെ ജനങ്ങളിൽ നിന്നുള്ള വേർപിരിക്കലായിരുന്നു ഈ സമീകരണത്തിന്റെ ഒരു അനുബന്ധ ഫലം. "രാഷ്ട്രം" എന്നത് ജനങ്ങൾക്ക് മുകളിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു സത്തയായി മാറ്റപ്പെട്ടു. അതിനുവേണ്ടി ത്യാഗം അനുഷ്ടിക്കാൻ ജനങ്ങൾ സദാ സന്നദ്ധരായിരിക്കണം. എന്നാൽ ജനങ്ങളുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതുപോലുള്ള ദൈനംദിന പ്രശ്നങ്ങളിൽ "രാഷ്ട്രത്തിന്" യാതൊരു ഉത്കണ്ഠയുമുണ്ടാകില്ല. ജനങ്ങളുടെ ആരോഗ്യമോ അവർ കഴിക്കുന്ന ആഹാരത്തിന്റെ കലോറി മൂല്യമോ ഒന്നും തന്നെ "രാഷ്ട്രത്തെ" അലട്ടുകയില്ല.

"രാഷ്ട്രത്തെ" കുറിച്ചുള്ള ഈ കാഴ്ചപ്പാട് കോളനിവിരുദ്ധ പോരാട്ടങ്ങളുടെ കാലത്ത് മൂന്നാം ലോക രാജ്യങ്ങളിൽ ജന്മമെടുത്ത "രാഷ്ട്ര" സങ്കല്പത്തിൽ നിന്നും പൂർണമായും വ്യത്യസ്തമായിരുന്നു. കൊളോണിയൽ ഭരണം ജനങ്ങൾക്കു മേൽ നടത്തിയ അടിച്ചമർത്തലുകൾ "രാഷ്ട്ര" ങ്ങൾക്കു മേൽ നടത്തിയ അടിച്ചമർത്തലുകൾ കൂടിയായിരുന്നു. അതുകൊണ്ട് കോളോണിയൽ ഭരണത്തിൻ കീഴിൽ "രാഷ്ട്രവും" ജനങ്ങളും തമ്മിൽ ഒരു സമീകരണം ഉണ്ടായി. 1931 ൽ നടന്ന കറാച്ചി കോൺഗ്രസ് സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയത്തിലും മറ്റ് രാജ്യങ്ങളിലെ സമാനമായ രേഖകളിലും മുന്നോട്ടു വയ്ക്കപ്പെട്ട "രാഷ്ട്ര" ത്തിന്റെ വിമോചനം എന്ന അജണ്ടയിൽ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനെകുറിച്ചും വിശദമായി പ്രതിപാദിച്ചിരുന്നു.

സ്വന്തം രാജ്യങ്ങളിൽ സ്വന്തം നിയന്ത്രണത്തിലുള്ള മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള മത്സരങ്ങളിൽ ഏർപ്പെട്ടിരുന്ന ധനമൂലധനങ്ങളാണ് യൂറോപ്യൻ "ദേശീയതയെ" പിൻതുണക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി വിദേശ ഭരണത്താൽ ഞെരുക്കപ്പെടുകയായിരുന്ന, വൻ മുതലാളിമാരെ കൂടാതെ തൊഴിലാളികളും കർഷകരും ചെറുകിട ഉത്പാദകരും ചെറുകിട മുതലാളിമാരും ഒരുമിച്ച് അണിനിരന്ന കോളനിവിരുദ്ധ പോരാട്ടങ്ങളുടെ അടിത്തറയിൽ നിന്നാണ് മൂന്നാം ലോക രാജ്യങ്ങളിലെ "ദേശീയത" ഉരുത്തിരിഞ്ഞു വന്നത്. ഇതു തന്നെയാണ് ഈ രണ്ട് "ദേശീയതകളുടെയും" സ്വഭാവത്തിലെ വ്യത്യാസത്തിനു കാരണം.

നവഉദാരവത്കരണത്തിന്റെ വരവോടെ നാം ആശയപരമായ ഒരു പ്രതിവിപ്ലവത്തിന് സാക്ഷികളാകുകയുണ്ടായി. "രാഷ്ട്ര" ത്തിന് ദിവ്യത്വം കൽപിക്കുന്നതും അതിനെ ജനങ്ങളുടെ മുകളിൽ സ്ഥാപിക്കുന്നതും കുത്തക സമ്പന്ന വർഗവുമായി സമീകരിക്കുന്നതും ആയ യൂറോപ്യൻ മാതൃകയിലുള്ള ദേശീയത ഇന്ത്യയുൾപ്പെടെയുള്ള മൂന്നാം ലോക രാജ്യങ്ങളിൽ നവഉദാരവൽക്കരണ കാല

ഘട്ടത്തിൽ പ്രോത്സാഹിപ്പിക്കപ്പെടുകയുണ്ടായി. സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള മത്സരങ്ങളുടെ ശക്തി ഇന്ന് തീർച്ചയായും കുറഞ്ഞിട്ടുണ്ട്. എന്നാൽ ധനമൂലധനത്തിന്റെ താല്പര്യങ്ങൾക്ക് യൂറോപ്യൻ മാതൃകയിലുള്ള "ദേശീയത" ഇന്നും പാകമാകുന്നുണ്ട്.

"രാഷ്ട്രവും" കോർപറേറ്റ് സമ്പന്ന ഭരണ വർഗവും തമ്മിലുള്ള ഏകതയെ പ്രോത്സാഹിപ്പിക്കുന്നതിനായി തുടക്കത്തിൽ നടത്തിയ പ്രചരണം ഈ ഭരണം എല്ലാപേർക്കും ഗുണകരമാകുന്ന സാമ്പത്തിക വളർച്ചക്ക് വഴിയൊരുക്കും എന്നതായിരുന്നു. ഈ അവകാശവാദത്തിന് നവ ഉദാരവൽക്കരണത്തിന് മുതലാളിത്തത്തിന്റെ പ്രതിസന്ധി കാരണം ക്ഷീണമുണ്ടായപ്പോൾ മേൽ സൂചിപ്പിച്ച ഏകതയെ ദൃഢീകരിക്കുന്നതിന് പുതിയൊരു മാർഗം കണ്ടുപിടിക്കപ്പെട്ടു. ഇതിനായി " ഹിന്ദുരാഷ്ട്രം എന്ന ഒരു ബദൽ ഭൗതികാതീത ആശയം മുന്നോട്ടുവയ്ക്കപ്പെട്ടു. ഈ ഹിന്ദുരാഷ്ട്രവും ജനങ്ങൾക്ക് മുകളിൽ തന്നെയാണ് നിലയുറപ്പിക്കുന്നത്. ഇതിനുവേണ്ടിയും ജനങ്ങൾ ത്യാഗമനുഷ്ഠിക്കുന്നതിന് ആഹ്വാനം ചെയ്യപ്പെടുന്നു. ഇതിന്റെ കണ്ണുകൾ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളെ നിസാര വിഷയങ്ങളായാണ് കാണുന്നത്.

കഴിഞ്ഞ 6 വർഷങ്ങളായി ആധിപത്യം പുലർത്തിവരുന്ന ഒരു ആഖ്യാനമാണിത്. ഹിന്ദുത്വവാദികളാൽ മെനഞ്ഞെടുക്കപ്പെട്ട് കോർപറേറ്റ് മാധ്യമങ്ങളാൽ അത്യുത്സാഹത്തോടെ പ്രചരിക്കപ്പെടുന്നത്. നവ ഉദാരവൽക്കരണ മുതലാളിത്തത്തിന്റെ പ്രതിസന്ധിയുടെ സമയത്ത് ഉടലെടുത്ത കോർപറേറ്റ് ഹിന്ദുത്വ ചങ്ങാത്തത്തിന്റെ ഉയർച്ചയിൽ പ്രതിഫലിക്കുന്നത് ഈ ആഖ്യാനമാണ്. പ്രധാനമന്ത്രി മോദി ധനിക വർഗത്തെ "രാഷ്ട്ര"ത്തിന്റെ സമ്പത്ത് സൃഷ്ടിക്കുന്നവർ എന്ന് വിശേഷിക്കുമ്പോൾ രാഷ്ട്രം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം വിശദീകരിക്കുന്നുണ്ട്. ഈ വിശദീകരണത്തിൽ രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്ക് സമ്പത്തിന്റെ സ്രഷ്ടാക്കളെ സംതൃപ്തരായി നിലനിർത്തുന്നത് അനിവാര്യമാണെന്നും രാഷ്ട്രത്തിന്റെയും സമ്പന്ന വർഗത്തിന്റെയും താല്പര്യങ്ങൾ ഒന്നു തന്നെയാണെന്നുമുള്ള സൂചനകളുണ്ട്. ഹിന്ദുരാഷ്ട്രം എന്ന ഓമനപ്പേരിൽ ആർഎസ്എസ് മുന്നോട്ടു വയ്ക്കുന്ന ആശയം യഥാർത്ഥത്തിൽ കോർപറേറ്റ് സമ്പന്ന വർഗ ഏകാധിപത്യമാണ്. വിരലിലെണ്ണാവുന്ന അതി സമ്പന്നരുടെ കീഴിൽ അവരുടെ താല്പര്യ സംരക്ഷണത്തിനു വേണ്ടി മാത്രം അടിച്ചേല്പിക്കപ്പെടുന്ന ഏകാധിപത്യം.

ഏകരാഷ്ട്രത്തിനായുള്ള നീക്കവും ഈ അജണ്ടയുടെ ഭാഗം തന്നെയാണ്. കോർപറേറ്റുകളെയും സമ്പന്ന വർഗത്തെയും പ്രതിനിധാനം ചെയ്യുന്ന വളരെ ചുരുക്കം പേരെ മാത്രം കേന്ദ്ര സർക്കാർ പ്രീതി പെടുത്തുന്നത് അവരിൽ നിന്ന് തിരിച്ചും സാമ്പത്തിക പിന്തുണ ലഭിക്കും എന്നതിനാലാണ്. മോഡിയുടെ കീഴിൽ നടക്കുന്ന വിഭവങ്ങളുടെയും അധികാരത്തിന്റെയും വൻതോതിലുള്ള കേന്ദ്രീകരണം വിരലിലെണ്ണാവുന്ന കുത്തകകളുടെ ആധിപത്യം വർധിച്ചുവരുന്നതിന്റെ മറുവശമാണ്.

കേന്ദ്രീകരണം എന്നതിന്റെ അർത്ഥം സംസ്ഥാന സർക്കാരുകൾക്കെതിരെ കേന്ദ്ര സർക്കാർ കൂടുതൽ കരുത്താർജിക്കുന്നതു മാത്രമല്ല. അത് സർവ്വ ശക്തനും ജനങ്ങൾക്ക് എന്താണ് ഉത്തമമായിട്ടുള്ളത് എന്ന് അറിഞ്ഞു കൊണ്ട് തെറ്റുകൾക്കതീതനായി ഭരണം കൈയ്യാളുന്നവനായി ഉയർത്തിക്കാട്ടപ്പെടുന്ന ഒരു "നേതാവിന്റെ" കീഴിൽ എല്ലാ അധികാരങ്ങളും കേന്ദ്രീകരിക്കുന്നതിനെയും സൂചിപ്പിക്കുന്നു. കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ടിന്റെ "ദേശീയത" ഈ "നേതാവിനെ" "രാഷ്ട്രത്തിന്റെ" അടയാളമായി ദിവ്യവൽക്കരിക്കുകയും ചെയ്യുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മോഡിയെ വിമർശിക്കുന്നവരെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) പോലുള്ള ഭരണകൂട സംവിധാനങ്ങൾ "ദേശവിരുദ്ധരായി" ചിത്രീകരിക്കുകയും ജയിലിലടക്കാൻ അർഹരായി പരിഗണിക്കുകയും ചെയ്യുന്നതിൽ അതിശയിക്കാൻ ഒന്നും തന്നെയില്ല.

കർഷക സമരം ഈ "രാഷ്ട്ര" സങ്കൽപ്പത്തെ ചോദ്യം ചെയ്യുക മാത്രമല്ല ചെയ്തിരിക്കുന്നത്. പണിയെടുക്കുന്ന ജനങ്ങൾ തന്നെയാണ് "രാഷ്ട്ര"മെന്ന ബദൽ കാഴ്ച്ചപ്പാടിനെ, അത് പൊതുമണ്ഡലത്തിൽ പ്രധാന ചർച്ചാവിഷയമായി തിരിച്ചു കൊണ്ടുവന്നിരിക്കുകയുമാണ്. 3 നിയമങ്ങളും കർഷകർക്ക് ഗുണകരമാണെന്ന മോഡിയുടെ അവകാശവാദത്തെ കർഷകർ നിഷേധിക്കുകയാണ്. ഇത് കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ടിന്റെ രാഷ്ട്ര സങ്കൽപത്തെ ആധാര ശിലയായ "നേതാവ്" സർവ്വാധിപതിയാണ് എന്ന "വിശ്വാസത്തിന്" കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. കർഷകരെ കേൾക്കാത്തതിനും അവരുമായി അർത്ഥവത്തായ ചർച്ചകൾ നടത്താത്തതിനും പലരും കേന്ദ്ര സർക്കാരിനെ വിമർശിക്കുകയാ

**കർഷകർ കോളനി വിരുദ്ധ കാലഘട്ടത്തിലെ യഥാർത്ഥ ദേശീയതയെ തിരിച്ചുപിടിക്കുകയാണ്. ജയ്ഭാരത്, ജയ്കിസാൻ എന്ന പൊതു മുദ്രാവാക്യമാണ് കർഷകർ സംഘം ചേർന്നിരിക്കുന്ന വേദികളിൽ ഉയരുന്നത്. അതിന് ഇരട്ട പ്രാധാന്യമുണ്ട്. ഒരു ഭാഗത്ത് അത് രാഷ്ട്രത്തെ കർഷകരുമായി, അതിലൂടെ അധ്വാന വർഗവുമായി സമീകരിക്കുകയാണ്. മറുഭാഗത്ത് അത് ഭാരത് മാതാ കി ജയ് എന്ന മുദ്രാവാക്യം ഒഴിവാക്കി എന്നതിനും വലിയ പ്രാധാന്യമാണ് ഉള്ളത്.**

ണ്. എന്നാൽ മറ്റുള്ളവർക്ക് ചെവികൊടുക്കുക എന്നത് ഈ 'രാഷ്ട്ര സങ്കൽപത്തിന്റെ' സ്വത്വത്തിന് കടകവിരുദ്ധമാണ്. അത് ചർച്ചകളിലൂടെ ഒരു ദേശീയ ഐക്യം നിർമിക്കുന്നതിൽ വിശ്വസിക്കുന്നില്ല. വളരെ പണ്ടു മുതൽക്കു തന്നെ സ്ഥായിയായി നിലനിൽക്കുമെന്ന് കരുതപ്പെടുന്ന ദേശീയ ഐക്യത്തിൽ മാത്രമാണ് അത് വിശ്വാസം അർപ്പിക്കുന്നത്. ഈ ദേശീയ ഐക്യത്തിന്റെ പ്രതീകമാണ് "സർവജ്ഞനായ നേതാവ്". അതുകൊണ്ട് നേതാവിന്റെ വിവേകത്തെ ചോദ്യം ചെയ്യുന്നത് തീർച്ചയായും ദേശവിരുദ്ധമാണ്. കുറഞ്ഞപക്ഷം അറിവില്ലായ്മയെങ്കിലുമാണ്.

കർഷക പ്രസ്ഥാനം അമ്പാനിയുടെ ജിയോയെ ബഹിഷ്കരിക്കുന്നതിന് ആഹ്വാനം നൽകിയിട്ടുണ്ട്. മോഡിയോടൊപ്പം അമ്പാനിയുടെയും അദാനിയുടെയും കോലങ്ങൾ കത്തിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം രാഷ്ട്രത്തെ സമ്പത്തിന്റെ സ്രഷ്ടാക്കൾ, മോഡി പ്രോത്സാഹിപ്പിക്കുന്ന ചുരുക്കം ചില വ്യവസായ കുടുംബങ്ങളായി തെറ്റായി സമീകരിക്കുന്നതിനെതിരായി ഉയർന്നുവരുന്ന അവബോധത്തെയാണ് സൂചിപ്പിക്കുന്നത്. കർഷകർ ജിയോ ബഹിഷ്കരണം പ്രഖ്യാപിക്കുന്നതിന്റെ തലേദിവസമാണ് അംബാനി ജിയോയുടെ 5 ജി സേവനത്തിന്റെ തുടക്കം കുറിക്കൽ പ്രഖ്യാപിച്ചത്. എല്ലാ ടിവി ചാനലുകളും ഇതിനെ ഒരു വലിയ ദേശീയ നേട്ടമായി എടുത്തുകാട്ടി. ജിയോ ഉല്പന്നങ്ങൾ കയ്യൊഴിയുന്നതിനായുള്ള കർഷകരുടെ ആഹ്വാനം ഒരു പ്രത്യേക സാഹചര്യം ആവശ്യപ്പെടുന്ന തന്ത്രപരമായ നീക്കത്തെ മാത്രമല്ല ചുരുക്കം ചില കോർപറേറ്റ് കുടുംബങ്ങളെ രാഷ്ട്രവുമായി സമീകരിച്ചു കാണുന്ന ആഖ്യാനത്തെ തന്നെ നിരാകരിക്കുന്ന ശക്തമായ എതിർവാദമാണിത്.

കർഷകർ ഈ ആഖ്യാനത്തെ എതിർക്കുക മാത്രമല്ല ചെയ്യുന്നത്. അവർ ഇതിനെ പൂർണമായും എതിരായ ഒരു ബദൽ മുന്നോട്ടുവയ്ക്കുന്നുമുണ്ട്. ഇതിലൂടെ കർഷകർ കോളനി വിരുദ്ധ കാലഘട്ടത്തിലെ യഥാർത്ഥ ദേശീയതയെ തിരിച്ചുപിടിക്കുകയാണ്. ജയ്ഭാരത്, ജയ്കിസാൻ എന്ന പൊതു മുദ്രാവാക്യമാണ് കർഷകർ സംഘം ചേർന്നിരിക്കുന്ന വേദികളിൽ ഉയരുന്നത്. അതിന് ഇരട്ട പ്രാധാന്യമുണ്ട്. ഒരു ഭാഗത്ത് അത് രാഷ്ട്രത്തെ കർഷകരുമായി, അതിലൂടെ അധ്വാന വർഗവുമായി സമീകരിക്കുകയാണ്. മറുഭാഗത്ത് അത് ഭാരത് മാതാ കി ജയ് എന്ന മുദ്രാവാക്യം ഒഴിവാക്കി എന്നതിനും വലിയ പ്രാധാന്യമാണ് ഉള്ളത്. രാഷ്ട്രത്തെ അമ്മയുടെ രൂപത്തിൽ അവതരിപ്പിക്കുന്നത് അതിനെ ദിവ്യവൽക്കരിക്കുന്നതിനും അതിനോടൊപ്പം ജനങ്ങൾക്കു മുകളിൽ അതിനെ സ്ഥാപിച്ചുകൊണ്ട് ജനങ്ങൾ എല്ലായ്പോഴും അതിനു വേണ്ടി ത്യാഗം അനുഷ്ഠിക്കണം എന്ന് കൽപിക്കുന്നതിനും വേണ്ടിയുള്ള ഒരു തന്ത്രമാണ്. രാഷ്ട്രത്തിന്റെ നന്മക്കായി ജനങ്ങൾ കോർപറേറ്റുകൾക്കു വേണ്ടി ത്യാഗസന്നദ്ധരാകണമെന്ന് ആവശ്യപ്പെടുന്ന കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ട് പ്രോത്സാഹിപ്പിക്കുന്ന "ദേശീയതയുടെ" ഒരു സവിശേഷതയാണിത്. അതുപോലെ കർഷകർ ഹിന്ദിയിലുള്ള മുദ്രാവാക്യങ്ങൾ മാത്രമല്ല ഉയർത്തിയത് എന്നത് ശ്രദ്ധേയമാണ്. പഞ്ചാബിയിലും മറ്റു ഭാഷകളിലും മുദ്രാവാക്യങ്ങൾ നിശ്ചയമായും ഉണ്ടാകണമെന്ന നിലപാട് അവർ എടുക്കുകയുണ്ടായി. ഇത് ഒരു കേന്ദ്രീകൃത രാഷ്ട്ര സങ്കൽപത്തിൽ നിന്ന് വ്യത്യസ്തമായി വൈവിധ്യമാർന്ന പ്രാദേശിക ഭാഷാ ദേശീയതകളെ ഉൾക്കൊള്ളുന്ന ഐക്യത്തെയാണ് ഇന്ത്യ പ്രതിനിധാനം ചെയ്യുന്നത് എന്ന് അവർ തിരിച്ചറിയുന്നതിന്റെ ഫലമാണ്.

അടയാളങ്ങൾ ഉച്ചത്തിൽ സംസാരിക്കും. കർഷക പ്രസ്ഥാനം ഉപയോഗിച്ച് അടയാളങ്ങളും അത് സർക്കാരിനെതിരെ സ്വീകരിച്ച നിലപാടിന്റെ സ്വഭാവവും, ചുരുക്കത്തിൽ അതിന്റെ മൊത്തത്തിലുള്ള പ്രവർത്തനം തന്നെ കോർപറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ട് പ്രോത്സാഹിപ്പിക്കുന്ന ദേശീയതയെ ദൃഢമായി നിരാകരിക്കുന്നതാണ്. അതിനൊടൊപ്പം കോളനിവിരുദ്ധ പോരാട്ടങ്ങളുടെ അന്തസത്തയായി നിലകൊണ്ട് ഇന്ത്യ സ്വതന്ത്രമാകുന്നതിന് അടിത്തറ പാകിയ ദേശീയതയെ തിരിച്ചുപിടിക്കുന്നതുമാണ്. ●



# ആഗോള സമ്പത്തിന്റെ 43% കൈവശം വച്ചിരിക്കുന്നത് 1% കുടുംബങ്ങൾ

ഏറ്റവും ധനികരായ 1% കുടുംബക്കാരാണ് ലോക സമ്പത്തിന്റെ 43% വും കയ്യടക്കി വച്ചിരിക്കുന്നത്. എന്നാൽ താഴെ തട്ടിലുള്ള 50% അനുഭവിക്കുന്നത് ലോക സമ്പത്തിന്റെ 1% മാത്രമാണ്. 10% ധനിക കുടുംബങ്ങൾ കൈവശം വച്ചിരിക്കുന്നത് ലോക സമ്പത്തിന്റെ 81% ആണ്. ഏറ്റവും വലിയ സമ്പന്നരായ 0.1% ത്തിൽ താഴെ കുടുംബങ്ങൾ കയ്യാളുന്നത് ലോക സമ്പത്തിന്റെ 25% ആണ്. ഈ വിവരങ്ങൾ ലഭ്യമാകുന്നത് ക്രഡിറ്റ് സ്വിസിയുടെ 2020 ലെ ഗ്ലോബൽ വെൽത്ത് റിപ്പോർട്ടിലാണ്.

ആഗോള സമ്പത്തിന്റെയും അതിന്റെ അസമത്വങ്ങളുടെയും ഏറ്റവും ആധികാരികമായി കണക്കാക്കപ്പെടുന്ന ഒന്നാണ് ഗ്ലോബൽവെൽത്ത് റിപ്പോർട്ട്. 5.2 ബില്യൻ ആൾക്കാരുടെ സമ്പത്തിനെ കുറിച്ച് വിശകലനം ചെയ്താണ് ക്രഡിറ്റ് സ്വീസി ഈ റിപ്പോർട്ട് തയാറാക്കുന്നത്.

കോവിഡ് മൂലം ആഗോള സമ്പത്തിൽ കാര്യമായ ഇടിവുണ്ടായി. എന്നാലും ആഗോള അസമത്വം പ്രദേശങ്ങൾ തമ്മിലും വിവിധ വിഭാഗം ജനങ്ങൾ തമ്മിലും അതിരൂക്ഷമായി തുടരുകയാണ്.

വടക്കൻ അമേരിക്കയിലും യൂറോപ്പിലും ലോക സമ്പത്തിന്റെ 55% കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ലോക ജനസംഖ്യയുടെ 17% മാത്രമാണ് ഈ പ്രദേശങ്ങളിൽ ജീവിക്കുന്നത്.

ക്രഡിറ്റ് സ്വിസി റിപ്പോർട്ടിന്റെ നിഗമനത്തിൽ കടംകൂടി എഴുതിതള്ളിയാൽ ലോകത്തെ വലിയ വിഭാഗം ജനങ്ങൾക്ക് സ്വത്ത് തന്നെ ഇല്ലാത്ത സ്ഥിതിയാണ്.



# ദേശീയ രാഷ്ട്രീയം എങ്ങോട്ട്



പി നന്ദകുമാർ

**കേന്ദ്ര ബിജെപി സർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരായ സമാനതകളില്ലാത്ത പോരാട്ടത്തിന്റെ വർഷമായിരുന്നു 2020. കാർഷിക ബില്ലിനെതിരെയുള്ള കർഷകരുടെ വീറുറ്റ സമരം, തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾക്കെതിരെയുള്ള ചെറുത്തുനിൽപ്പ്, തൊഴിലാളി കർഷക ഐക്യത്തിന്റെ ഉജ്വല മാതൃകയായിരുന്ന നവംബർ 26 ന്റെ പണിമുടക്കം. ബീഹാർ അസംബ്ലി തെരഞ്ഞെടുപ്പിൽ ബിജെപിക്ക് കിട്ടിയ തിരിച്ചടി, കേരളത്തിലെ തദ്ദേശ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനുണ്ടായ വിജയം, മഹാമാരിക്കിടയിലും കോർപറേറ്റ് താൽപ്പര്യം സംരക്ഷിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള ജനങ്ങളുടെ പോരാട്ടം തുടങ്ങി അനവധി വിഷയങ്ങൾ 2021 വർഷം ഐക്യത്തിന്റെയും പോരാട്ടത്തിന്റെയും വർഷമാക്കി മാറ്റിയിരിക്കുന്നു.**

മഹാമാരിക്ക് നടുവിലും ദേശീയ രാഷ്ട്രീയത്തിൽ ആശാവഹമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് 2020 വർഷം കടന്നുപോയത്. രണ്ടു പ്രധാന കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒന്ന് ബീഹാർ അസംബ്ലി തിരഞ്ഞെടുപ്പടക്കമുള്ള ചില തിരഞ്ഞെടുപ്പുകൾ. വർഗീയ രാഷ്ട്രീയത്തിലധിഷ്ഠിതമായ ബിജെപിയുടെ രാഷ്ട്രീയ മുന്നേറ്റത്തിന് തടയിടാൻ കഴിയും എന്ന ആത്മവിശ്വാസം തെളിയിച്ച തിരഞ്ഞെടുപ്പ് ഫലമാണ് ബീഹാറിൽ നിന്നും പുറത്ത് വന്നത്. എൻഡിഎയിലെ പ്രധാന സഖ്യകക്ഷിയും ബീഹാറിലെ പ്രധാന ഭരണകക്ഷിയുമായ ജനതാദൾ യുണൈറ്റഡിനെ (ജെജിയു) ഒതുക്കാൻ വേണ്ടി എൻഡിഎയിലെ തന്നെ ഘടക കക്ഷിയായ എൽജെപിയെ ഉപയോഗപ്പെടുത്തി ജെഡിയു വിനെതിരെ മത്സരിപ്പിച്ച് വോട്ടു ഭിന്നിപ്പിച്ച് ഒറ്റക്ക് ഭൂരിപക്ഷം കിട്ടുന്നതിനുള്ള അടവാണ് ബിജെപി അവിടെ പയറ്റിയത്. എന്നാൽ അത് പൂർണമായും വിജയിക്കാത്തതിനാൽ നിതീഷ് കുമാറിനെ തന്നെ മുഖ്യമന്ത്രി ആക്കേണ്ടി വന്നു. 7 സീറ്റിന്റെ ഭൂരിപക്ഷം മാത്രമാണ് എൻഡിഎ കക്ഷികൾക്ക് ബീഹാറിൽ ഉള്ളത്. പ്രതിപക്ഷത്തെ പ്രധാന കക്ഷിയായ ആർജെഡിക്ക് വൻ മുന്നേറ്റമാണ് ഉണ്ടാക്കാൻ കഴിഞ്ഞത്. ഇടത്പക്ഷ സഖ്യത്തിന് 16 സീറ്റുകൾ ലഭിച്ചു. ഇടതുപക്ഷവുമായി ഉണ്ടാക്കിയ കൂട്ടുകെട്ട് വിശാല മുന്നണിക്ക് മുതൽ കൂട്ടായി മാറി. ജനകീയ പ്രശ്നങ്ങൾ ഉയർത്തി വലിയ പ്രചരണം സംഘടിപ്പിക്കാൻ കഴിഞ്ഞതാണ് ബീഹാറിലെ പ്രതിപക്ഷ മുന്നേറ്റത്തിന് കാരണമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

ഇതിൽ ഇടത്പക്ഷത്തിന്റെ പങ്ക് പ്രധാനമാണ്. മുന്നണിക്കകത്തെ കോൺഗ്രസിന്റെ പരാജയ മാണ് എടുത്തു പറയേണ്ടത്. തങ്ങൾ ഇന്ത്യയി ലെ പ്രധാന പ്രതിപക്ഷമാണ് എന്ന പേരിൽ 100 സീറ്റിന് വില പേശി പിടിച്ചു വാങ്ങിയ 70 സീറ്റിൽ 19 മാത്രമാണ് കോൺഗ്രസിനു ജയിക്കാൻ കഴിഞ്ഞ ത്. എന്നാൽ ഇടത്പക്ഷം മത്സരിച്ച 29 സീറ്റിൽ 16 സീറ്റിൽ വിജയം നേടി. കഴിഞ്ഞ കാല അനുഭവ ങ്ങളുടെ വെളിച്ചത്തിൽ പാവപ്പെട്ടവരും ന്യൂനപ ക്ഷക്കാരുമടക്കമുള്ള വോട്ടർമാർ കോൺഗ്രസി നെ പിൻതുണക്കാൻ തയാറായില്ല എന്നതാണ് തിരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നത്. ഇതിന്റെ ഫലമായി ബീഹാറിൽ അധികാരത്തിൽ കയറാൻ മഹാസഖ്യത്തിനായില്ല.

ജമ്മു കാശ്മീർ ജില്ലാ വികസന സമിതികളി ലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ബിജെപിക്ക് വൻ തിരിച്ചടിയാണ് ഉണ്ടായത്. ഭരണ ഘടനയുടെ 370 ാം വകുപ്പ് എടുത്ത് കളഞ്ഞ ശേഷം പ്രതിപക്ഷ നേതാക്കളെ തുറുങ്കിലടക്കുകയും ജനാധിപത്യ അവകാശങ്ങൾ നിഷേധിച്ച്, മാരക നിയമങ്ങൾ നടപ്പിലാക്കി ഭരണ സംവിധാനങ്ങൾ എല്ലാം ദു രുപയോഗം ചെയ്ത് നടത്തിയ തിരഞ്ഞെടുപ്പിൽ വൻ പ്രതീക്ഷയാണ് ബിജെപിക്കുണ്ടായിരുന്നത്. ഹിന്ദു ഭൂരിപക്ഷ പ്രദേശമായ ജമ്മു മേഖലയിൽ പോലും ബിജെപിക്ക് പറയത്തക്ക നേട്ടമുണ്ടാ ക്കാൻ കഴിഞ്ഞില്ല. ജമ്മു കാശ്മീരിലെ ആകെയുള്ള 20 ജില്ലകളിൽ ജമ്മു മേഖലയിലെ 6 എണ്ണത്തിൽ മാത്രമാണ് ബിജെപിക്ക് നേട്ടമുണ്ടാക്കാൻ കഴി ഞ്ഞത്. ജമ്മു കാശ്മീരിലെ ജനാധിപത്യഹത്യക്കെ തിരെ കാശ്മീരിന്റെ അവകാശങ്ങൾ തിരിച്ചുപിടി ക്കുന്നതിനുള്ള പോരാട്ടം എന്ന നിലക്ക് രൂപം കൊണ്ട "ഗുപ്കാർ"എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടുകെട്ടിൽ കോൺഗ്രസും ഉണ്ടായിരുന്നു. തിര ഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി മത്സരിക്കുക എന്നതാ യിരുന്നു തീരുമാനം. എന്നാൽ ബിജെപി ഗുപ്കാർ കൂട്ട് "രാജ്യദ്രോഹികളുടെ കൂട്ട് കെട്ടാണ്. പാക് ചാരന്മാരുടെ കൂട്ട്കെട്ടാണ്" എന്നൊക്കെ പ്രചര ണം നടത്തിയപ്പോൾ ഭയന്ന കോൺഗ്രസ് കൂട്ട് കെട്ടിൽ നിന്നു പിൻമാറി. ഒന്നിച്ച് മത്സരിച്ചിരുന്നു എങ്കിൽ ബിജെപിക്ക് ഇതിലും കൂടുതൽ പരി ക്കേല്പിക്കാമായിരുന്നു. ബിജെപിയെ ചെറുക്കുന്ന കാര്യത്തിൽ കോൺഗ്രസ് നടത്തിയ ചാഞ്ചാട്ടം കാശ്മീർ ജനത തിരിച്ചറിഞ്ഞു. ജമ്മു കാശ്മീർ തിര ഞ്ഞെടുപ്പിൽ സിപിഐ (എം) ന് നല്ല പ്രകടനം കാഴ്ച വെക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്.

അടുത്തയിടെ കർണാടകത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെര ഞ്ഞെടുപ്പിൽ നല്ല മുന്നേറ്റമുണ്ടാക്കാൻ സിപിഎ മ്മിന് കഴിഞ്ഞതും എടുത്തു പറയേണ്ടതാണ്. അവിടെയും കോൺഗ്രസിന് കാര്യമായ നേട്ടം ഉണ്ടാക്കാൻ സാധിച്ചില്ല.

കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എൽഡിഫ് നേടിയ വിജയം എല്ലാം കൊണ്ടും ഉജ്വലമാണ്. സംസ്ഥാന സർക്കാരിനെ അസ്ഥിരീകരിക്കുന്നതി നു വേണ്ടി, മുഖ്യമന്ത്രിയെ ലക്ഷ്യം വെച്ചും സിപി എമ്മിന് എതിരായും അഴിച്ചുവിട്ടകള്ള പ്രചാരവേ ലകളെയും കേന്ദ്ര ഭരണ സ്വാധീനം ഉപയോഗിച്ച് വിവിധങ്ങളായ കേന്ദ്ര ഏജൻസികളെ ഉപയോഗ പ്പെടുത്തി നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണ പ്രഹസനങ്ങളും മാധ്യമങ്ങളെ കൂട്ടുപിടിച്ച് നട ത്തിയ വ്യാപകമായ കള്ള പ്രചാരവേലകളെയും എല്ലാം അതിജീവിച്ചാണ് കേരളത്തിൽ ഉജ്വല വിജയം നേടിയത്. സകല വർഗീയ പ്രസ്ഥാനങ്ങ ളെയും കൂട്ടുപിടിച്ച് യുഡിഎഫും അവരെ കൂട്ടുപി ടിച്ച് ബിജെപിയും കേരള സർക്കാരിനെതിരായി സമാനതകളില്ലാത്ത ദുഷ്പ്രചരണങ്ങളാണ് അഴി ച്ചുവിട്ടത് എന്നത് മറന്നുകൂടാത്തതാണ്. കേരള ത്തെ വർഗീയ ധ്രുവീകരണത്തിലേക്ക് എത്തിക്കാ നുള്ള ഗൂഢശ്രമം തിരിച്ചറിഞ്ഞേ പറ്റൂ. അതോടൊ പ്പം കേരളത്തിൽ വികസന മുരടിപ്പ് ഉണ്ടാക്കാനു ള്ള ശ്രമവുമാണ് യുഡിഎഫ് ബിജെപി കൂട്ടുകെട്ട് ചെയ്യുന്നത്. തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് വൻ തിരിച്ചടിയാണുണ്ടായത്. ഇതിനെയെല്ലാം അതിജീവിച്ചാണ് എൽഡിഎഫ് ഉജ്വല വിജയം നേടിയത്.

രണ്ട്: കേന്ദ്ര ബിജെപി സർക്കാരിന്റെ ജന ദ്രോഹ നടപടികൾക്കെതിരായ സമാനതകളി ല്ലാത്ത പോരാട്ടത്തിന്റെ വർഷമായിരുന്നു 2020. മഹാമാരിയിൽപെട്ട് ജനങ്ങൾ വലയുമ്പോഴും കോർപറേറ്റു താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി ജനദ്രോഹ നടപടികൾ അനസ്യൂതം തു ടരുകയാണ് കേന്ദ്ര ബിജെപി സർക്കാർ. പുതിയ ലേബർ കോഡുകൾ, കാർഷിക നിയമ ഭേദഗതി കൾ, വൈദ്യുതി നിയമ ഭേദഗതി, ദേശീയ സമ്പ ത്ത്കളുടെ കൊള്ളയടിക്കൽ എന്നിവ ബിജെപി സർക്കാരിന്റെ സംഭാവനകളാണ്. തൊഴിലില്ലാ യ്മ അതിരൂക്ഷമായി തുടരുന്നു. ഇതിനൊക്കെ എതിരായി ശക്തമായ പ്രക്ഷോഭ സമരങ്ങളാണ് ഉയർന്ന് വരുന്നത്. ഉള്ള ശക്തി ഉപയോഗപ്പെടു ത്തി പ്രക്ഷോഭ സമരങ്ങളെ വളർത്തിയെടുക്കാ നും പാർലമെന്റിനകത്തും പുറത്തും നല്ല ഇടപെട ലാണ് ഇടതുപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. തൊഴിലാളി കർഷക ദ്രോഹ നിയമങ്ങൾ പാർ ലമെന്റിൽ വന്നപ്പോൾ എതിർപ്പും പ്രക്ഷോഭവും ഉയർത്തിക്കൊണ്ടു വരാതെ നിസംഗരായി നിൽ ക്കുകയാണ് കോൺഗ്രസ് ചെയ്തത്.

കഴിഞ്ഞ രണ്ടു മാസക്കാലമായി കോർപറേ

റ്റ് താല്പര്യം സംരക്ഷിക്കുന്ന ജനദ്രോഹ കർഷക ദ്രോഹ നിയമങ്ങൾക്ക് എതിരായി പഞ്ചാബ്, ഹരിയാന മേഖലകളിൽ നിന്നും പ്രത്യേകിച്ചും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി പതിനായിരക്കണക്കിന് കൃഷിക്കാരാണ് കൊടും തണുപ്പിനെ അതിജീവിച്ച് ദൽഹി ചലോ എന്ന മുദ്രാവാക്യം മുഴക്കി ഭരണസിരാകേന്ദ്രത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. "കർഷകവിരുദ്ധമായ കാടൻ നിയമം പിൻവലിക്കുക അല്ലെങ്കിൽ മരണം" എന്നാണ് കർഷക സംഘടനകൾ ഉന്നയിക്കുന്ന മുദ്രാവാക്യം. ബിജെപി സർക്കാരിന് വേണ്ടി കോടതി നടത്തിയ ഇടപെടലുകൾ ഒന്നും കർഷക സംഘടനകളുടെ സമര വീര്യത്തെ കെടുത്താനായിട്ടില്ല. പ്രക്ഷോഭസമരത്തിന്റെ ശക്തിയും വീറും കൂടുകയാണ്. ഇന്ത്യക്കകത്തും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള പിൻതുണ കർഷക സമരത്തിന്റെ ഊക്ക് വർധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്. കർഷക സമരത്തിൽ ദരിദ്രകൃഷിക്കാർ തൊട്ട് വൻകിട കൃഷിക്കാരും ഭൂപ്രഭുക്കൾ വരെയുള്ളവർ അണി ചേർന്നിട്ടുണ്ട്. ഇന്ത്യൻ ഭരണവർഗത്തിലെ ഒരു വിഭാഗവും പ്രക്ഷോഭ സമരത്തിലേക്ക് ഇറങ്ങാൻ നിർബന്ധിക്കപ്പെട്ടുവെന്നർത്ഥം. കാർഷിക മേഖല ഏതാനും വരുന്ന കോർപറേറ്റുകൾക്ക് തീറെഴുതാനുള്ള നിയമമാണ് പാസാക്കപ്പെട്ടിരിക്കുന്നത് എന്ന തിരിച്ചറിവാണ് ഇതിനു കാരണം. രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ തന്നെ അപകടപ്പെടുത്തുന്നതാണ് പാസാക്കപ്പെട്ട നിയമം.

പാർലമെന്റ് ജനാധിപത്യ വിരുദ്ധമായി പാസാക്കിയ നാല് തൊഴിലാളി വിരുദ്ധ കോഡുകൾക്കെതിരായും കർഷകവിരുദ്ധ നിയമം പിൻവലിക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ചും നടത്തിയ അഖിലേന്ത്യാ പണിമുടക്കം 2020 നവംബർ 26 നാണ് നടന്നത്. 26 കോടി പണിയെടുക്കുന്നവരാണ് അതിൽ അണിചേർന്നത്. കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ ആഹ്വാന പ്രകാരം നടന്ന പണിമുടക്കിനോട് അനുഭാവം പ്രകടിപ്പിച്ച് കർഷകർ അന്നേ ദിവസം ഗ്രാമീണബന്ദ് നടത്തുകയുണ്ടായി. തൊഴിലാളി കർഷക ഐക്യത്തിന്റെ ഉജ്വല മാതൃകയായിരുന്നു നവംബർ 26 ന്റെ പണിമുടക്കം. തൊഴിലാളികളുടെ ആവശ്യങ്ങൾക്കൊപ്പം ഒന്നാമതായി ഉന്നയിച്ച മുദ്രാവാക്യം കർഷക വിരുദ്ധ നിയമം പിൻവലിക്കണമെന്നായിരുന്നു. ഈ പ്രക്ഷോഭ സമരങ്ങളിൽ മുൻപന്തിയിൽ നിൽക്കാൻ ഇന്ത്യയിലെ പ്രധാന പ്രതിപക്ഷകക്ഷിയായ കോൺഗ്രസിന് കഴിയുന്നില്ല. ഒരു വശത്ത് വർഗപക്ഷപാത നയങ്ങളും മറുവശത്ത് ശക്തിക്ഷയിച്ച സംഘടനയും. വിഷയങ്ങളോട് ആശയ വ്യക്തതയോട് കൂടി ഒറ്റക്കെട്ടായി പ്രതികരിക്കാൻ പോലും കോൺഗ്രസിന് കഴിയുന്നില്ല. ഇതിന്റെയെല്ലാം ഫലമായി നിത്യേന ദുർബലപ്പെട്ടു വരുന്ന ഒരു കക്ഷിയായി കോൺഗ്രസ് മാറിക്കൊണ്ടിരിക്കുകയാണ്.




ഇന്ത്യൻ രാഷ്ട്രീയത്തിൽ ബിജെപി വിരുദ്ധ പ്രാദേശിക രാഷ്ട്രീയ പാർടികളുടെ ഒരു കൂട്ടുകെട്ടിനുള്ള സാധ്യത ഉയർന്നുവരികയാണ്. ബിജെപിയുടെ തീഷ്ണമായ വർഗീയ ധ്രുവീകരണ നടപടികളും ഫെഡറലിസത്തിനെതിരായ നടപടികളും കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരായി ഉയർന്നു വരുന്ന പ്രക്ഷോഭങ്ങളും പല പ്രാദേശിക പാർടികളിലും ബിജെപിക്ക് എതിരായി ചിന്തിക്കുന്നതിന് വഴിതെളിച്ചിട്ടുണ്ട്. എൻഡിഎയുടെ സഖ്യകക്ഷികളായ അകാലിദൾ കർഷക സമരവുമായി മുന്നോട്ടുപോവുകയും എൻഡിഎ കൂട്ടുകെട്ട് വിടുകയും ചെയ്തു. തെലുങ്ക് ദേശം പാർടിക്കും ആന്ധ്രയിലെ വൈഎസ്ആർസിപിയും ബിജെപിയുമായി അകന്നുകഴിഞ്ഞു.

ശേഷം പേജ് 23

# ഭാവി കേരളത്തിന് ശുഭ പ്രതീക്ഷ നൽകുന്ന ബജറ്റ്




**സാമ്പത്തിക വളർച്ചക്കും സാമൂഹ്യ സമത്വത്തിനും തുല്യ പ്രാധാന്യം നൽകുന്ന സംസ്ഥാന ബജറ്റ് ഭാവി കേരളത്തിനുള്ള ശുഭപ്രതീക്ഷയാണ്. പ്രതിസന്ധികൾക്കിടയിലും ജനപക്ഷ കാഴ്ചപ്പാട് മുന്നോട്ടുവച്ചുള്ള ബജറ്റ്. സമൂഹത്തിന്റെ നാനാ തുറകളിലുമുള്ള ജനതയുടെ ക്ഷേമം മുൻനിർത്തിയുള്ള പുതിയ കാലത്തിലേക്കുള്ള ബജറ്റ്.**

## വേതനം

- ആശ വർക്കർമാരുടെ അലവൻസ് 1000 രൂപ കൂട്ടി
- അങ്കണവാടി അധ്യാപകർക്ക് പ്രതിമാസ പെൻഷൻ 2000 രൂപ. ഹെൽപ്പർമാർക്ക് 1500 രൂപ. ഇവരുടെ പ്രതിമാസ അലവൻസ് 500, 1000 രൂപ കൂട്ടി.
- എല്ലാ സ്കൂളുകളിലും കൗൺസിലർമാർ. ഇവരുടെ ഓണറേറിയം 24,000 രൂപയാക്കി.
- സർക്കാർ സ്കൂളുകളിലെ പ്രീപ്രൈമറി അധ്യാപകർക്കും ആയമാർക്കും അലവൻസ് 5001000 രൂപ കൂട്ടി.
- പാചക തൊഴിലാളികളുടെ പ്രതിദിന അലവൻസ് 50 രൂപ വീതം കൂട്ടി.
- കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം 8000 രൂപയാക്കി.
- സിഡിഎസ് അംഗങ്ങൾക്ക് യാത്രാച്ചെലവായി മാസം 500 രൂപ വീതം.
- തദ്ദേശ സ്ഥാപന ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ 1000 രൂപ വർധന.
- കയർപിരി മേഖലയിൽ തൊഴിലാളികളുടെ വരുമാനം സബ്സിഡി ഇല്ലാതെ ശരാശരി 500 രൂപയായി ഉയർത്തും.
- സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും ഏപ്രിൽ മുതൽ പരിഷ്കരിക്കും.

## തൊഴിൽ

- 5 വർഷം കൊണ്ട് 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ
- ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3 ലക്ഷം പേർക്ക് കൂടി തൊഴിൽ
- നഗര തൊഴിലുറപ്പ് പദ്ധതിയിൽ (അയ്യങ്കാളി പദ്ധതി) വിദഗ്ധ വിദ്യാഭ്യാസം നേടിയ യുവാക്കളെയും ഉൾപ്പെടുത്തും. ഇവർക്ക് ജോലി നൽകുന്ന സംരംഭകർക്ക് തൊഴിലുറപ്പ് കൂലി സബ്സിഡിയായി നൽകും.
- തിരിച്ചെത്തുന്ന പ്രവാസികൾക്ക്‌ായി 100 കോടിയുടെ തൊഴിൽ പദ്ധതി.
- പട്ടിക വിഭാഗ യുവജനങ്ങൾക്ക് പ്ലേസ് മെന്റ് നൽകുന്ന പദ്ധതി പ്രകാരം 2500 പേർക്ക് തൊഴിൽ.
- ആരോഗ്യ വകുപ്പിൽ 4000 തസ്തിക സൃഷ്ടിക്കും.
- വിധവകൾ, അവിവാഹിതരായ അമ്മമാർ, മാറാരോഗികളുടെ ഭാര്യമാർ എന്നിവർക്ക് സ്വയംതൊഴിൽ പരിപാടിക്ക് 18 കോടി രൂപ.

## ക്ഷേമം

- പ്രവാസി ക്ഷേമ പെൻഷൻ കൂട്ടി. 3000, 3500 രൂപ.
- തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി അടുത്ത മാസം. 75 ദിവസം തൊഴിലെടുത്തവർക്ക് ഉത്സവ ബത്ത.
- തൊഴിലുറപ്പ് ക്ഷേമനിധിയിൽ 60 വയസ് കഴിഞ്ഞവർക്ക് പെൻഷൻ (മറ്റ് പെൻഷനുകൾ ഇല്ലെങ്കിൽ)
- ഗാർഹിക തൊഴിലാളികൾക്കുള്ള പ്രത്യേക ധനസഹായമായി 5 കോടി രൂപ.

## വിദ്യാഭ്യാസം

- വിദ്യാശ്രീ പലിശരഹിത ലാപ്ടോപ്പ് വിതരണം ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ.
- പട്ടിക വിഭാഗം മത്സ്യത്തൊഴിലാളി അന്ത്യോദയ കുടുംബങ്ങളിലെ കുട്ടികൾക്ക് പകുതി വിലക്ക് ലാപ് ടോപ്, മറ്റ് ബിപിഎൽ വിഭാഗങ്ങൾക്ക് 25% സബ്സിഡി.
- ഉന്നത വിദ്യാഭ്യാസ മേഖലയിൽ 35 ലക്ഷം വിദ്യാർഥികൾക്ക് കൂടി പഠന സൗകര്യം.
- നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം ഒരു ലക്ഷം രൂപ വരെ
- ഉന്നത വിദ്യാഭ്യാസമേഖലയിൽ 10% സീറ്റ് വർധന. 20,000 പേർക്ക് അധിക പഠനസൗകര്യം.

## ടെക്നോളജി

- എല്ലാ വീട്ടിലും ലാപ് ടോപ്, ദുർബല വിഭാഗക്കാർക്ക് പകുതി വിലയ്ക്ക്.
- 20 ലക്ഷം കുടുംബങ്ങളിൽ സൗജന്യ ഇന്റർനെറ്റ്
- സ്റ്റാർട്ട് അപ്പുകളുടെ വർക് ഓർഡറിന്റെ 90 ശതമാനം വരെ (പരമാവധി 10 കോടി രൂപ) കെഎഫ്സി, കേരള ബാങ്ക് വഴി വായ്പ, പലിശ 10%
- 20,000 പേർക്ക് തൊഴിൽ ലഭിക്കുന്ന 2900 സ്റ്റാർട്ടപ്പുകൾ ആരംഭിക്കും. 50,000 കോടി രൂപ മുതൽ മുടക്ക് വരുന്ന 3 വ്യവസായ ഇടനാഴികൾ.
- കെ.ഫോൺ ഒന്നാം ഘട്ടം (തിരുവനന്തപുരം, പാലക്കാട്) 600 ഓഫീസുകൾ ഫെബ്രുവരിയിൽ
- വർക്ക് ഫ്രം ഹോം എളുപ്പമാക്കാൻ ബ്ലോക്ക്, മുനിസിപ്പാലിറ്റി തലത്തിൽ വർക്ക് നിയർ ഹോം സെന്ററുകൾ.

## ദാരിദ്ര്യ നിർമ്മാർജനം

- കേരളത്തിൽ ദാരിദ്ര്യം തുടച്ചുനീക്കാൻ, പരിമദരിദ്രരായ 5 ലക്ഷം കുടുംബങ്ങളെ കണ്ടെത്തും. ഒരു കുടുംബത്തിന് ശരാശരി 15 ലക്ഷം രൂപ വച്ച് 5 വർഷം കൊണ്ട് ആകെ 6000, 7000 കോടി രൂപ ചെലവഴിക്കും.

## സംരംഭങ്ങൾ

- പുതിയ വ്യവസായ നിക്ഷേപങ്ങൾക്ക് ആദ്യത്തെ 5 വർഷം വൈദ്യുതി തീരുവ ഇളവ്
- ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ

## ഭക്ഷണം

- ഭക്ഷ്യക്കിറ്റ് വിതരണം തുടരുന്നതാണ്.
- നീല, വെള്ള റേഷൻ കാർഡുള്ള 50 ലക്ഷം കുടുംബങ്ങൾക്ക് അധികമായി 10 കിലോ അരി വീതം 15 രൂപയ്ക്ക് ലഭ്യമാക്കും.
- വിശപ്പ് രഹിത കേരളം പദ്ധതിയിലെ ആയിരത്തിലേറെ ന്യായവില ഹോട്ടലുകൾക്ക് അരിയും പലവ്യഞ്ജനങ്ങളും സബ്സിഡി നിരക്കിൽ.

## പാർപ്പിടം

- ലൈഫ് മിഷനിൽ ഒന്നര ലക്ഷം വീടുകൾ കൂടി നിർമ്മിക്കും. ഇതിൽ ഏതാണ്ട് 60,000 വീടുകൾ പട്ടിക വിഭാഗക്കാർക്കും മത്സ്യത്തൊഴിലാളികൾക്കും.

ശേഷം 36, 37 പേജുകളിൽ

# കൊച്ചി മാംഗ്ലൂരു ഗെയിൽ പൈപ്പ്‌ലൈൻ

# രാഷ്ട്രത്തിന് സമർപ്പിച്ചു

**ഒരു പതിറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിൽ കൊച്ചിമംഗളൂരു ഗെയിൽ പൈപ്പ് ലൈൻ രാഷ്ട്രത്തിന് സമർപ്പിച്ചു. സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയിൽ സംസ്ഥാന വികസനത്തിന് മറ്റൊരു കുതിപ്പാവുകയാണ് ഗെയിൽ പൈപ്പ് ലൈൻ.**




ജനുവരി 5 ന് പകൽ 11ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ പ്രധാനമന്ത്രി നരന്ദ്ര മോഡി പദ്ധതി സമർപ്പിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ, കർണാടക മുഖ്യമന്ത്രി ബി എസ് യെദ്യൂരപ്പ, ഗവർണർ വാജുഭായ് വാല, കേന്ദ്രമന്ത്രിമാരായ ധർമേന്ദ്ര പ്രധാൻ, പ്രഹ്ലാദ് ജോഷി, സഹമന്ത്രി മുരളീധരൻ എന്നിവർ പങ്കെടുത്തു.

സുരക്ഷിതവും ചെലവു കുറഞ്ഞതുമായ പ്രകൃതി വാതക വിതരണത്തിലൂടെ സിറ്റി ഗ്യാസ് വിതരണശൃംഖല മെച്ചപ്പെടുത്താൻ പദ്ധതിയിലൂടെ സാധിക്കും. എഫ്എസിടി, പെട്രോ കെമിക്കൽ പാർക്ക് എന്നിവയുടെ വികസനത്തിനും പദ്ധതി വഴികാട്ടും. 5751 കോടി രൂപ ചെലവുള്ള പദ്ധതി മുഴുവൻ ശേഷിയിൽ പ്രവർത്തിച്ചാൽ നികുതി വരുമാനത്തിൽ 500 മുതൽ 980 കോടി രൂപവരെ ലഭിക്കാം. കൊച്ചി മംഗളൂരു ഗെയിൽ പൈപ്പുലൈൻ പദ്ധതി യാഥാർഥ്യമാക്കാൻ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ പിന്തുണയ്ക്ക് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാന്റെ നന്ദിയും പ്രശംസയും. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കിയതിന് മുഖ്യമന്ത്രിയെ അദ്ദേഹം അനുമോദിച്ചു.

സഹകരണാത്മക ഫെഡറലിസത്തിന്റെ ഉത്തമ മാതൃകയാണ് ഗെയിൽ പദ്ധതിയിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ യോജിച്ച് നടത്തിയ പ്രവർത്തനം. കേരള മുഖ്യമന്ത്രിയുടെ പിന്തുണ ഇല്ലായിരുന്നുവെങ്കിൽ ഈ വൻകിട പദ്ധതി പൂർത്തിയാകില്ലായിരുന്നുവെന്ന് പദ്ധതി സമർപ്പണ ചടങ്ങിൽ സ്വാഗതം ആശംസിച്ച് കേന്ദ്രമന്ത്രി പറഞ്ഞു.



# വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ നാടിന് സമർപ്പിച്ചു



ദേശീയപാത 66 ലെയും കൊച്ചി നഗരത്തിലെയും ഗതാഗതക്കുരുക്കിന് പരിഹാരമാകുന്ന വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. വൈറ്റില മേൽപ്പാലം ശനിയാഴ്ച രാവിലെ 9.30 നും കുണ്ടന്നൂർ മേൽപ്പാലം പകൽ 11 നും വീഡിയോ കോൺഫറൻസിലൂടെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

നിർമാണോദ്ഘാടനം നിർവഹിച്ച മുഖ്യമന്ത്രിതന്നെ പാലം തുറന്നുകൊടുത്തത് സംസ്ഥാന സർക്കാരിന്റെ വികസന നിശ്ചയദാർഢ്യത്തിന് മികച്ച സാക്ഷ്യമായി. സംസ്ഥാനം സ്വന്തം ചെലവിന് പണിതതിനാൽ ദേശീയപാതയിൽ ടാൾ പിരിവില്ലാത്ത ആദ്യ മേൽപ്പാലങ്ങൾ എന്ന നേട്ടവും സ്വന്തം. ഫണ്ടില്ലെന്ന കാരണത്തിന്, കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയവും മുൻ യുഡിഎഫ് സർക്കാരും കൈയൊഴിഞ്ഞ മേൽപ്പാലങ്ങൾ കിഫ്ബി ഫണ്ടിൽ നിന്ന് 152.81 കോടി രൂപ ചെലവഴിച്ചാണ് നിർമിച്ചത്. എസ്റ്റിമേറ്റ് തുകയിൽനിന്ന് 15,02 കോടി രൂപ ലാഭമുണ്ടാക്കിയാണ് പണി പൂർത്തിയായത്.

ഇരുവശങ്ങളിലും മൂന്നുവരി വീതം ഗതാഗതം സാധ്യമാക്കുന്ന മേൽപ്പാലങ്ങളിൽ ഒന്നിലധികം അണ്ടർപാസും അത്യാധുനിക സിഗ്നൽ സംവിധാനവുമുണ്ട്. മണിക്കൂറിൽ പതിനയ്യായിരത്തിലധികം വാഹനങ്ങൾ കടന്നുപോകുന്ന വൈറ്റിലയിൽ, മേൽപ്പാലം തുറന്നതോടെ ആലപ്പുഴ, ആലുവ ഭാഗത്തേക്കും എറണാകുളം നഗരത്തിലേക്കും തൃപ്പൂണിത്തുറ ഭാഗത്തേക്കും വൈറ്റില ഹബ്ബിലേക്കുമുള്ള യാത്ര എളു പ്പമാക്കും. കുണ്ടന്നൂർ മേൽപ്പാലം ദേശീയപാത 66 ൽമാത്രമല്ല, തൃപ്പൂണിത്തുറവഴി കൊച്ചി ധനുഷ്കോടി പാതയിലെയും കുണ്ടന്നൂർ വെല്ലിങ്ടൺ ഐലൻഡ് പാതയിലെയും കണ്ടെയ്നർ ഗതാഗതം ഉൾപ്പെടെയുള്ള യാത്ര സുഗമമാക്കും. പാലവും അപ്രോച്ച് റോഡും ഉൾപ്പെടെ വൈറ്റില പാലത്തിന് 720 മീറ്ററും കുണ്ടന്നൂർ പാലത്തിന് 731 മീറ്ററും നീളമുണ്ട്.



# കാർഷികമേഖലയുടെ സ്വകാര്യവൽക്കരണവും ചെറുകിട കൃഷിക്കാരും



ജോസ് ടി എബ്രഹാം

മനുഷ്യസമൂഹത്തിന്റെ വളർച്ചയും കൃഷിയും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. മനുഷ്യൻ സമൂഹമായി ജീവിക്കാൻ തുടങ്ങിയതുതന്നെ കൃഷി തുടങ്ങിയതോടെയാണ്. കാട്ടുമൃഗങ്ങളെ നായാടിപിടിച്ചും, കാട്ടുകിഴങ്ങുകളും വിളകളും തിന്ന് കുരങ്ങുകളെ പോലെ ഒരിടത്തും ഉറച്ചുനിൽക്കാതെ ജീവിച്ച ആദ്യകാല മനുഷ്യൻ ഏകദേശം 12,000 വർഷം മുൻപാണ് കൃഷി ആരംഭിക്കുന്നത്. 1,05,000 വർഷം മുമ്പുതന്നെ മധ്യശിലായുഗകാലത്ത് മനുഷ്യൻ പുല്ലിന്റെ വിത്തുകൾ ശേഖരിച്ചു ഭക്ഷിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ബി.സി. 9500 ൽ മാത്രമാണ് മനുഷ്യൻ വിത്തുകൾ ശേഖരിച്ച് കൃഷി നടത്താനും മൃഗങ്ങളെ വളർത്തി ഭക്ഷണം കണ്ടെത്താനും തുടങ്ങിയത്. അതോടെയാണ് മനുഷ്യൻ ഒരിടത്ത് ഉറച്ച് സമൂഹമായി ജീവിക്കാൻ തുടങ്ങുന്നത്.

'Agriculture' എന്ന വാക്കിന്റെ തുടക്കം

**ചെറുകിട കൃഷിക്കാരുടെ നിലനിൽപ്പിനായുള്ള സമരം കൂടിയാണ് ഇന്ത്യയിൽ നടക്കുന്ന കർഷക സമരം. ആറോളം അന്തർദേശീയ കുത്തകകളാണ് വിത്ത്, കീടനാശിനി, ബയോടെക്നോളജി തുടങ്ങിയവയെ നിയന്ത്രിക്കുന്നത്. മോൺസാന്റോ, ഡൗ, ബി.എ.എസ്.എഫ്, ബെയർ ഡ്യൂവോങ്ങ്, സിൻജെന്റാ എന്നിവയാണ് ആ കമ്പനികൾ. ഈ കമ്പനികൾ ഗവേഷണം, പുതിയ കണ്ടുപിടിത്തങ്ങൾ, അന്തർദേശീയ കാർഷിക നയങ്ങൾ, വ്യാപാര ഉടമ്പടികൾ, കാർഷിക ഉൽപ്പാദനരേഖ എന്നിവയെല്ലാം നിയന്ത്രിക്കുന്നു. അവർ ഈ മേഖലയിൽ ഉയർന്നുവരുന്ന ചെറുകിട കമ്പനികളെയെല്ലാം ഏറ്റെടുക്കുകയും കമ്പോളത്തിലെ മത്സരം പോലും ഇല്ലാതാക്കുകയും ചെയ്യുന്നു.**




●

രണ്ട് ലാറ്റിൻ വാക്കുകളിൽ നിന്നാണ് "Agri" യും 'culture ഉം. 'Agri' എന്ന ലാറ്റിൻ വാക്കിന്റെ ഇംഗ്ലീഷ് അർത്ഥം 'field' (സ്ഥലം) എന്നാണ്. 'culture' എന്ന വാക്കിന് 'cultivate' എന്നും 'Way of life' "അതായത് കൃഷി ചെയ്യുക" എന്നും "ജീവിതരീതി" എന്നും രണ്ടർത്ഥമുണ്ട്. മനുഷ്യസമൂഹത്തിന്റെയും അവന്റെ സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും വളർച്ചയുടെയും വികാസത്തിന്റെയും ഒക്കെ അഭേദ്യഭാഗമാണ് കൃഷി.

എന്നാൽ ഈ കൃഷിയെയും, കാർഷിക സംസ്കാരത്തെയും മനുഷ്യവ്യവഹാരത്തിന്റെ മറ്റെല്ലാ മേഖലകളെയും പോലെ മുതലാളിത്തം കമ്പോളവൽക്കരിച്ചിരിക്കുകയാണ്. ഇന്ന് ഔഷധവ്യാപാരം കഴിഞ്ഞാൽ ഏറ്റവും ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരു വ്യവസായവ്യാപാരമേഖലയാണ് കൃഷി. ഒരുപിടി കുത്തകകൾ കൃഷിയുടെ എല്ലാ മേഖലകളെയും കയ്യടക്കി കോടാനുകോടി ചെറുകിട കൃഷിക്കാരെ കാർഷികവൃത്തിയിൽ നിന്നുതന്നെ പുറത്താക്കി. ആധുനിക കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ മേഖലകൾ ഒരുസംഘം കുത്തകകളും, കാർഷികവസ്തുക്കളുടെ സംസ്കരണവും വിതരണവും മറ്റൊരു സംഘവും ആഗോളതലത്തിൽതന്നെ കയ്യടക്കിവച്ചിരിക്കുകയാണ്. ഈ കുത്തക കമ്പനികൾ ഏതൊക്കെയാണെന്നും ചെറുകിട കൃഷിക്കാരുടെ തുടർച്ചയായ നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതുമാണ് ഈ കുറിപ്പിൽ ചുരുക്കി സൂചിപ്പിക്കുന്നത്.

**വിത്ത്, കീടനാശിനി തുടങ്ങിയ മേഖലകളിലെ കുത്തകകൾ**

ആറോളം അന്തർദേശീയ കുത്തകകളാണ് ആധുനിക കൃഷിക്ക് ആവശ്യമായ വിത്ത്, കീടനാശിനി, ബയോടെക്നോളജി തുടങ്ങിയവയെ നിയന്ത്രിക്കുന്നത്. ഈ കമ്പനികളാണ് ആഗോളതലത്തിൽ തന്നെ കൃഷിയുടെ വിധി നിർണ്ണയിക്കുന്നത്. മോൺസാന്റോ, ഡൗ, ബി.എ.എസ്.എഫ്, ബെയർ ഡ്യൂവോങ്ങ്, സിൻജെന്റാ എന്നിവയാണ് ആ കമ്പനികൾ. ഈ കമ്പനികൾ ഈ മേഖലകളിലെ ഗവേഷണം, പുതിയ കണ്ടുപിടിത്തങ്ങൾ, അന്തർദേശീയ കാർഷിക നയങ്ങൾ, വ്യാപാര ഉടമ്പടികൾ, കാർഷിക ഉൽപ്പാദനരേഖ എന്നിവയെല്ലാം നിയന്ത്രിക്കുന്നു. രൂക്ഷമായ കുത്തകവൽക്കരണം മൂലം അവർ ഈ മേഖലയിൽ ഉയർന്നുവരുന്ന ചെറുകിട കമ്പനികളെയെല്ലാം ഏറ്റെടുക്കുകയും കമ്പോളത്തിലെ മത്സരം പോലും ഇല്ലാതാക്കുകയും ചെയ്യുന്നു.

ദേശീയ സർക്കാരുകളുടെ ജനാധിപത്യപ്രക്രിയകളെയും നിയന്ത്രണങ്ങളെയും ഇവരുടെ വലിയ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനം മൂലം മറികടക്കാൻ കഴിയുന്നു. ഈ കുത്തക കമ്പനികളുടെ ഇടപെടൽ മൂലം ചെറുകിട കൃഷിക്കാർ അശക്തരാകുകയും പാപ്പരീകരിക്കപ്പെടുകയും ഒരുതരം നിസ്സഹായാവസ്ഥയിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നു.

യു.എൻ. ന്റെ ഒരു റിപ്പോർട്ടനുസരിച്ച് ഈ അന്തർദേശീയ കുത്തകകളുടെ കാർഷികമേ

ഖലയിലെ ഇടപെടൽ ഭക്ഷ്യസുരക്ഷക്ക് തന്നെ ഭീഷണിയായിത്തീരും. ഭക്ഷ്യക്ഷാമത്തിന്റെ കാലത്തുപോലും ഈ കുത്തക കമ്പനികൾ വലിയ ലാഭം കൊയ്യുകയുണ്ടായി. ചെറുകിട കൃഷിക്കാർക്കും, പരമ്പരാഗത കൃഷിക്കാർക്കും വിത്തുൽപ്പാദിപ്പിക്കാനും ശേഖരിക്കാനുമുള്ള സ്വാതന്ത്ര്യംപോലും പല രാജ്യങ്ങളിലും നഷ്ട മായിക്കൊണ്ടിരിക്കുകയാണ്. വിത്തുകമ്പനികൾ ഏറ്റെടുക്കുകയും വിത്തുൽപ്പാദനവും വിതരണ വും ഏകീകരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് മോൺസാന്റോയുടെ കോപ്രസിഡന്റ് റോബർട്ട് ഫ്രേലി പറഞ്ഞത് ശ്രദ്ധേയമാണ്. വിത്ത് കമ്പനി കളെ ഏറ്റെടുത്ത് നിയന്ത്രിക്കുന്നതിലൂടെ വിത്ത് കമ്പനികളുടെ നിയന്ത്രണം മാത്രമല്ല നടക്കുന്നത് ഭക്ഷ്യഉൽപാദന വിതരണശൃംഖലയുടെ തന്നെ ഏകീകരണമാണ് നടക്കുന്നത്.

കഴിഞ്ഞ അനേകം വർഷങ്ങളായി ഭക്ഷ്യ മേഖലയിൽ കുത്തക കമ്പനികൾ പ്രവർത്തി ക്കുന്നുണ്ടെങ്കിലും കഴിഞ്ഞ പത്ത്മുപ്പതുവർഷം കൊണ്ടാണ് വലിയ രൂപത്തിലുള്ള കേന്ദ്രീകരണം നടന്നത്. 1990 കൾക്കുശേഷം മേൽപ്പറഞ്ഞ ആറ് കമ്പനികൾ പരസ്പരം സഹകരിച്ച് ഈ മേഖല യിലാകെ ആധിപത്യം സ്ഥാപിച്ചിരിക്കുകയാണ്. ലോകത്തെ വിത്തുൽപ്പാദനത്തിന്റെയും വിതര ണത്തിന്റെയും 60% ഈ കമ്പനികൾക്കാണ്.

ഇപ്പോഴും ഈ മേഖലയിൽ വലിയ സംയോ ജനങ്ങളും ഏറ്റെടുപ്പുകളും നടന്നുകൊണ്ടിരി ക്കുകയാണ്. അതിൽ ഏറ്റവും വലിയ ഒരേറ്റെടു ക്കലാണ് ജർമ്മൻ കെമിക്കൽഫാർമസ്യൂട്ടിക്കൽ കമ്പനിയായ ബെയർ അമേരിക്കൻ കമ്പനിയായ മൊൺസാന്റേയെ ഏറ്റെടുത്തത് 66 ബില്യൻ ഡോളറിനാണ്. ബെയറും മൊൺസാന്റേയും കാർഷികമേഖലയിലെ ഏറ്റവും വലിയ ആറ് കമ്പനികളിൽപെട്ടതാണ്. മൊൺസാന്റേ വിത്ത് മേഖലയിൽ അധിപതിയാണ്. ബെയർ കീടനാ ശിനി, കളനാശിനി മേഖലയിൽ ലോക അധിപ തിയാണ്. ബെയർ മോൺസാന്റെയെ ഏറ്റെടുക്കു ന്നതിലൂടെ ലോകത്തെ കാർഷികമേഖലയുടെ നല്ലൊരു പങ്ക് ബെയർ എന്ന ജർമ്മൻ അന്തർദേ ശീയ കുത്തക നിയന്ത്രിക്കും. ലോകത്തെ ഏറ്റവും വലിയ ഒരു ഫാർമസ്യൂട്ടിക്കൽ കമ്പനി കൂടിയാണ് ബെയർ. ആസ്പിരിൻ കണ്ടുപിടിച്ചത് ബെയറാണ്. ലോകത്തെ അനേകം അവശ്യമരുന്നുകളുടെ പേ റ്റന്റ് ബെയറിന്റെ കൈവശമാണ്. മറ്റു രണ്ട് വമ്പൻ കമ്പനികളായ ഡ്യൂവോങ്ങും ഡൗവും സംയോജി ച്ചുകഴിഞ്ഞു. ഫലത്തിൽ ഇപ്പോൾ വിത്ത്, കീടനാ ശിനി, തുടങ്ങിയ മേഖലകൾ ഇപ്പോൾ പ്രധാനപ്പെ ട്ട മൂന്ന് കമ്പനികളാണ് നിയന്ത്രിക്കുന്നത്. ഇവരെ മറികടന്ന് മറ്റാർക്കും ഒന്നും ചെയ്യാൻ കഴിയില്ല.

ലോകത്തെ ഭക്ഷ്യവസ്തുക്കളുടെ സംഭരണ വും സംസ്കരണവും വിതരണവും നിയന്ത്രി ക്കുന്നത് ഒരുപിടി കമ്പനികളാണ്. ഗോതമ്പ്, മെയ്സ്, സോയാബീൻ എന്നീ പ്രധാന ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണവും വിതരണവും ആർചർ ഡാനിയൽസ്, മിഡ്ലാന്റ് കാർഗിൽ, ബുജ് എന്നീ നാല് അമേരിക്കൻ കമ്പനികളും ഒരു ഡച്ച് കമ്പനിയുമാണ് നിയന്ത്രിക്കുന്നത്. ഈ മേഖലയിലെ മറ്റു പ്രധാന കമ്പനികൾ അസോ സിയേറ്റഡ് ബ്രിട്ടീഷ് ഫുഡ്സ്, കൊക്കകോള, ജനറൽ മിൽസ്, കെല്ലോഗ്, മാർസ്, നെസ്‌ലെ, പെപ്സി, യൂണിലിവർ എന്നിവയാണ്.

അസോസിയേറ്റഡ് ബ്രിട്ടീഷ് ഫുഡ്സ് പഞ്ചസാര, കോൺ ഓയിൽ, ചായപ്പൊടി തുട ങ്ങിയ മേഖലകളിലെ കുത്തകയാണ്. ജനറൽ മിൽസ്, പിൽസ് ബെറി തുടങ്ങിയ ഗോതമ്പ് പൊടിയുടെ കുത്തകകളാണ്. നെസ്‌ലെയെന്ന സ്വിസ് കമ്പനി ലോകത്തെ കൊക്കൊ, പാൽ ഉൽപ്പന്നങ്ങളുടെ സംസ്കരണ വിതരണം നിയ ന്ത്രിക്കുന്നു. പെപ്സി, ക്വെക്കർ ഓട്സ് തുടങ്ങി അനേകം ബ്രാൻഡുകളുടെ ഉടമയാണ്. ഇന്ത്യ യുൾപ്പെടെ അനേകം രാജ്യങ്ങളിൽ കരാർകൃഷി യിലും പെപ്സി ഏർപ്പെട്ടിട്ടുണ്ട്.

കുത്തകകൃഷിയുടെ വ്യാപനം മൂലം ചെറുകിട കൃഷിത്തോട്ടങ്ങളുംകുടുംബ കൃഷി ത്തോട്ടങ്ങളും ലോകമാകെത്തന്നെ ഇല്ലാ തായിക്കൊണ്ടിരിക്കുകയാണ്. കൃഷി ഒരു ജോലിയായല്ല ഒരു ജീവിതരീതിയോ, ജീവിത ത്തിന്റെ ഒരു ഭാഗമോ ആയിരുന്നു മനുഷ്യന്. എന്നാൽ സർക്കാരുകൾ ചെറുകിട കൃഷിക്കാ രെ സഹായിക്കുന്നതിൽ നിന്നും മാറി ഇപ്പോൾ കുത്തകക്കാരെയാണ് സഹായിക്കുന്നതിൽ പ്രോത്സാഹിപ്പിക്കുന്നതും. അമേരിക്ക മാത്രം ഉദാഹരണമായെടുക്കാം. 1970 നുശേഷം അമേ രിക്കൻ ഫെഡറൽ ഗവൺമെന്റുകളുടെ നയം "വലുതാകുക അല്ലെങ്കിൽ മതിയാക്കി പുറത്തു പോകുക" എന്നതാണ്. അമേരിക്കയിൽ 60 ലക്ഷത്തിലധികം കുടുംബകൃഷിക്കാരുണ്ടായി രുന്നത് ഇപ്പോൾ 20 ലക്ഷമായി ചുരുങ്ങി. അമേ രിക്കയിലും ചെറുകിട കുടുംബകൃഷിക്കാരുടെ ആത്മഹത്യ വ്യാപകമാണ്. ചുരുക്കി പറഞ്ഞാൽ ലോകമാകെ മറ്റു മേഖലകളിലെന്ന പോലെ ചെ റുകിടക്കാർക്ക് നിയന്ത്രിക്കാൻ കഴിയാത്ത സ്ഥി തിയാണ്.

ഇന്ത്യയിലെ പുതിയ കാർഷിക നിയമങ്ങ ളും അതിനെതിരായ കൃഷിക്കാരുടെ സമരത്തെ യും ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. ചെറുകിട കൃഷിക്കാരുടെ നിലനിൽപ്പിനായുള്ള സമരമാണത്. ●

## ഒൻപതാം വട്ട ചർച്ചയും പരാജയം

# 26ന് കർഷകരുടെ റിപ്പബ്ലിക് പരേഡ്




കാർഷികനിയമങ്ങൾ പിൻവലിക്കില്ലെന്ന നിലപാടിൽ കേന്ദ്രം ഉറച്ചുനിന്നതോടെ കർഷകസംഘടനകളും കേന്ദ്രമന്ത്രിമാരും നടത്തിയ ഒമ്പതാം വട്ട ചർച്ചയും പരാജയം. 19ന് വീണ്ടും ചർച്ച. സമരത്തെ നേരിടാൻ കേന്ദ്ര അന്വേഷണ ഏജൻസികളെ ഇറക്കിയ സർക്കാർ നടപടിയിൽ നേതാക്കൾ പ്രതിഷേധമറിയിച്ചു.

കർഷകരെയും സമരത്തിനിടെ രക്തസാക്ഷികളായവരെയും സഹായിച്ചവരെ എൻഐഎ ചോദ്യംചെയ്ത് കേസെടുക്കുന്നു. ഹരിയാന പൊലീസ് കർഷകനേതാക്കളെ കേസിൽ കുടുക്കുന്നു. കർഷകരെ സഹായിക്കാൻ നരേന്ദ്ര മോഡി എന്തിനാണ് ഭയക്കുന്നതെന്ന് നേതാക്കൾ ചോദിച്ചു. സമരം അടിച്ചമർത്താനുള്ള ശ്രമം വിജയിക്കില്ല. നിയമങ്ങൾ സുപ്രീംകോടതി സ്റ്റേ ചെയ്തതിനാൽ സമരം നിർത്തണമെന്ന കൃഷിമന്ത്രി നരേന്ദ്രസിങ് തോമറിന്റെ നിലപാട് നേതാക്കൾ അംഗീകരിച്ചില്ല.

സമരവുമായി ശക്തമായി മുന്നോട്ടുപോകുമെന്ന് അഖിലേന്ത്യ കിസാൻസഭ ജനറൽ സെക്രട്ടറി ഹനൻ മൊള്ള പറഞ്ഞു. 26ന് കർഷകരുടെ റിപ്പബ്ലിക് പരേഡ് സമാധാനപരമായി നടത്തും. സർക്കാരിന്റെ പരേഡ് കഴിഞ്ഞശേഷമാകും ഇത്. 23ന് മഹാരാഷ്ട്രയിലെ വിവിധ കേന്ദ്രങ്ങളിൽനിന്ന് മുംബൈയിലേക്ക് ട്രാക്ടർ റാലി ആരംഭിക്കും. മുംബൈ ആസാദ് മൈതാനത്ത് 24 മുതൽ കർഷകർ ധർണ നടത്തും. കൂടുതൽ കർഷകർ ഡൽഹിയിൽ എത്തിച്ചേരും.

### കർഷകപ്രക്ഷോഭത്തെ നേരിടാൻ എൻഐഎ

കാർഷികനിയമങ്ങൾക്ക് എതിരായ പ്രക്ഷോഭം പൊളിക്കാൻ ദേശീയ അന്വേഷണ ഏജൻസി(എൻഐഎ) യെ ഇറക്കി കേന്ദ്രസർക്കാർ. കർഷക സംഘടനാ നേതാവിനെ ചോദ്യംചെയ്യാൻ എൻഐഎ സമൻസ് അയച്ചു. ഞായറാഴ്ച ഡൽഹി എൻഐഎ ആസ്ഥാനത്ത് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് ലോക് ഫലായ് ഇൻസാഫ് വെൽഫെയർ സൊസൈറ്റി (എൽബിഐഡബ്ല്യുഎസ്) പ്രസിഡന്റ് ബൽദേവ് സിങ് സിർസയ്ക്കാണ് സമൻസ് ലഭിച്ചത്. പ്രക്ഷോഭവുമായി സഹകരിക്കുന്ന ഒട്ടേറെപ്പേരെ ചോദ്യംചെയ്തു. പിന്നാലെയാണ് സമൻസ് അയച്ചത്. കേന്ദ്രസർക്കാരുമായുള്ള ചർച്ചകളിൽ എൽബിഐഡബ്ല്യുഎസിന്റെ പ്രതിനിധി പതിവായി പങ്കെടുക്കുന്നുണ്ട്.

ജസ്റ്റിസ് ഫോർ സിഖ്സ് (എസ്എഫ്ജെ) എന്ന നിരോധിത സംഘടനയെ കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായാണ് സിർസയെ ചോദ്യംചെയ്യുന്നതെന്നാണ് സമൻസിൽ പറയുന്നത്. ചോദ്യംചെയ്യലിന് ഹാജരാകില്ലെന്നും കർഷകസമരം അട്ടിമറിക്കാനാണ് എൻഐഎ നീക്കമെന്നും സിർസ പ്രതികരിച്ചു.

കർഷകർക്ക് വാഹനങ്ങൾ വിട്ടുകൊടുക്കുന്നവരെയും സാമ്പത്തികസഹായം നൽകുന്നവരെയും സമരരക്തസാക്ഷികളുടെ കുടുംബങ്ങളെ സഹായിക്കുന്നവരെയും എൻഐഎ ചോദ്യംചെയ്യുകയാണെന്ന് അഖിലേന്ത്യ കിസാൻസഭ ജനറൽ സെക്രട്ടറി ഹനൻ മൊള്ള ആരോപിച്ചു. ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ചും സമരം തളർത്താൻ ശ്രമിക്കുന്നു. കർഷകർ സമാധാനപരമായ പ്രക്ഷോഭം തുടരുമെന്നും അദ്ദേഹം പറഞ്ഞു. ●

## ഐഎൽഒ ഗ്ലോബൽ വേജ് റിപ്പോർട്ട് 2020-21

ഐഎൽഒയുടെ ഗ്ലോബൽ വേജ് റിപ്പോർട്ട് 2020-21 ഡിസംബറിൽ പ്രസിദ്ധീകരിച്ചു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ വേജ് റിപ്പോർട്ട് ഐഎൽഒ പ്രസിദ്ധീകരിച്ചത്. പ്രസക്തഭാഗങ്ങൾ

- കോവിഡ് 19 ന് മുമ്പ് ഉള്ള നാലു വർഷവും ആഗോളതലത്തിൽ കൂലിയുടെ വർധനവ് 1.6 ശതമാനത്തിനും 2.2 ശതമാനത്തിനും ഇടയിൽ ആയിരുന്നു. ചൈനയിലെ കൂലി വർദ്ധനവ് കുറച്ചാൽ ആഗോള വേതന വർധനവ് 0.9 നും 1.6%ത്തിനുമിടയിലായിരുന്നു. ജി 20 രാജ്യങ്ങളിലെ വേതന വർധനവ് 0.4 നും 0.9 നും ഇടയിലായിരുന്നു. ചൈനയിലെ വേതന വർധനവ് 3.5%ത്തിനും 4.5%ത്തിനും ഇടയിലായിരുന്നു. 2008 നും 2019 നുമിടയിൽ ചൈനയിലെ വേതനം ഇരട്ടിയാവുകയുണ്ടായി.
- 2020 ന്റെ ആദ്യ പകുതിയിൽ കോവിഡ് 19 പ്രതിസന്ധി മൂലം ഡേറ്റ ലഭിച്ച 2/3 രാജ്യങ്ങളിലും വേതനത്തിൽ ഇടിവുണ്ടായി. സ്ത്രീകളിലും പുരുഷന്മാരിലും കോവിഡ് കാലത്തെ കൂലിയിടിവ് വ്യത്യസ്തമായാണ് അനുഭവപ്പെട്ടത്. സ്ത്രീകളുടെ വേതനത്തിൽ ശരാശരി 8.1% ത്തിന്റെ ഇടിവുണ്ടായപ്പോൾ പുരുഷന്മാരുടെ വേതനത്തിൽ 5.4% ത്തിന്റെ ഇടിവുണ്ടായി.
- കുറഞ്ഞ വേതനക്കാരെ കൂലി വേതനത്തിലെ ഇടിവ് കൂടുതൽ രൂക്ഷമായി ബാധിച്ചു. അതുമൂലം വേതനത്തിലെ അസമത്വം വീണ്ടും ഉയർന്നു. കുറഞ്ഞ വേതനം ലഭിക്കുന്ന വൈദഗ്ധ്യം കുറഞ്ഞ ജോലിയിൽ ഏർപ്പെട്ടിരുന്നവരുടെ ജോലി സമയത്തിൽ വലിയ കുറവുണ്ടായി. അതുമൂലവും അവരുടെ വരുമാനത്തിൽ ഇടിവുണ്ടായി. യൂറോപ്യൻ രാജ്യങ്ങളിൽ കോവിഡ് കാലത്ത് നൽകിയ സബ്സിഡി ഒഴിവാക്കിയാൽ 50% തൊഴിലാളികളുടെയും വേതനത്തിൽ 17.3% ത്തിന്റെ ഇടിവുണ്ടായി. ലോകത്ത് പല രാജ്യങ്ങളിലെയും സർക്കാരുകൾ 40% ത്തിന് മുകളിൽ വരെ വേതനത്തിന് സബ്സിഡി നൽകിയിരുന്നു.

**മിനിമം വേതനം :** ലോകത്തെ ഐഎൽഒ മെമ്പറായിട്ടുള്ള 157 രാജ്യങ്ങളിൽ 90 % ത്തിനും മിനിമം വേതനം പല രീതിയിലാണെങ്കിലും നടപ്പാക്കിയിട്ടുണ്ട്. ആഗോളതലത്തിൽ 32 കോടി 70 ലക്ഷം പേർക്ക് മിനിമം വേതനം ലഭിക്കുന്നില്ല. മൊത്തം ലഭിക്കുന്നവരുടെ 19% വരും ഇത്. ഇതിൽ 15 കോടി 20 ലക്ഷവും സ്ത്രീകളാണ്.

# ദേശീയ രാഷ്ട്രീയം എങ്ങോട്ട്

പേജ് 14-ൽ നിന്ന്

ബിജു ജനതാദളിനകത്തും അസ്വാരസ്യം പുകയുകയാണ്. ഹരിയാനയിലെ ജെജെപി പുറത്ത് വരുന്നതിന്റെ ലക്ഷണത്തിലാണ്. എൻഡിഎയിലെ പ്രധാന കക്ഷിയായിരുന്ന ശിവസേന നേരത്തെ തന്നെ ബിജെപി കൂട്ട് കെട്ട് ഉപേക്ഷിച്ചു. ബിജെപി വിരുദ്ധരായ എൻസിപിയും ഡിഎംകെയും ജാർഖണ്ഡ് മുക്തിമോർച്ചയും അതത് സംസ്ഥാനങ്ങളിൽ ശക്തരാണ്. ഇടത് പാർടികളും ഈ പ്രാദേശിക കക്ഷികളും ചേർന്ന് നിന്നാൽ അത് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഭാവി നിർണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കും. പല പരിമിതികളും അവ്യക്തതകളും ഉണ്ടെങ്കിലും അതിനുള്ള സാധ്യത ഉയർന്നു വരികയാണ്. കർഷകസമരത്തോടെ ഭരണ വർഗത്തിനകത്ത് ഉയർന്ന് വരുന്ന ഭിന്നതയും കാണേണ്ടതായിട്ടുണ്ട്. പ്രാദേശിക ബൂർഷ്വാ പാർടികൾ പലതും ഇവരോട് ബന്ധപ്പെട്ട് കിടക്കുന്നവരാണ്.

തൊഴിലാളി കർഷക സഖ്യത്തിൽ പ്രക്ഷോഭ സമരം ഇനിയും ശക്തമായി വന്നാൽ കൂടുതൽ ജനവിഭാഗങ്ങൾ, കോർപറേറ്റ് ആക്രമണത്തിന് വിധേയമാകുന്ന വിഭാഗങ്ങൾ കുറേക്കൂടി രംഗത്ത് വരാൻ പോവുകയാണ്. ഇതെല്ലാം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഭാവി നിർണയിക്കുന്നതായിരിക്കും. എല്ലാം കൊണ്ടും 2021 ശുഭോദർക്കമായ വർഷമാണ്. ഐക്യത്തിന്റെയും പോരാട്ടത്തിന്റെയും വർഷം. ഈവക സാഹചര്യങ്ങൾ എത്രത്തോളം ഉപയോഗപ്പെടുത്താൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് കഴിയും എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഭാവി. ●



## ദേശസ്നേഹം, മതം

# ആർഎസ്എസ് പ്രത്യയശാസ്ത്രം




'ദേശദ്രോഹി' എന്ന വാക്ക് കുറച്ചു വർഷങ്ങളായി വളരെയധികം പ്രചാരത്തിലുണ്ട്. ആർഎസ്എസ്സിനെയും അതിന്റെ പരിവാരങ്ങളെയും വിമർശിക്കുന്നവരെയൊക്കെ 'ദേശദ്രോഹി'കളായി വെറുതെയങ്ങ് ചാപ്പകുത്തും. ഹിന്ദു ദേശീയതയെ ആയുധമാക്കി ശക്തിപ്രാപിക്കുന്ന ആർഎസ്എസ് ദേശസ്നേഹത്തെ മതവുമായി ബന്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഹിന്ദുക്കൾക്കാണ് ഈ രാജ്യത്തോടുള്ള കൂറ് എന്ന് വാഴ്ത്തപ്പെടുമ്പോൾ മുസ്ലിങ്ങൾക്ക് കൂറ് പാകിസ്ഥാനോടാണെന്ന് തന്ത്രപൂർവം സ്ഥാപിക്കാൻ ശ്രമിക്കും. ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് 2020 ജനുവരി രണ്ടിന് ഹിന്ദുസ്ഥാൻ ടൈംസിൽ എഴുതിയ ഒരു ലേഖനത്തിൽ കൗശലത്തോടെ പറയുന്നത് ഹിന്ദുക്കൾ ദേശഭക്തരായത് അവരുടെ



ഡോ. രാം പുനിയാനി

ഹിന്ദുമത വിശ്വാസികൾ ആയതുകൊണ്ടാണ് എന്നാണ്. ഗാന്ധിജിയുടെ വാക്കുകളെ വളച്ചൊടിച്ചുകൊണ്ട് ഭാഗവത് പറയുന്നത് ഗാന്ധിജിയുടെ ദേശസ്നേഹത്തിന്റെ ഉറവിടം ഹിന്ദുമതം ആണെന്നാണ്. "എല്ലാ ഇന്ത്യക്കാരും മാതൃഭൂമിയെ ആരാധിക്കുന്നു. പക്ഷെ ഗാന്ധി പറഞ്ഞത് എന്റെ ദേശസ്നേഹം രൂപംകൊള്ളുന്നത് എന്റെ മതത്തിൽനിന്നാണ്. അതുകൊണ്ട് നിങ്ങളൊരു ഹിന്ദു ആണെങ്കിൽ സ്വാഭാവികമായും നിങ്ങളൊരു ദേശസ്നേഹിയാകും. നിങ്ങളിലെ ഹിന്ദു ഉറങ്ങിക്കിടക്കുകയാണെങ്കിൽ ഉണർത്തേണ്ടിയിരിക്കുന്നു. ഒരു ഹിന്ദു ഒരിക്കലും ഇന്ത്യാവിരുദ്ധനാകുകയില്ല."

ഈ ആശയനിർമിതിയിൽ ഒളിഞ്ഞിരിക്കുന്ന കുത്സിതമായ

സൂചനകൾ അവലോകനം ചെയ്യുംമുമ്പ് ആർഎസ്എസ് സൈദ്ധാന്തികൻ എം എസ് ഗോൾവൾക്കർ നാസികളെ പ്രകീർത്തിച്ചതും നാസികൾ ജൂതരെ എങ്ങനെ കൈകാര്യം ചെയ്തോ ആ വിധമാണ് മുസ്ലിങ്ങളെയും ക്രിസ്ത്യാനികളെയും(ആർഎസ്എസ്സിന് അവ വിദേശമതങ്ങൾ) കൈകാര്യം ചെയ്യേണ്ടതെന്ന് ശുപാർശ ചെയ്ത കാര്യവും നാം മനസ്സിലാക്കണം. ബിജെപി, വിഎച്ച്പി, എബിവിപി, വനവാസി കല്യാൺ ആശ്രം, എന്നീ സംഘടനകളിലൂടെയും സർക്കാരിന്റെയും മാധ്യമങ്ങളുടെയും വിദ്യാഭ്യാസ മേഖലയുടെയും വിവിധ ശാഖകളിൽ നുഴഞ്ഞു കയറിയും കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളായിത്തന്നെ ആർഎസ്എസ് ശക്തിപ്രാപിച്ചു വരികയാണ്. അതേ ഹിന്ദു ദേശീയതാ പ്രത്യയശാസ്ത്രത്തിന്റെ കുത്സിതമായ ഭാഷ ഉപയോഗിച്ചാണ് അവർ ഈ സംഘടനകളിലൂടെ ആശയവിനിമയം നടത്തുന്നത്. 'നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ ഗോൾവൾക്കർ മുന്നോട്ടുവച്ച പദ്ധതിയുടെ അതേ അർഥവും ഉള്ളടക്കവും ആണെങ്കിൽ തന്നെയും അവർ അലങ്കാരങ്ങൾ ചമച്ചുകൊണ്ട് സമൂഹത്തിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയിലാണ് അവർ ഹിന്ദു ദേശീയതയുടെ ആശയങ്ങൾ വിനിമയം ചെയ്യുന്നത്.

ഗാന്ധിയെ സംബന്ധിച്ചിടത്തോളം മതം എന്നത് തികച്ചും വൈയക്തികമായ കാര്യമാണ്. സനാതന ഹിന്ദുവെന്ന് ഒരിക്കലും അദ്ദേഹം സ്വയം വിശേഷിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന് ഹിന്ദുമതം വളരെ സ്വതന്ത്രസാകല്യ സ്വഭാവങ്ങൾ ഉള്ളവയായിരുന്നു. ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമാണ് അദ്ദേഹത്തിന്റെ ഹിന്ദുമതം. ഗാന്ധിജി എല്ലാ മതങ്ങളിൽനിന്നുമാണ് അദ്ദേഹം ആത്മീയദാർഢ്യം കൈവരിച്ചത്. "ഒരു ഹിന്ദുവായിരുന്നിട്ടും ഒരു നല്ല മുസ്ലിമായിട്ടാണ് ഞാനെന്നെ പരിഗണിക്കുന്നത്. അതേ അർഥത്തിൽ തന്നെ ഞാനൊരു നല്ല ക്രിസ്ത്യാനിയോ പാർസിയോ ആണ്. (ഹരിജൻ, മെയ് 25, 1917, പേജ് 197). അദ്ദേഹത്തിന്റെ ഹിന്ദുമതവിശ്വാസത്തിൽ മറ്റു മതങ്ങളിലെ മനുഷ്യരോടുള്ള ആദരവും സാകല്യബോധവും ഉണ്ടായിരുന്നു. മറ്റു മതങ്ങളിൽ വിശ്വസിക്കുന്ന മനുഷ്യരെ നിരന്തരമായി ഭയപ്പെടുത്താനും ഭീഷണിപ്പെടുത്താനും കാരണമാകുന്ന വിഷയങ്ങൾ എടുത്തുപയോഗിക്കുന്ന ആർഎസ്എസ്സിന്റെ, സങ്കുചിതത്വത്തിലും ബഹിഷ്കരണ സ്വഭാവത്തിലും അധിഷ്ഠിതമായ ഹിന്ദുമതാചരണത്തിന് കടകവിരുദ്ധമാണിത്.



**ഗാന്ധിയെ സംബന്ധിച്ചിടത്തോളം മതം എന്നത് തികച്ചും വൈയക്തികമായ കാര്യമാണ്. സനാതന ഹിന്ദുവെന്ന് ഒരിക്കലും അദ്ദേഹം സ്വയം വിശേഷിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന് ഹിന്ദുമതം വളരെ സ്വതന്ത്രസാകല്യ സ്വഭാവങ്ങൾ ഉള്ളവയായിരുന്നു. ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമാണ് അദ്ദേഹത്തിന്റെ ഹിന്ദുമതം. ഗാന്ധിജി എല്ലാ മതങ്ങളിൽനിന്നുമാണ് അദ്ദേഹം ആത്മീയദാർഢ്യം കൈവരിച്ചത്.**

ഗാന്ധിജിയുടെ മതത്തിന് സ്വതന്ത്രസാകല്യ സ്വഭാവമുള്ളതിനാലാണ് വ്യത്യസ്ത മതവിശ്വാസികളായ മനുഷ്യരെ ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിനിരത്താൻ അദ്ദേഹത്തിനായത്.

അദ്ദേഹം മതത്തെ ദേശീയതയെയും ദേശഭക്തിയുമായി ഒരിക്കലും ബന്ധപ്പെടുത്തിയില്ല. ദേശസ്നേഹമെന്ന ആശയം ഒരാൾക്ക് അയാളുടെ രാജ്യത്തോടും ആ രാജ്യത്തെ ജനങ്ങളോടുമുള്ള സ്നേഹമാണ്, അതിന്റ വേരൂന്നിയത് മതത്തിലല്ല. ദേശീയത എന്നത് എതർഥത്തിലും മതത്തിൽനിന്ന് ഉരുവം കൊള്ളുന്നതുമല്ല. മതം എന്ന അദ്ദേഹത്തിന്റെ പ്രയോഗത്തിന് രണ്ടു തലങ്ങളാണുള്ളത്. ആചാരം, സ്വത്വം, വിശ്വാസം എന്നിവുമായി ബന്ധപ്പെട്ട ജനസ്വീകാര്യമായ സങ്കൽപ്പമാണ് ഒന്ന്. മറ്റൊന്ന് മതബോധനത്തിൽ നിലീനമായ സന്മാർഗം. മതത്തിന്റെ കാതൽ ഈ ധർമനീതിയാണെന്ന കാര്യത്തിൽ അദ്ദേഹത്തിന് വ്യക്തതയുണ്ടായിരുന്നു. എന്നാൽ ആർഎസ്എസ്സും മുസ്ലിം ലീഗ് അടക്കമുള്ള മുസ്ലിം വർഗീയവാദികൾക്കും മതത്തിന്റെ കാതൽ എന്നത് കേവലം അനുഷ്ഠാനങ്ങളും വിശുദ്ധ സ്ഥലങ്ങളുമാണ്.

**ഗോഡ്സെയെ പ്രകീർത്തിക്കുമ്പോൾ തന്നെയാണ് ഗാന്ധിയെ ആദരിക്കുക എന്ന നാട്യത്തിൽ ആർഎസ്എസ് ഏർപ്പെടുന്നത്. ആയിരംതലയുള്ള സൈദ്ധാന്തിക ജലസർപ്പങ്ങളെ ഇറക്കിവിടാനുള്ള ആർഎസ്എസ്സിന്റെ ശേഷിയാണ് ഇത് കാണിക്കുന്നത്. ഗാന്ധിയെ വധിക്കാൻ പ്രേരണയായ ഒരു പ്രത്യയശാസ്ത്രത്തെ പിന്തുടരുന്നവർക്കു മാത്രമേ ഒരേ സമയം അദ്ദേഹത്തെ വധിക്കാനും ആദരമർപ്പിക്കാനും സാധിക്കൂ**

ഹിന്ദു ദേശീയതാ കാഴ്ച്ചപ്പാടിന്റെ ഭാഗമായ, ആർഎസ്എസ് ചിന്തയോട് ചേർന്നു നിൽക്കുന്ന സൈദ്ധാന്തികർ രാപ്പകൽ കഷ്ടപ്പെടുന്നത് ഗാന്ധിജിയുടെയും മറ്റ് ദേശീയ നായകരുടെയും വാചക ശകലങ്ങൾ തോണ്ടിയെടുത്ത് 'ഇന്ത്യയെന്ന രാജ്യത്തെ സൃഷ്ടിച്ച അവരുടെ മൂല്യങ്ങൾക്ക് ആർഎസ്എസ് ആശയങ്ങളുമായി സാമ്യമുണ്ടെന്ന് വരുത്തിത്തീർക്കാനാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ പ്രതീകങ്ങളായ ഈ നായകരുടെ ആശയങ്ങൾക്ക് തങ്ങളുടെ ആശയങ്ങളുമായി പൊരുത്തമുണ്ടാക്കാനുള്ള പ്രക്രിയിലാണവർ മുഴുകുന്നത്.

ഹിന്ദുക്കൾ സ്വാഭാവികമായും ദേശസ്നേഹികൾ ആണെന്നും അവർക്ക് ദേശവിരുദ്ധരാകാൻ കഴിയില്ലെന്നതുമാണ് ഇപ്പോഴത്തെ സൂത്രവാക്യം. മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവർ സംശയിക്കപ്പെടേണ്ടവരത്രെ. ദേശസ്നേഹവും ദേശീയവാദവും കുത്തകയാക്കി വച്ചവരും ഹിന്ദുക്കളെ പ്രതിനിധാനം ചെയ്യുന്നവർ എന്നവകാശപ്പെടുന്നവരും സാക്ഷ്യപ്പെടുത്തലിന് വിധേയവുമായിരിക്കും.

ആധുനിക ഇന്ത്യയുടെ നിർമിതിയിൽ മഹത്തായ സംഭാവനകൾ നൽകിയ മുസ്ലിങ്ങളെയും ക്രിസ്ത്യാനികളെയും പൂർണമായും തമസ്ക്കരിക്കാനുള്ള നീക്കമാണിത്. ബ്രിട്ടീഷ് ഭരണത്തിന് എതിരായ മാത്രമല്ല, ഇന്ത്യാ വിഭജനത്തിനെതിരെയും നിലകൊണ്ട ഖാൻ അബ്ദുൾ ഗഫാർ ഖാനെയും മൗലാന അബുൾ കലാം ആസാദിനെയും നിങ്ങൾ ഏതു സ്ഥാനത്താണ് നിർത്തുന്നത്? ശിബ്ലി നൊമാനിയെയും ഹസ്രത് മൊഹാനിയെയും അഷ്ഫാഖുള്ള ഖാനെയും നിങ്ങളെ എവിടെയാണ് പ്രതിഷ്ഠിക്കുന്നത്. മുഹമ്മദലി ജില്ലാ പ്രത്യേക പാകിസ്ഥാൻ ആവശ്യപ്പെട്ട് പ്രമേയം അവതരിപ്പിച്ചപ്പോൾ അതിനെ എതിർക്കാൻ മുസ്ലിങ്ങളുടെ പ്രത്യേക സമ്മേളനം സംഘടിപ്പിക്കാൻ മുന്നിൽ നിന്നു പ്രവർത്തിച്ച അല്ലാബക്ഷിന്റെ സംഭാവനകൾക്ക് നിങ്ങൾ എങ്ങനെയാണ് മൂല്യം കൽപ്പിക്കുന്നത്. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഒപ്പം നിന്ന് പൊരുതിയ അസംഖ്യം മുസ്ലിം സംഘടനകളുണ്ടെന്നത് മറക്കരുത്.

സ്വാതന്ത്ര്യാനന്തരം ഒരു ആധുനിക ഇന്ത്യക്ക് രൂപം നൽകാൻ വ്യവസായം, വിദ്യാഭ്യാസം, കായികം, സംസ്കാരം തുടങ്ങിയ മേഖലകളിൽ എല്ലാ മതങ്ങളിൽപ്പെട്ടവരും ഒരേ തീവ്രതയോടെയാണ് പ്രവർത്തിച്ചത്. അവരൊന്നും ദേശസ്നേഹികളും ദേശീയവാദികളും അല്ലേ?

മോഹൻ ഭാഗവതിന്റെ സമവാക്യം വാസ്തവത്തിൽ ശാഖയിലെ കൈമുതലാക്കി ഗാന്ധിജിയെ കൊലപ്പെടുത്തിയ നാഥുറാം ഗോഡ്സെയെ ന്യായീകരിക്കാനുള്ള തന്ത്രമാണ്. സുപ്രിംകോടതി തന്നെ ഒരു കുറ്റകൃത്യമായി വിശേഷിപ്പിച്ച ബാബ്രി മസ്ജിദ് ധ്വംസനത്തിൽ പങ്കാളികളായവരെ നിങ്ങൾ എങ്ങനെയാണ് അടയാളപ്പെടുത്തുന്നത്? ഭാഗവതിന്റെ സിദ്ധാന്തം അനുസരിച്ച് ഗാന്ധിയുടെയും കൽബുർഗിയുടെയും ധാബോൾക്കറിന്റെയും ഗൗരി ലങ്കേഷിന്റെയും ഗോവിന്ദ് പൻസാരെയുടെയും കൊലപാതകങ്ങൾ ദേശസ്നേഹ പ്രചോദിതമായ പ്രവർത്തനങ്ങളാണോ? ചാരപ്രവർത്തനങ്ങളിലും കള്ളക്കടത്തിലും കരിഞ്ചന്തയിലും മറ്റും ഉൾപ്പെട്ട ഹിന്ദുക്കളെ നിങ്ങൾ ഏതു ഗണത്തിലാണ് പെടുത്തുന്നത്?

ആർഎസ്എസ്സുമായി ബന്ധപ്പെട്ട സംഘടനകളും ഭാഗവതിന്റെ അനുയായികളായ സൈദ്ധാന്തികരും പരസ്യമായി ഗോഡ്സെയെ പ്രകീർത്തിക്കുമ്പോൾതന്നെയാണ് ഗാന്ധിയെ ആദരിക്കുക എന്ന നാട്യത്തിൽ ആർഎസ്എസ് ഏർപ്പെടുന്നത് എന്നതാണ് രസകരം. ഗാന്ധിയെ വാഴ്ത്തുന്ന ട്വീറ്റുകൾ ഹിന്ദുക്കളായ ചിലരിൽനിന്നാണ് ഈയിടെയായി പ്രവഹിക്കുന്നത്. ആയിരംതലയുള്ള സൈദ്ധാന്തിക ജലസർപ്പങ്ങളെ ഇറക്കിവിടാനുള്ള ആർഎസ്എസ്സിന്റെ ശേഷിയാണ് ഇത് കാണിക്കുന്നത്. ഗാന്ധിയെ വധിക്കാൻ പ്രേരണയായ ഒരു പ്രത്യയശാസ്ത്രത്തെ പിന്തുടരുന്നവർക്കു മാത്രമേ ഒരേ സമയം അദ്ദേഹത്തെ വധിക്കാനും ആദരമർപ്പിക്കാനും സാധിക്കൂ ●

# സിഐടിയു സെൻട്രൽ സെക്രട്ടേറിയറ്റ് തീരുമാനങ്ങൾ

2020 നവംബർ 26ന്റെ രാജ്യവ്യാപക പണിമുടക്ക് വിജയമാക്കാൻ കഠിനാധ്വാനം ചെയ്ത തൊഴിലാളിവർഗത്തെയും സിഐടിയുവിന്റെ എല്ലാ സംസ്ഥാന, ജില്ലാ തലങ്ങളിലുള്ള കമ്മിറ്റികളെയും താഴെ തട്ടിലുള്ള ഏകോപന സമിതികളെയും അഭിനന്ദിക്കുന്നു. മറ്റു പണിമുടക്കുകളിൽനിന്ന് ഭിന്നമായി ഈ പണിമുടക്ക് കോവിഡ് മഹാമാരി സൃഷ്ടിച്ച നിയന്ത്രണങ്ങളുടെയും പരിമിതികളുടെയും സംസ്ഥാനാന്തര യാത്രാവിലക്കുകളുടെയും പശ്ചാത്തലത്തിലാണ് നടന്നത്. പ്രവർത്തനങ്ങളുടെ തയ്യാറെടുപ്പു മുതലുള്ള എല്ലാ ഘട്ടത്തിലും എല്ലാ അർഥത്തിലും ഇതൊരു പുതിയ അനുഭവമായിരുന്നു. നമ്മുടെ നിരവധി നേതാക്കൾക്ക് കോവിഡ് ബാധിതരായി വീടുകളിൽ തന്നെ കഴിയേണ്ടിവന്നു.

കേരളത്തിൽ മുനിസിപ്പാലിറ്റികളിലേക്കും കോർപറേഷനുകളിലേക്കും ത്രിതല പഞ്ചായത്തുകളിലേക്കും നടന്ന തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് നയിക്കുന്ന യുഡിഎഫിനെയും, ബിജെപിയെയും പരാജയപ്പെടുത്തി എൽഡിഎഫിന്റെ ഗംഭീര വിജയം ഉറപ്പാക്കിയ തൊഴിലാളിവർഗത്തെയും ജനങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുന്നു. എൽഡിഎഫ് സർക്കാരിനെ അസ്ഥിരപ്പെടുത്താനും അപകീർത്തിപ്പെടുത്താനും കോൺഗ്രസും ബിജെപിയും കൂട്ടായി നടത്തിയ ശ്രമങ്ങളെ അതിജീവിച്ചാണ് ഈ വിജയമെന്നത് ശ്രദ്ധേയമാണ്.

ബിഹാർ നിയമസഭയിൽ ഇടതുപക്ഷത്തിന്റെ സാന്നിധ്യം വർധിപ്പിക്കാൻ വോട്ടുചെയ്ത ജനങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുന്നു. ബിഹാറിൽ മത്സരിച്ച 29 സീറ്റിൽ പതിനാറും നേടി വൻവിജയമാണ് ഇടതുപക്ഷപാർട്ടികൾ നേടിയത്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചാണ് കശ്മീരിലെ ജില്ലാ വികസന കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മത്സരിച്ച അഞ്ചു സീറ്റുകളിലും വിജയം നേടിയത് എന്നതും ശ്രദ്ധേയമായ കാര്യമാണ്. കർഷക സമരം തുടങ്ങി പിറ്റേന്നു തന്നെ വിവിധ സിഐടിയു കമ്മിറ്റികൾ ആരംഭിച്ച തുടർച്ചയായ ഐക്യദാർഢ്യ പരിപാടികളും അഭിനന്ദനാർഹമാണ്. ശാരീരികമായ പിന്തുണയ്ക്കും ഐക്യദാർഢ്യത്തിനും അപ്പുറം സിഐടിയു കമ്മിറ്റികളും നമ്മുടെ സഹോദര ട്രേഡ് യൂണിയൻ കമ്മിറ്റികളും അഖിലേന്ത്യ കിസാൻ സഭയുടെ ആഹ്വാനപ്രകാരം തൊഴിലാളികളിൽനിന്ന് ഫണ്ട് ശേഖരിച്ചു. ഫണ്ട് ശേഖരണത്തോട് തൊഴിലാളികളുടെ പ്രതികരണം ആവേശകരമായിരുന്നു.

## പ്രവർത്തന പരിപാടികൾ

മൂന്ന് രീതിയിലാണ് കർഷക സമരത്തെ പിന്തുണക്കാൻ തീരുമാനിച്ചിരിക്കുന്നത്.

1) നമ്മുടെ തികച്ചും സ്വതന്ത്രമായ പ്രവർത്തനം
2) എഐകെഎസും എഐഎഡബ്ല്യുയുവുമായി ചേർന്നുള്ള പ്രവർത്തനം
3) തൊഴിലാളി യൂണിയനുകളുമായി ചേർന്നുള്ള പ്രവർത്തനം

ഇത് മൂന്നും നമ്മൾ ഊർജസ്വലമായി പിന്തുടരുന്നുണ്ട്. റെയിൽവേ, ഇലക്ട്രിസിറ്റി, ആരോഗ്യ മേഖലകളിലെ സ്വകാര്യ വൽക്കരണത്തിനെതിരെ സമരം നടത്തി. ബിജെപി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ എല്ലാ ഫെഡറേഷനുകളുടെയും സംസ്ഥാന കമ്മിറ്റികൾ സമരങ്ങൾ ഏറ്റെടുത്തു.

## ഏറ്റെടുക്കേണ്ട കർത്തവ്യങ്ങൾ

- പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ തൊഴിലില്ലായ്മയെക്കുറിച്ച് എസ്എഫ്ഐയു മായും ഡിവൈഎഫ്ഐയുമായും ചേർന്നുള്ള പ്രചരണ പരിപാടികൾ
- തൊഴിൽ അവകാശങ്ങൾക്കും മാന്യമായ തൊഴിൽ ലഭിക്കുന്നതിനും വിഘാതമാകുന്ന ലേബർ കോഡുകൾക്കെതിരെ സ്ഥിരമായ പ്രചരണ പരിപാടികൾ. അതൊടൊപ്പം പ്രാദേശിക തലത്തിലും ജോലി സ്ഥലങ്ങളിലും സമര പരിപാടികൾ സംഘടിപ്പിക്കൽ.
- സിഐടിയു അഫിലിയേറ്റഡ് യൂണിയനുകളുടെ വില്ലേജ് ബ്ലോക്ക് മേഖലാ തല കമ്മിറ്റി രൂപീകരണം (രൂപീകരിക്കാത്ത പ്രദേശങ്ങളിൽ)
- കർഷകർക്ക് ഐക്യദാർഡ്യമറിയിച്ച് സമരവും പ്രചരണ പരിപാടികളും.
- തൊഴിലാളി സംഘടനകളുടെ സംയുക്തവേദിയുടെ തീരുമാനമനുസരിച്ചുള്ള പരിപാടികൾ
- ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിലെ ഭാരവാഹികൾക്ക് ക്ലാസ്.
- അഖിലേന്ത്യാ ഭാരവാഹികൾക്ക് തിരഞ്ഞെടുത്ത വിഷയങ്ങളിൽ ക്ലാസും ചർച്ചയും.
- നമ്മളെ മുന്നോട്ട് നയിക്കാനുള്ള കൃത്യമായ ലക്ഷ്യത്തോടെ ആയിരിക്കണം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത്.

സാമൂഹിക, സാമ്പത്തിക, ഭരണ നിർവഹണ രംഗത്തെ നയങ്ങൾ എല്ലാം കോർപറേറ്റ് ഭീമൻമാർക്ക് അനുയോജ്യമായതാണ്. ഒരു വശത്ത് കപട ദേശീയ വാദം പറയുമ്പോൾ മറു വശത്ത് അമേരിക്കയെ താണുവണങ്ങുകയാണ് നമ്മൾ. ലേബർ കോഡിലെയും കാർഷിക നിയമങ്ങളിലെയും വ്യവസ്ഥകളും പൊതുമേഖലയുടെ സ്വകാര്യ വൽക്കരണവും ജനാധിപത്യ അവകാശങ്ങൾക്കും ഭരണഘടനാ അവകാശങ്ങൾക്കുമെതിരെയുള്ള കടന്നുകയറ്റവും ജാതി ധ്രുവീകരണവും ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും നേരെയുള്ള ആക്രമണവുമെല്ലാം ബിജെപിയുടെ അജണ്ടകൾ നടപ്പാക്കാനാണെന്ന് നമ്മൾ തിരിച്ചറിയണം. സ്വിസ് ബാങ്ക് യുബിഎസിന്റെ കണക്കനുസരിച്ച് ലോക്ഡൗൺ സമയത്ത് ഇന്ത്യയിലെ സമ്പന്നരുടെ സാമ്പത്തിക വളർച്ച 35 ശതമാനമാണ്. നിരവധിപേർക്ക് രാജ്യത്ത്തൊഴിലും വരുമാനവും നഷ്ടമായ സാഹചര്യത്തിൽ ആണ് ഇതെന്ന് ഓർക്കണം. ഇതിൽ നിന്ന് ബിജെപി സർക്കാർ ആർക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് മനസിലാക്കാം. നിതി ആയോഗിന്റെ സിഇഒ ആയ അമിതാഭ് കാന്ത് കർഷകരുടെ സമരത്തെ സൂചിപ്പിച്ച് പറഞ്ഞത്, നമുക്കിവിടെ ജനാധിപത്യം കൂടുതലാണെന്നാണ്. ഇതും ബിജെപിയുടെ നയങ്ങൾ വെളിപ്പെടുത്തുന്നതുതന്നെയാണ്.

ഈ അവസരത്തിൽ നിലവിലുള്ള പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ സിഐടിയു പ്രവർത്തകർക്ക് നിർണായക പങ്ക് വഹിക്കാനാകും. നമ്മുടെ ഭരണഘടനാ ലക്ഷ്യങ്ങൾ നേടുന്നതിൽ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകും. സംഘടനയുടെ നവീകരണത്തിനും വഴിവയ്ക്കും. നിലവിൽ തൊഴിലാളികൾ വളരെ പെട്ടെന്നാണ് സമരങ്ങളുമായി മുന്നോട്ട് വരുന്നത്. ലെനിൻ പറഞ്ഞത് പോലെ, ഈ സമരങ്ങൾക്ക് ശരിയായ ദിശാബോധം നൽകേണ്ടത് നമ്മളാണ്. അതുവഴി ഭരണവർഗമുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾക്കെതിരെ പ്രതികരിക്കാൻ തൊഴിലാളികൾക്ക് സാധിക്കണം. പങ്കാളിത്തം കൊണ്ട് മാത്രമല്ല, വ്യക്തമായ രാഷ്ട്രീയ ബോധം കൂടി സൃഷ്ടിച്ചുകൊണ്ട് ഈ സമരങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. ഇതാണ് ഇന്ന് നമുക്ക് മുന്നിലുള്ള ഏറ്റവും വലിയ കർത്തവ്യം. 16ാം സമ്മേളനത്തിൽ കഴിഞ്ഞ വർഷങ്ങളിലെ മാറ്റങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തിരുന്നു. ഇത് മറ്റെല്ലാ യോഗങ്ങളിലും ആവർത്തിക്കുന്നുമുണ്ട്. ഇക്കാര്യങ്ങൾ പ്രവർത്തകരിലേക്കും അവർ വഴി മറ്റുള്ളവരിലേക്കും എത്തിക്കേണ്ടതുണ്ട്. കേന്ദ്രസർക്കാരിനെതിരെയുള്ള കോപം തൊഴിലാളകൾക്കിടയിൽ വർധിച്ചുവരികയാണ്. ഇവിടെ ശക്തമായ പ്രവർത്തനം നടത്തിയാൽ മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ കഴിയൂ. കോവിഡ് ലോക്ഡൗൺ സമയത്ത് അതിഥി തൊഴിലാളികൾക്ക് വേണ്ടിയും നവംബർ 26ന് നടത്തിയ പണിമുടക്കിന്റെ സമയത്തും കർഷക സമരത്തിനൊപ്പവും ഭാരത് ബന്ദിന്റെ സമയത്തും നമ്മൾ നടത്തിയ പ്രവർത്തനങ്ങൾ മുന്നോട്ട് പോകാനാകുമെന്ന് തെളിയിക്കുന്നതാണ്. അതേ ആത്മവിശ്വാസത്തോടെയും നിശ്ചയദാർഢ്യത്തോടെയും നമുക്ക് മുന്നോട്ട് പോകാനാവണം. ●

# തൊഴിലില്ലായ്മക്കെതിരെ

# സിഐടിയു ഡിവൈഎഫ്ഐ എസ്എഫ്ഐ

# സംയുക്തവേദി

സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ സംഘടനകൾ തൊഴിലില്ലായ്മ, തൊഴിൽ നഷ്ടം, തൊഴിലിന്റെ ഗുണനിലവാരം സംബന്ധിച്ച് സംയുക്തമായി പ്രചരണ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. രാജ്യത്തെ തൊഴിലില്ലായ്മ രൂക്ഷമായിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ അത് അതിരൂക്ഷമായി. കേന്ദ്ര സർക്കാരിന്റെ നയങ്ങളാണ് ഈ സ്ഥിതിക്ക് കാരണം. രാജ്യത്തെ കർഷകരും തൊഴിലാളികളും യുവാക്കളും വിദ്യാർത്ഥികളും ഈ നയങ്ങൾക്കെതിരെ വിവിധ രൂപത്തിൽ സമരങ്ങൾ നടത്തി വരികയാണ്. ഇപ്പോൾ തൊഴിലില്ലായ്മ കേന്ദ്ര വിഷയമായി എടുത്തുകൊണ്ട് സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ സംഘടനകൾ സംയുക്തമായി പ്രചരണ പ്രക്ഷോഭം സംഘടിപ്പിക്കാൻ സിഡംബർ 23 ന് ചേർന്ന സംയുക്ത യോഗം തീരുമാനിച്ചു.

സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നിവയുടെ സംയുക്തവേദി തൊഴിലില്ലായ്മ എന്ന വിഷയത്തിൽ ഉന്നയിക്കുന്ന ആവശ്യങ്ങൾ:

1. മാന്യമായ സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിന് ആവശ്യമായ നയങ്ങൾക്ക് രൂപം നൽകുക.
2. കരാർ, കാഷ്വൽ തൊഴിലാളികളെയും ക്ഷേമം, വിദ്യാഭ്യാസം തുടങ്ങിയവുമായി ബന്ധപ്പെട്ട സർക്കാരിന്റെ സ്കീമുകളിൽ സന്നദ്ധ പ്രവർത്തനം എന്ന പേരിൽ തൊഴിലെടുക്കുന്നവരെയും സ്ഥിരപ്പെടുത്തണം.
3. വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തുക. പട്ടികജാതി, പട്ടിക വിഭാഗത്തിലുള്ളവരുടെ ബാക്കിയുള്ള നിയമനം പൂർത്തിയാക്കുക.
4. തൊഴിലിൽ സംവരണത്തിനുള്ള നിയമപരമായ എല്ലാ വ്യവസ്ഥകളും കർശനമായി നടപ്പാക്കുക. സ്വകാര്യമേഖലയിലും സംവരണം ഉറപ്പാക്കുക.
5. ആഴ്ചയിൽ 35 തൊഴിൽ മണിക്കൂറുകളും ദിവസത്തിൽ നാലു ഷിഫ്റ്റുകളും നടപ്പാക്കാൻ ഉചിതമായ നിയമങ്ങൾ നടപ്പാക്കുക.
6. ബാലവേല വ്യാപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുക. പ്രത്യേക ബാലവേല സ്കൂളുകൾ ശക്തിപ്പെടുത്തി വിദ്യാർഥികളെ റെഗുലർ സ്കൂളിലെ പ്രവേശനം ഉറപ്പാക്കുക. ബന്ധപ്പെട്ട കുടുംബങ്ങളെ സർക്കാർ സഹായത്തോടെ പുനരധിവസിപ്പിക്കുക.
7. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ പൊതു ചെലവും പൊതു നിക്ഷേപവും വർധിപ്പിച്ച് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും അതുവഴി മാന്യമായ സ്ഥിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

8. സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ ജീവനക്കാർക്കും വിരമിക്കൽ പ്രായമെത്തും മുമ്പുള്ള നിബന്ധിത റിട്ടയർമെന്റ് പിൻവലിക്കുക.
9. സർക്കാർ ഖജനാവിൽനിന്ന് നൽകുന്ന ഇൻസന്റീവ്, കൺസഷൻ, റിബേറ്റ്, എക്സംപ്ഷൻ എന്നീ പേരുകളിൽ നടത്തുന്ന സ്വകാര്യ കോർപറേറ്റ് നിക്ഷേപങ്ങൾ മൂർത്തമായ പരിശോധനകൾക്ക് വിധേയമാക്കുകയും അവ മാന്യമായ തൊഴിൽ സൃഷ്ടിക്ക് ഉപയുക്തമാക്കുകയും വേണം.
10. അസ്ഥിരവും സുരക്ഷിതമല്ലാത്തും തൊഴിൽ ബന്ധങ്ങളെ ദുർബലമാക്കുന്നതുമായ നടപടികളും നയങ്ങളും പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുക
11. തൊഴിലുറപ്പു പദ്ധതിയിൽ ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ എന്ന വ്യവസ്ഥ മാറ്റി തൊഴിലന്വേഷിക്കുന്ന ഓരോ വ്യക്തിക്കും തൊഴിൽ നൽകുംവിധം നിയമം വിപുലമാക്കണം. പ്രതിദിന കൂലി 600 രൂപ നിരക്കിൽ പ്രതിവർഷം 200 ദിവസം തൊഴിൽനൽകണം. ഉചിതമായ നിയമവ്യവസ്ഥകളോടെ നഗര തൊഴിലുറപ്പു പദ്ധതിക്ക് രൂപം നൽകണം.
12. തൊഴിലില്ലായ്മ വേതനം പ്രതിമാസം 5000 രൂപയാക്കി നിശ്ചയിച്ച് അത് നിയമപരമായ മാർഗങ്ങളിലൂടെ വിതരണം ചെയ്യണം.
13. വിദ്യാഭ്യാസം സൗജന്യവും സാർവത്രികവും ആക്കാൻ ഉചിതമായ നിയമനടപടികൾ കൈക്കൊള്ളണം. സ്കൂൾ പ്രവേശനം തൊട്ട് യൂണിവേഴ്സിറ്റി തലം വരെയുള്ള വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യവികസനം പൊതു നിക്ഷേപത്തിലൂടെ നടപ്പാക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നൈപുണ്യവികസനവും ഇതിൽ ഉൾക്കൊള്ളിക്കണം.
14. ഭരണഘടനയിൽ ഉചിതമായ ഭേദഗതികൾ വരുത്തി തൊഴിലവകാശം മൗലികാവകാശമാക്കണം.

## പരിപാടികൾ

1. സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നിവയുടെ സംസ്ഥാന നേതൃത്വം യോഗം ചേർന്ന് പ്രചാരണ പരിപാടികളുടെ പൊതുധാരണ ഉണ്ടാക്കും.
2. ജില്ലാ തല കൺവെൻഷനുകൾക്കുശേഷം 2020 ഫെബ്രുവരി 2ന് ഡൽഹിയിൽ സംയുക്ത ദേശീയ കൺവെൻഷൻ ചേരും.
3. അവകാശ പത്രികയുടെ പ്രചാരണാർഥം താഴെ തട്ടിൽ സംയുക്ത സ്വതന്ത്ര പ്രചാരണങ്ങൾ നടത്തും.
4. രാജ്യത്തെ മുഴുവൻ യുവാക്കളിലും വിദ്യാർഥികളിലും തൊഴിലാളികളിലും മൊത്തത്തിൽ തൊഴിൽരഹിതരായ എല്ലാ ജനങ്ങളിലും എത്തുംവിധം വിപുലമായ പ്രചാരണം നടത്തും.
    a. തൊഴിലില്ലായ്മ ഉണ്ടാക്കുന്ന പ്രത്യാഘാതം താഴെ തട്ടിൽ വരെ എത്തുന്നതിനെകുറിച്ച് മനസ്സിലാക്കാൻ സർവെ നടത്തും.
    b. പ്രചാരണോപാധികളുടെ വ്യാപകമായ വിതരണം.
    c. പ്രകടനങ്ങളും യോഗങ്ങളും ധർണകളും സംയുക്തമായി ബന്ധപ്പെട്ട തലങ്ങളിൽ നടത്തണം.
5. എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന തല പ്രചാരണ പരിപാടികൾ നടത്തും.
6. അഖിലേന്ത്യാതലത്തിൽ ജനങ്ങളെ അണിനിരത്തി ഒരു പരിപാടി സംഘടിപ്പിക്കും.

തൊഴിലില്ലായ്മ എന്ന വിഷയം മുൻനിർത്തി സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നിവ നടത്തുന്ന രാജ്യവ്യാപകമായ സമരങ്ങളുടെ മുന്നൊരുക്കങ്ങളുടെ ആദ്യഘട്ടമാണിത്.



# പെട്രോളിയം വിലവർദ്ധനയും തൊഴിലാളി വിരുദ്ധതയും



കെ.എസ് സുനിൽകുമാർ

ജനാധിപത്യം സൂക്ഷ്മത്തിൽ അടയാളപ്പെടുത്തപ്പെടേണ്ടത് താങ്ങാനാവുന്ന വിലയിൽ അർഹമായ സേവനങ്ങളും ഉത്പന്നങ്ങളും ജനങ്ങളുടെ നിത്യോപയോഗ വിനിമയങ്ങളിലേക്ക് എത്തിക്കാൻ സർക്കാരിനു കഴിയുമ്പോഴാണ്. ഇതാണ് യഥാർത്ഥ വികസനമെന്നും അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഏറ്റവും കുറഞ്ഞ ചിലവിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നതാണ് വികസനത്തിന്റെ യഥാർത്ഥ ആവിഷ്കാരമെന്നും ഭരണകൂടം തിരിച്ചറിയേണ്ടതുണ്ട്. വിലക്കയറ്റം ഇല്ലാതാക്കുന്നതിലൂടെ ജനാധിപത്യത്തിന്റെയും വികസനത്തിന്റെയും ഉദാത്തമായ മാതൃകയാണ് സൃഷ്ടിക്കപ്പെടുന്നത്. ഇവിടെയാണ് കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് നയങ്ങളും കേരള സർക്കാരിന്റെ ബദൽ നയങ്ങളും സമഗ്രമായി ചർച്ച ചെയ്യപ്പെടേണ്ടത്.

ലോകമൊട്ടാകെ കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിലാളികൾ അതിദാരുണമായ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോകുന്നത്. പെട്രോളിയം ഉത്പന്നങ്ങളുടെ ഇടയ്ക്കിടെ ഉള്ള വിലക്കയറ്റം തൊഴിലാളികളുടെ ജീവിതത്തെ കൂടുതൽ ദുസ്സഹമാക്കുകയാണ്. ഇന്ത്യയിലെ മോട്ടോർ വാഹന തൊഴിലാളികൾ ഉൾപ്പടെയുള്ളവർ പട്ടിണിയിലായിട്ടും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ അവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതികളും കണ്ടെത്താൻ തയ്യാറായിട്ടില്ല.

ആഗോളവിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോഴും ഇന്ത്യയിലെ പെട്രോളിയം ഉത്പന്നങ്ങളുടെ വില കുറയാറില്ല. എന്നാൽ ക്രൂഡ് ഓയിലിന്റെ വില കൂടുകയാണെങ്കിൽ ഉത്പന്നങ്ങളുടെ വില കൂട്ടാനുള്ള വേഗത്തിന് ഒട്ടും കുറവുണ്ടാകാറില്ല. സ്റ്റാറ്റിറ്റിക്സ് ടൈംസിന്റെ കണക്കനുസരിച്ച് പെട്രോളിന് ഏറ്റവും വില കൂടുതലുള്ള 166 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 110ആം സ്ഥാനത്താണ്. വെനസ്വലേയിൽ 1.47 രൂപയ്ക്കും ഇറാനിൽ 4.24 രൂപയ്ക്കും അഫ്ഗാനിസ്ഥാനിൽ 35.43 രൂപയ്ക്കും പാകിസ്ഥാനിൽ 46.29 രൂപയ്ക്കും ലഭിക്കുന്ന പെട്രോളാണ് ഇന്ത്യയിൽ 86.44 രൂപയ്ക്ക് ലഭിക്കുന്നത്. നിലവിലെ കണക്കനുസരിച്ച് മുംബൈയിൽ 90.60 രൂപയും ജയ്പ്പൂരിൽ 91.57 രൂപയും ഹൈദ്രാബാദിൽ 87.34 രൂപയും കേരളത്തിൽ 85.47 രൂപയുമാണ് പെട്രോൾ വില.

ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്ന സാധാരണക്കാരന്റെ ദൈനംദിന പ്രക്രിയകളെ മുഴുവൻ പെട്രോളിയം ഉത്പന്നങ്ങളുടെ വിലക്കയറ്റം സാരമായി ബാധിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില പെട്രോളിയം ഉത്പന്നങ്ങളുടെ വിലയ്ക്ക് അനുസൃതമായി വർദ്ധിക്കുന്നുണ്ട്. ചരക്കുഗതാഗതം മുതൽ പാസഞ്ചർ മേഖല വരെയുള്ള മുഴുവൻ തൊഴിലിടങ്ങളിലും ഇതിലൂടെ സ്തംഭനാവസ്ഥ സൃഷ്ടിക്കപ്പെടുന്നു. നിലവിൽ നികുതി പിരിയ്ക്കാനായി ഇന്ത്യയിൽ അവലംബിക്കുന്ന മാർഗം ജി.എസ്.ടിയാണ്. ജി.എസ്.ടി വഴിയാണെങ്കിൽ ഒരു നിശ്ചിത തുക സംസ്ഥാന സർക്കാരിന് നൽകേണ്ടതായി വരും. അതുകൊണ്ട് പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.ടിയിൽ നിന്നൊഴിവാക്കി സ്പെഷ്യൻ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി എന്നീ രണ്ട് മാർഗങ്ങളുപയോഗിച്ചാണ് ഇപ്പോൾ നികുതി നിശ്ചയിക്കുന്നത്. അതിനാൽ ഒരു ഭാഗം സംസ്ഥാന സർക്കാരിന് നൽകണമെന്ന ഉത്തരവാദിത്തത്തെ അട്ടിമറിക്കാനും ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യത്തെ ഇല്ലാതാക്കാനുമാണ് കേന്ദ്രം ശ്രമിക്കുന്നത്. പെട്രോൾ ലിറ്ററിന് 82.84 രൂപ വിലയുണ്ടായിരുന്നപ്പോഴുള്ള നികുതി ഘടന നമുക്ക് പരിശോധിക്കാം. 26.76 രൂപയാണ് അടിസ്ഥാന നിരക്ക് . ഇതിൽ 2.98 അടിസ്ഥാന എക്സൈസ് നികുതി യായും 12 രൂപ സ്പെഷ്യൽ അഡിഷണൽ എക്സൈസ് നികുതിയായും 18 രൂപ റോഡ് ഇൻഫ്രാസ്ട്രക്ചർ സെസ്സ് എന്ന നിലയിലും വകയിരുത്തും. സംസ്ഥാനത്തിന് ആകെ ലഭി

ക്കേണ്ട നികുതി 19.82 രൂപയാണ്. ഡീലർ കമ്മീഷൻ 3.32 രൂപയുമുണ്ട്.

ലോക്ക് ഡൗണിനെ തുടർന്നുണ്ടായ നികുതി നഷ്ടം മറികടക്കാനെന്ന പേരിൽ

എണ്ണ കമ്പനികൾ ഉൾപ്പടെയുള്ള കോർപ്പറേറ്റുകളുടെ പണംകൊണ്ട് അധികാരത്തിൽ വരികയും ചിലവാക്കിയ പണത്തിന്റെ പത്തിരട്ടി അവർക്ക് ജനങ്ങളെ ദുരിതങ്ങളിലേക്ക് തള്ളിവിട്ട് തിരികെ നൽകുകയുമാണ് കേന്ദ്ര സർക്കാർ. പെട്രോളിയം ഉത്പന്നങ്ങളുടെ വിലയിൽ കോവിഡ് കാലത്തും കുറവ് വരുത്താൻ കേന്ദ്രം തയാറാകാത്തത് മോട്ടോർ തൊഴിലാളികളെ പട്ടിണിയിലേക്ക് എത്തിക്കുകയായിരുന്നു. കോവിഡ് ഭയന്ന് ജനങ്ങൾ സ്വകാര്യ വാഹനങ്ങളെ കൂടുതലായി ആശ്രയിക്കാൻ തുടങ്ങിയതോടെ പാസഞ്ചർ വാഹനങ്ങളിലെ തൊഴിലാളികൾ പ്രതിസന്ധിയിലായി. ദിവസവും ഇന്ധനം നിറയ്ക്കുന്ന പൈസ പോലും വരുമാനം ലഭിക്കാത്ത അവസ്ഥയിൽ എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥയിലൂടെയാണ് ലോക്ക് ഡൗൺ കാലത്തിനുശേഷം തൊഴിലാളികൾ കടന്നുപോയത്.

ഇൻഷുറൻസ് മേഖയിലെ സ്വകാര്യവൽക്കരണത്തിലൂടെ മോട്ടോർ ഇൻഷുറൻസ് രംഗമാകെ സ്വകാര്യ കമ്പനികൾക്ക് തീറെഴുതിക്കൊടുക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യത്. ആകർഷകമായ പദ്ധതികളുമായി തൊഴിലാളികളെ വലയിലാക്കുന്ന ഇത്തരം കമ്പനികൾ പിന്നീട് അവരെ വേട്ടയാടുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കോർപ്പറേറ്റുകൾ സർക്കാരുമായി ചേർന്ന് ഒത്തുകളിക്കുമ്പോൾ അതിനിടയിൽ ഞെരിഞ്ഞമരുന്നത് ഒരുപാട് സാധാരണ മനുഷ്യരുടെ ജീവിതങ്ങളാണ്.

കോവിഡ് കാലം രാഷ്ട്രീയ നിലപാടുകളുടെ സത്യസന്ധത കൃത്യമായി തിരിച്ചറിയാൻ കഴിയുന്ന കാലമായിരുന്നു. കേന്ദ്ര സർക്കാർ ഒളിച്ചോടിയ ഇടങ്ങളിൽ കേരളം എങ്ങനെയാണ് ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചതെന്ന് ലോകം മുഴുവൻ ശ്രദ്ധയോടെയാണ് വീക്ഷിച്ചത്. കമ്മ്യൂണിറ്റി കിച്ചണുകളും, കിറ്റ് വിതരണവും ഉൾപ്പടെ ജനങ്ങളോടൊപ്പം നിൽക്കാൻ കേരള സർക്കാരിനായി. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി തൊഴിലാളികൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകാൻ കേരള സർക്കാരിനു സാധിച്ചു. ക്ഷേമനിധി പദ്ധതി പ്രകാരം തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും നിരവധി ആനുകൂല്യങ്ങൾ നൽകാൻ ബോർഡിനായി. സ്റ്റേജ് ക്യാരേജ് വാഹനം, കോൺട്രാക്റ്റ് ക്യാരേജ് വാഹനം എന്നിവ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിമാസം 5,000 രൂപയാണ് പെൻഷൻ. ഹെവി മീഡിയം ലൈറ്റ് ഗുഡ്സ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 3,500 രൂപയും ഓട്ടോറിക്ഷ തൊഴിലാളികൾക്ക് 2,000 രൂപയും പ്രതിമാസം പെൻഷനായി നൽകുന്നുണ്ട്. ഡിസെബിലിറ്റി പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, സ്കോളർഷിപ്പ് തുടങ്ങി മറ്റനേകം അനുകൂല്യങ്ങളും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. അത്രമേൽ കരുതലോടെയാണ് കേരളം ഈ മേഖലയിലെ തൊഴിലാളികളെ ചേർത്തുപിടിക്കുന്നത്.

ചരക്കുഗതാഗത രംഗത്തെ പ്രതിസന്ധി വിലക്കയറ്റത്തിലേക്ക് നയിക്കുകയും അതിലൂടെ രാജ്യത്തെ ജനങ്ങൾ കൂടുതൽ ദുരിതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നുണ്ട്. പാസഞ്ചർ രംഗത്ത് ലോക്ക് ഡൗണിന്റെ ഭാഗമായും അതിനുശേഷം കോവിഡ് പ്രോട്ടോക്കോളിന്റെ രൂപത്തിലും വന്ന നിയന്ത്രണങ്ങൾ തൊഴിലാളികളെ കൂടുതൽ കഷ്ടത്തിലേക്ക് നയിച്ചു. കോവിഡ് ഭയത്തെ തുടർന്ന് നഷ്ടത്തിലായ മോട്ടർവാഹന തൊഴിൽരംഗം ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലയിലേക്ക് പോകാൻ തൊഴിലാളികൾ നിർബന്ധിതമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

രാജ്യത്ത് കേന്ദ്ര സർക്കാർ മോട്ടോർ മേഖല സമ്പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് കൈമാറാൻ നടപ്പിലാക്കിയതാണ് പുതിയ മോട്ടോർ നിയമ ഭേദഗതി ബില്ല്. അതിന്റെ മറവിൽ അഗ്രിഗേറ്റർ എന്ന പുതിയ പദ്ധതിയിലൂടെ കോർപ്പറേറ്റുകൾക്ക് മോട്ടോർ മേഖല പൂർണ്ണമായും തീറെഴുതി കൊടുക്കാനുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നത്. ഇതുപോലെ റോഡുകളിൽ വാഹനഗതാഗതം നടത്തുവാനുള്ള പെർമിറ്റ് കൈമാറിയത് വഴി പൊതുമേഖലയിലെ ഗതാഗതസംവിധാനങ്ങൾ കോർപ്പറേറ്റുകൾക്ക് പണയപ്പെടുത്തി. കേരളത്തിലെ കെഎസ്ആർടിസിയും തമിഴ്നാട്ടിലെ തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങൾ സ്വകാര്യമേഖലയ്ക്ക് വഴിമാറികൊടുക്കാൻ നിർബന്ധിക്കപ്പെടുകയാണ്. കേന്ദ്രം നടപ്പിലാക്കുന്ന കോർപ്പറേറ്റ് നയങ്ങളിൽ ചിലത് അതേപടി നടപ്പിലാക്കാൻ തയ്യാറാവുന്ന കാഴ്ചയാണ് ഇവിടെ കേരളത്തിലും നമുക്ക് കാണാൻ സാധിക്കുന്നത്. സംസ്ഥാനത്തിന് കേന്ദ്ര നിയമം നടപ്പിലാക്കാൻ എന്ന നിലയിലാണ് 15 വർഷമായ ഓട്ടോറിക്ഷകൾക്ക് നിരത്തിൽ അനുമതി അവസാനിപ്പിക്കുന്നത്. വാഹനങ്ങൾക്ക് ഓട്ടമില്ലാതെ ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ മഹാമാരി കാലത്ത് കഷ്ടപ്പെടുന്ന വാഹന ഉടമകളോടാണ് സ്വന്തം വാഹനങ്ങളിൽ ജി.പി.എസ് സംഘടിപ്പിക്കണമെന്നത് പറയുന്നത്. ഇവ അടിച്ചേൽപ്പിക്കാനുള്ള നീക്കം ശക്തമായ തൊഴിലാളി പ്രതിഷേധങ്ങൾക്ക് വഴിയൊരിക്കിയിട്ടുണ്ട്. തൊഴിലാളി വിരുദ്ധ കേന്ദ്രനയങ്ങൾ മറ്റു സംസ്ഥാനങ്ങളേക്കാൾ വേഗത്തിൽ നടപ്പിലാക്കാനായി കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ ശ്രമിക്കുന്നുണ്ട്. ഇതിനെതിരെ സർക്കാർ ജാഗ്രത പുലർത്തുകയും തൊഴിലാളികളോടൊപ്പം നിലപാട് സ്വീകരിക്കുകയും വേണം.




# യൂറോപ്യൻ യൂണിയനോട് ബ്രിട്ടൻ വിട പറഞ്ഞു

**യുറോപ്യൻ കമ്മിഷൻ പ്രസിഡന്റ് ഉർസുല ഫൊൺഡെ ലയനും യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് ചാൾസ് മൈക്കലും ഒപ്പിട്ട കരാറിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഒപ്പിട്ടതോടെ യാഥാർഥ്യമായി. ബ്രിട്ടീഷ് പാർലമെന്റ് കരാർ അംഗീകരിച്ചു. അങ്ങനെ 1246 പുറമുള്ള ട്രേഡ് ആൻഡ് കോഓപ്പറേഷൻ എഗ്രിമെന്റ് (ടി.സി.എ.) ബ്രിട്ടൻ യൂറോപ്യൻ യൂണിയൻ ഭാവിബന്ധത്തിന്റെ അടിസ്ഥാന രേഖയായി. കരാറുണ്ടായിയെങ്കിലും അത് കരാറില്ലാ ബ്രക്സിറ്റിനെക്കാൾ ഒട്ടും മെച്ചമല്ലെന്ന വിലയിരുത്തലാണ് ഉള്ളത്.**

യൂറോപ്യൻ യൂണിയനിൽ വൈകിയെത്തിയ അംഗമായിരുന്നു ബ്രിട്ടൻ. 48 വർഷം കഴിഞ്ഞ് 2021 ജനുവരി 1 ന് ബ്രിട്ടൻ യൂറോപ്യൻ യൂണിയൻ (ഇയു) വിട്ടു പോന്നു. 11 മാസത്തെ പരിവർത്തന കാലം അവസാനിച്ചു. ഇനി ബ്രിട്ടൻ പുതിയ ബ്രിട്ടനാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസന്റെ വാക്കിൽ പറഞ്ഞാൽ. 'രാജ്യത്തിന്റെ നിയമങ്ങളുടെയും വിധിയുടെയും നിയന്ത്രാവ് ഇനി ബ്രിട്ടൻ തന്നെ.

## അവസാനം

ഇ.യു.വുമായുള്ള ഭാവി ബന്ധം എങ്ങനെയെന്നതിനെക്കുറിച്ച് ഒരു രേഖ പോലുമില്ലാതെ ബ്രിട്ടൻ ഇറങ്ങിപ്പോകുമോ എന്ന ആകാംക്ഷയിലായിരുന്നു ലോകം. അതുണ്ടായില്ല. ബ്രെക്സിറ്റ് അനന്തരം ഇരുകൂട്ടരും തമ്മിലുള്ള വ്യാപാരബന്ധം എങ്ങനെയായിരിക്കും എന്നതിനെക്കുറിച്ചു തീരുമാനിക്കാൻ ഇ.യു.നിയമപ്രകാരം അനുവദിച്ചിരുന്ന കാലം അവസാനിക്കാൻ ഒരാഴ്ച മാത്രം ബാക്കിനിൽക്കെ ഡിസംബർ 24ന് അതിനുള്ള കരാറുറച്ചു. യുറോപ്യൻ കമ്മിഷൻ പ്രസിഡന്റ് ഉർസുല ഫൊൺഡെ ലയനും യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് ചാൾസ് മൈക്കലും ബുധനാഴ്ച ഒപ്പിട്ട് ബെൽജിയത്തിലെ ബ്രസൽസിൽനിന്ന് ലണ്ടനിലേക്ക് റോയൽ എയർഫോഴ്സ് ജെറ്റിൽ അയച്ച കരാറിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഒപ്പിട്ടതോടെ അതു യാഥാർഥ്യമായി. മുഴുവൻ പഠിക്കാൻപോലും നിൽക്കാതെ ബ്രിട്ടീഷ് പാർലമെന്റ് കരാർ അംഗീകരിച്ചു. അങ്ങനെ 1246 പുറമുള്ള ട്രേഡ് ആൻഡ് കോഓപ്പറേഷൻ എഗ്രിമെന്റ് (ടി.സി.എ.) ബ്രിട്ടൻ യൂറോപ്യൻ യൂണിയൻ ഭാവിബന്ധത്തിന്റെ അടിസ്ഥാന രേഖയായി.




## പ്രശ്നങ്ങൾ തീരുന്നില്ല

2016 ജൂൺ 23 നാണ് ബ്രിട്ടീഷ് ജനത ഇയുവിൽ തുടരേണ്ട എന്ന ഹിതമറിയിച്ചത്. ബ്രിട്ടന്റെ പൂർവകാല പ്രൗഡിയിൽ അഭിരമിച്ചിരുന്ന പ്രായമായവർ വോട്ടു ചെയ്യുകയും ഭാവി നിശ്ചയിക്കേണ്ട പുതു തലമുറ വോട്ടവകാശം വിനിയോഗിക്കാൻ മടിക്കുകയും ചെയ്തപ്പോൾ 52 ശതമാനം വോട്ടിന് ബ്രക്സിറ്റ് പക്ഷം ജയിച്ചു. ബ്രിട്ടീഷ് രാഷ്ടീയം കലുഷമായി. ബ്രക്സിറ്റ് ബ്രിട്ടനെ അനിശ്ചിതത്വത്തിന്റെയും സാമ്പത്തിക തകർച്ചയുടെയും കയത്തിലേക്ക് തള്ളിവിടുമെന്ന് വിശ്വസിച്ചവരും പ്രതാപത്തിന്റെ പഴയകാലം സ്വപ്നം കണ്ടവരും തർക്കിച്ചു നിന്നപ്പോൾ സമ്പൂർണ വേർപിരിയലിന് നാലുകൊല്ലത്തിലേറെ വേണ്ടിവന്നു. അതിനിടെ രണ്ടു പ്രധാനമന്ത്രിമാർ ഡേവിഡ് കാമറോണും തെരേസ മേയും പടിയിറങ്ങി.

ബ്രക്സിറ്റ് നടത്തിയെടുക്കും എന്ന വാശിയോടെ പ്രധാനമന്ത്രിയായ ബോറിസ് ജോൺസണും വിട്ടുപോകുന്ന ആദ്യരാജ്യത്തോടു വിട്ടുവീഴ്ച ചെയ്യാതെ മറ്റ് അംഗരാജ്യങ്ങൾക്കും പാഠം നൽകണമെന്ന ലക്ഷ്യത്തോടെ നീങ്ങിയ ഇയുവും തമ്മിലുള്ള ചർച്ചകൾ ഒരിടത്തുമെത്തില്ല എന്നു തോന്നിയ ഘട്ടത്തിലാണ് കരാറിൽ ധാരണയായത്. കരാറില്ലാതെയുള്ള വിട്ടുപോകൽ ബ്രിട്ടനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ദുരന്തമാകുമെന്നായിരുന്നു വിലയിരുത്തലുകൾ. ഒടുവിൽ കരാറായി. ജോൺസൺ വാഗ്ദാനം ചെയ്തപോലെ മഹത്തും, ഇയുവിൽ അംഗമായിരുന്ന കാലത്തെ അതേ ആനുകൂല്യങ്ങളോടു കൂടിയതുമായ കരാറല്ല അത്.

## ഭാവി എങ്ങനെ?

2021ലേക്ക് ലോകം പ്രവേശിച്ചപ്പോൾ ഇ.യു.വിന്റെ ഏകവിപണിയിലും കസ്റ്റംസ് യൂണിയനിലും നിന്ന് ബ്രിട്ടൻ പുറത്തുവന്നു. യൂറോപ്യൻ യണിയൻറ നയങ്ങളും യൂണിയൻ ഏർപ്പെട്ട അന്താരാഷ്ട ഉടമ്പടികളും ഇനി ബ്രിട്ടനു ബാധകമല്ല. ഇ. യു. എന്ന സ്വതന്ത്രവിപണി ബ്രിട്ടന് അന്യമായി, ചരക്കുനീക്കവും സഞ്ചാരസ്വാതന്ത്ര്യവും സേവനത്തിന്റെയും മൂലധനത്തിന്റെയും സ്വതന്ത്രമായ ഒഴുക്കും തടയപ്പെട്ടു. ഇവയെല്ലാം ഇനി നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാണ്.

ഇ.യു.വിൽ അംഗമായിരുന്നപ്പോൾ യു.എ ഓസ്ട്രേലിയയും പോലുള്ള രാജ്യങ്ങളോട് നേരിട്ടുവ്യാപാരക്കരാറുണ്ടാക്കാൻ ബ്രിട്ടന് ആകുമായിരുന്നില്ല. ഇനിമേൽ സ്വന്തമായ വ്യാപാരനയമുണ്ടാക്കി, സ്വന്തം താത്പരപ്രകാരം ഇടപാടുകൾ നടത്താം. വിവിധ രാജ്യങ്ങളുമായി പുതിയ വ്യാപാരക്കരാറുകൾ ഉണ്ടാക്കിയാലും ഇ.യു. രാജ്യങ്ങളുമായുണ്ടായിരുന്ന സ്വതന്ത്രവ്യാപാരക്കരാറുകളിലെപ്പോലെ ബ്രിട്ടനു നേട്ടമുണ്ടാവില്ലെന്നാണ് വിലയിരുത്തൽ. ടി.എ.സി.യുണ്ടെങ്കിലും ബ്രിട്ടൻ സമ്പദ്വ്യവസ്ഥ പ്രതിസന്ധിയിലാകുമെന്നും വിലയിരുത്തപ്പെടുന്നു. വരും വർഷങ്ങളിൽ സാമ്പത്തികവളർച്ച നാലു ശതമാനം ചുരുങ്ങുമെന്ന് സർക്കാരിനുവേണ്ടി സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്ന ഓഫീസ് ഫോർ ബജറ്റ് റെസ്പോൺസിബിലിറ്റി തന്നെ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

കരാറിലെ മത്സ്യബന്ധനം സംബന്ധിച്ച വ്യവസ്ഥ ബ്രിട്ടീഷ് കടലിൽ യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾക്ക് മീൻപിടിത്തം തുടരാൻ അവസരം നൽകുന്നതാണ്. ഇത് തങ്ങൾക്ക് ദോഷം ചെയ്യുമെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. സ്കോട്ട്ലൻഡിലെ നേതാവ് നിക്കൊളെ സ്റ്റർജനും ഇക്കാര്യത്തിൽ ജോൺസണെതിരേ രംഗത്തെത്തിയിട്ടുണ്ട്. മാത്രമല്ല, ബ്രിട്ടനിൽ നിന്നുള്ള സ്കോട്ട്ലൻഡിന്റെ സ്വാതന്ത്ര്യം എന്ന ആശയം അവർ വീണ്ടും ഉയർത്തിയിട്ടുമുണ്ട്.

ലോകത്തെ ഏറ്റവും വലിയ ഒറ്റവിപണിയായ യൂറോപ്യൻ യൂണിയൻ സ്വയം വിട്ടുപോയ ബ്രിട്ടനിൽനിന്ന് പതിയെ തൊഴിലുകളും തത്ഫലമായി ആളുകളും ആഗോളീകരണത്തോട് ആഭിമുഖ്യം കാണിക്കുന്ന നാടുകൾ തേടിപ്പോകും. മൂലധനത്തിന്റെ ഒഴുക്കും കുറയും. കരാറുണ്ടായിയെങ്കിലും അത് കരാറില്ലാ ബ്രക്സിറ്റിനെക്കാൾ ഒട്ടും മെച്ചമല്ലെന്ന വിലയിരുത്തലിനു കാരണം ഇതാണ്. ●

# കരാറിന്റെ ഉള്ളടക്കം




ബ്രിട്ടീഷുകാരുടെ അനുദിന ജീവിതത്തിലും മറ്റു രാജ്യങ്ങളുമായുള്ള ബ്രിട്ടന്റെ ഭാവിബന്ധത്തിലും നിർണായകമായ മാറ്റമുണ്ടാക്കുന്നതാണ് ടി.എ സി. വ്യാപാരം, യാത്ര, മീൻപിടിത്തം, സുരക്ഷ, നീതിന്യായവ്യവസ്ഥ, വിദ്യാഭ്യാസം തുടങ്ങി സകലമേഖലകളെയും ഇതുബാധിക്കും. ഇവയെക്കുറിച്ചെല്ലാം പറഞ്ഞിട്ടുള്ള കരാറിൽ ബ്രിട്ടിഷ് സമ്പദ്‌വ്യവസ്ഥയുടെ 80 ശതമാനവും സംഭാവനചെയ്യുന്ന ബാങ്കിങ് ഉൾപ്പെടെയുള്ള സേവനമേഖലളെക്കുറിച്ച് വ്യക്തമാക്കുന്നില്ല എന്നതാണ് ടി.എ.സി.യുടെ വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കുന്നത്. യൂറോപ്യൻ യൂണിയൻ നിയമനടത്തിപ്പ് ഏജൻസിയായ യുറോപോളിൽനിന്നുള്ള പുറത്താകലും ഇ.യു.വിന്റെ വിവരശേഖരം ആവശ്യാനുസരണം മാത്രമേ ലഭിക്കു എന്ന വ്യവസ്ഥയും കുറ്റാന്വേഷണത്തെയും നീതിനിർവഹണത്തെയും ബാധിക്കുമെന്ന ആശങ്കയുമുണ്ട്.

## ചില പ്രധാനവിഷയങ്ങളും വ്യവസ്ഥകളും

- ജനുവരി ഒന്നിന്നുശേഷവും നികുതിരഹിത പരിധിരഹിത ചരക്കുനീക്കം തുടരും. പക്ഷേ, അതിർത്തിയിലെ സുരക്ഷാ, കസ്റ്റംസ് പരിശോധന കർക്കശമാക്കും.
- 90 ദിവസത്തിലേറെ ഇ.യു. രാജ്യത്ത് തങ്ങണമെങ്കിൽ വിസ വേണം. അതിർത്തിയിൽ അധികപരിശോധനയുമുണ്ടാകും.
- ബ്രിട്ടീഷുകാരുടെ ഓമനമൃഗങ്ങളെ ഇ.യു.വിൽ കൊണ്ടുപോകണമെങ്കിൽ പാസ്പോർട്ട് മാത്രം പോരാ വൈറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രവും വേണം.
- ഇ.യു.വിൽനിന്നും തിരിച്ചുമുള്ള യാത്രക്കാരിൽനിന്ന് മൊബൈൽ റോമിങ് ചാർജ് ഈടാക്കും.
- യൂറോപ്യൻ നീതിന്യായ കോടതി വിധികൾ പാലിക്കാൻ ബ്രിട്ടന് ബാധ്യതയില്ല.
- വിദേശവിദ്യാർഥികൾക്ക് ഇ.യു. അംഗരാജ്യങ്ങളിൽ പഠിക്കുന്നതിന് അവസരമുണ്ടാക്കുന്ന ഇറാസ്മസ് പദ്ധതിയിൽ ബ്രിട്ടൻ പങ്കാളിയാകില്ല. പകരം ഗണിതശാസ്ത്രജ്ഞൻ അലൻ ടൂറിങ്ങിന്റെ പേരിൽ മറ്റൊരു പദ്ധതി ആവിഷ്കരിക്കും.
- ബ്രിട്ടൻ സ്വതന്ത്രതീരമുള്ള രാജ്യമായി പരിണമിക്കുമെങ്കിലും യൂറോപ്യൻ യൂണിയനിൽനിന്നുള്ള ബോട്ടുകൾക്ക് അഞ്ചരവർഷത്തോളം ബ്രിട്ടീഷ് കടലിൽ മീൻപിടിക്കാം. അഞ്ചരക്കൊല്ലം കഴിഞ്ഞാൽ വാർഷിക ചർച്ചകളുടെ അടിസ്ഥാനത്തിൽ നിബന്ധനകളുണ്ടാക്കും.

കോവിഡ് മഹാമാരി വലിയ ചർച്ചയായി മാധ്യമങ്ങളിൽ നിറഞ്ഞു നിന്നതിനാൽ മാത്രമാണ് ബ്രിട്ടന്റെ വിടപറയൽ വലിയ ചർച്ചയാകാതിരുന്നത്.

# ഭാവി കേരളത്തിന് ശുഭ പ്രതീക്ഷ നൽകുന്ന ബജറ്റ്

## എൽഡിഎഫിന്റെയും യുഡിഎഫിന്റെയും കാലം കണക്കുകളിൽ

| | എൽഡിഎഫ് 2016 -2020 | യുഡിഎഫ് 2011 -2016 |
|---|---|---|
| കേരളത്തിന്റെ സാമ്പത്തിക വളർച്ച | 5.9 % | 4.9 % |
| പെൻഷൻ നൽകിയത് | 32,034 കോടി | 9,011 കോടി |
| സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ | 48.6 ലക്ഷം | 34 ലക്ഷം |
| പൊതുവിതരണത്തിന് | 10697 കോടി | 5242 കോടി |
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി ചെലവഴിച്ചത് | 1703 കോടി | 503 കോടി |
| പൂർത്തീകരിച്ച റോഡുകൾ | 11580 കി.മീ. | 7780 കി.മീ. |
| കുടിവെള്ള കണക്ഷൻ | 11.02 ലക്ഷം | 4.9 ലക്ഷം |
| വൈദ്യുതി ഉൽപ്പാദനം | 236 മെഗാ വാട്ട് | 88 മെഗാ വാട്ട് |
| ഹാർബർ | 5 എണ്ണം പൂർത്തിയായി 3 എണ്ണം മാർച്ചിൽ | ഒന്ന് |
| പൊതുമേഖലാ സ്ഥാപനങ്ങൾ | 102 കോടി സഞ്ചിത ലാഭം | 213 കോടി സഞ്ചിത നഷ്ടം |
| സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ | 1.40 ലക്ഷം | 82,000 |
| സ്റ്റാർട്ടപ്പുകൾ | 3900 | 300 |
| പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾ | 6.79 ലക്ഷം കുട്ടികൾ കൂടി | 4.99 ലക്ഷം കുട്ടികൾ കുറഞ്ഞു |
| വീടിനുള്ള ധനസഹായം | 4 ലക്ഷം | 2.5 ലക്ഷം |
| പട്ടയം വിതരണം | 1.64 ലക്ഷം | 1.15 ലക്ഷം |

# “പറഞ്ഞത് സാധ്യമാക്കാനുള്ള നിശ്ചയദാർഢ്യമുണ്ട്; പണമുണ്ടോ എന്ന വിമർശനത്തിനും മറുപടിയുണ്ട്”



ബജറ്റിന് ജനങ്ങളിൽനിന്ന് വലിയ സ്വീകാര്യത ലഭിച്ചെന്ന് ധനമന്ത്രി തോമസ് ഐസക്. ബജറ്റിനെ വിമർശിക്കുന്ന യുഡിഎഫുകാർ അവർക്കെന്താണ് പരിപാടിയെന്നു കൂടി പറയണം. കേരളത്തിന്റെ വികസനമുന്നേറ്റത്തിന് വേറെ എന്തുചെയ്യണമെന്നാണ് യുഡിഎഫ് നേതാക്കൾ പറയുന്നത്? ബജറ്റ് പ്രഖ്യാപനങ്ങൾക്കെതിരെയുള്ള വിമർശനങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

തൊഴിൽ നൽകുന്നതടക്കമുള്ളവ പ്രായോഗികമാകുമോ എന്നും ഇതെല്ലാം അമിത പ്രതീക്ഷയല്ലേ എന്നുമുള്ള വിമർശമാണ് പ്രധാനം. രണ്ടാമത്തേത് ഇതിനെല്ലാം പണം എവിടെനിന്നു കിട്ടുമെന്ന ആശങ്കയെ ചുറ്റിപ്പറ്റിയാണ്. തെരഞ്ഞെടുപ്പ് ലക്ഷ്യംവച്ച് പണമൊന്നും കൈയിലില്ലാതെ കാണിക്കുന്ന മായാജാലമാണെന്ന വിമർശമാണ് മൂന്നാമത്തേത്.

പ്രഖ്യാപനങ്ങളിൽ എന്താണ് അപ്രായോഗികമായിട്ടുള്ളത്. ആഗോള തൊഴിൽ വ്യവസ്ഥയിൽ വലിയ മാറ്റംവരികയാണ്. ആ സാഹചര്യത്തെ ബോധപൂർവം പ്രയോജനപ്പെടുത്താനാണ് കേരളം ശ്രമിക്കുന്നത്. അതിനു കഴിവും പ്രാപ്തിയുമുള്ള സ്ഥാപനത്തെ സൃഷ്ടിക്കാൻ കഴിയുമോ എന്നതാണ് ചോദ്യം. കിഫ്ബിയാണ് അതിന് ഉത്തരം. ഒരു സംശയവും വേണ്ട. കേരളത്തിന്റെ ഭാവിയെന്നത് വിജ്ഞാനസമൂഹം എന്നതുതന്നെയാണ്. അത് നേരത്തെ പറയുന്നതാണെങ്കിലും പ്രാവർത്തികമാകുന്നത് ഇപ്പോഴാണ്. കാരണം

അതിനു മുന്നുപാധികളുണ്ട്. നമ്മുടെ സമ്പദ്ഘടന ഡിജിറ്റലൈസ് ചെയ്യപ്പെടണം. കണക്ടിവിറ്റിയും വൈദ്യുതിയും മെച്ചപ്പെട്ട യാത്രാസൗകര്യവും ഉറപ്പാക്കണം. വ്യവസായ പാർക്കുകൾ ഉണ്ടാകണം. മൂന്നു നാലു വർഷത്തിനുള്ളിൽ കേരളത്തിന്റെ പശ്ചാത്തലസൗകര്യങ്ങളിൽ വൻ കുതിച്ചുചാട്ടമുണ്ടാകും. ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രായോഗികമാണോ എന്നതിൽ ഒരു സംശയവും വേണ്ട.

പണമുണ്ടോ എന്ന വിമർശത്തിനും മറുപടിയുണ്ട്. 20 ലക്ഷം പേർക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിട്ടുള്ള കെഡിസ്കിന്റെ രൂപാന്തരം. 200 കോടി അതിനു നീക്കിവച്ചിട്ടുണ്ട്. പരിശീലനത്തിനുള്ള പണം നേരത്തെ നീക്കിവച്ചിട്ടുള്ള 250 കോടിയുടെ ചില മുൻഗണനകളിൽ മാറ്റംവരുത്തി കണ്ടെത്താനാകും. ഉപജീവനത്തൊഴിലുകളുടെ കാര്യമാണ് അടുത്തത്. 100 ദിന പരിപാടി വഴി ഒന്നര ലക്ഷം തൊഴിലുണ്ടാക്കാനാണ് പോകുന്നത്. അധികമായി പണം ചെലവഴിച്ചിട്ടല്ല ഈ തൊഴിൽ സൃഷ്ടി. ഒരു പരിപാടി പ്രഖ്യാപിച്ചാൽ നിലവിലുള്ള സ്കീമുകൾ കൂട്ടിച്ചേർത്ത് ആ പരിപാടികൾ നടപ്പാക്കുന്നതിനെപ്പറ്റിയാണ് ആലോചിക്കേണ്ടത്. ഉദാഹരണത്തിന് പാവപ്പെട്ട ഒരു കുടുംബത്തിന് വീടില്ലെങ്കിൽ ലൈഫ് പദ്ധതിവഴി വീട് ലഭ്യമാക്കും. ഭക്ഷണമില്ലെങ്കിൽ ജനകീയ ഹോട്ടൽ വഴി ഭക്ഷണം ലഭ്യമാക്കും. വീട്ടിൽ മാറാരോഗം ഉള്ളവരുണ്ടെങ്കിൽ നിലവിലുള്ള സ്കീമുകൾ വഴി ചികിത്സ ലഭ്യമാക്കും. സ്കീമുകൾ കൂട്ടിച്ചേർക്കണം. അതിൽ വിടവുണ്ടെങ്കിൽ നികത്താൻ അധികമായി പണം അനുവദിച്ചിട്ടുമുണ്ട്. അതുകൊണ്ട് പദ്ധതിക്ക് പണമുണ്ടെന്ന കാര്യത്തിൽ സംശയം വേണ്ട.

ഇടതുപക്ഷത്തിന്റെ ബദൽ പരിപാടിയാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. പാവപ്പെട്ടവർക്ക് ക്ഷേമം, എന്നതാണ് ഒന്നാമത്തേത്. അസാധ്യമാണെന്ന് കരുതിയത് സാധ്യമാക്കുകയാണ്. പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിന് പണം കണ്ടെത്തി നൽകും. നല്ല വരുമാനം ജനങ്ങൾക്ക് ഉറപ്പാക്കാനുള്ള പുതിയ തൊഴിലും വ്യവസായവും സൃഷ്ടിക്കാൻ വേണ്ടിയാണ് ഇത്. അതിലേക്ക് എങ്ങനെ നീങ്ങണമെന്നതിന് പുതിയ പാത വെട്ടിത്തുറക്കുകയാണ് നമ്മൾ. നമ്മുടെ നാട്ടിൽത്തന്നെ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ നികുതി ഇളവുകൾ അടക്കമുള്ള പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആർക്കെങ്കിലും പരിഭ്രാന്തി തോന്നുന്നുണ്ടെങ്കിൽ അവർ, ഇത് നടന്നേക്കുമെന്നും ജനങ്ങൾക്ക് പ്രതീക്ഷയും വിശ്വാസവും നൽകുമെന്ന് ഭയക്കുന്നവരാണ്. ഈ ബജറ്റ് ഒരു പുതിയ പരിപാടിയാണ് കേരളത്തിലെ ജനങ്ങൾക്കു മുന്നിൽ വയ്ക്കുന്നത്. ●



# അതിജീവനത്തിനുള്ള ബദൽ സമീപനം

പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള കേരളത്തിന്റെ ബദൽ സമീപനമാണ് നിയമസഭയിൽ ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിന്റെ കാതലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭാവി കേരളത്തിന്റെ വികസന പരിപ്രേക്ഷ്യമാണ് ബജറ്റിൽ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം ഫെയ്സ് ബുക്കിൽ കുറിച്ചു.

2019-ഓടെ സാർവദേശീയ ദേശീയ തലത്തിൽ വളർച്ചാനിരക്കിൽ ഇടിവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെയും അത് ബാധിച്ചു. ആ പ്രതിസന്ധിയെ കോവിഡ് മഹാമാരിയുടെ വരവ് അതിസങ്കീർണമാക്കി. സാമൂഹ്യ, സാമ്പത്തിക മേഖലകളെ ശക്തിപ്പെടുത്തി അതിനെ മുറിച്ചു കടക്കാനുള്ള ശ്രമങ്ങളിലാണ് സംസ്ഥാന സർക്കാർ. അതിനുള്ള പ്രായോഗിക മാർഗമാണ് ഈ ബജറ്റിലൂടെയും കണ്ടെത്തുന്നത്. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാതൃകാരൂപത്തിൽ ഉയർത്തുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. ഒരു വർഷം കൊണ്ട് എട്ടു ലക്ഷം തൊഴിലവസരം സൃഷ്ടിക്കുന്നതും ദീർഘകാലാടിസ്ഥാനത്തിൽ പുതിയ തൊഴിൽ സാധ്യതകൾ തുറക്കുന്നതുമാണ് ബജറ്റിലെ നിർദേശങ്ങൾ. ബജറ്റിലെ നിർദേശങ്ങൾ സാമ്പത്തിക വളർച്ച വീണ്ടെടുത്ത് ശക്തിപ്പെടുത്തുന്നതിനോടൊപ്പം സാമൂഹ്യ സമത്വത്തിലും ഊന്നൽ നൽകുന്നു എന്നതാണ് എൽഡിഎഫ് സർക്കാർ സമീപനത്തിന്റെ സവിശേഷത. ഈ സർക്കാരിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ കൂടുതൽ ഉറപ്പോടെ പരിരക്ഷിക്കാനുള്ള പ്രതിജ്ഞാബദ്ധതയാണ് ബജറ്റിലൂടെ സർക്കാർ ആവർത്തിക്കുന്നതെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

## കെഎസ്ആർടിസിക്ക് 1800 കോടി




പ്രഖ്യാപിച്ച 1000 പുതിയ ബസിൽ 800 എണ്ണമേ അനുവദിച്ചിട്ടുള്ളു. കെഎസ്ആർടിസി സ്വിഫ്റ്റ് കമ്പനി പ്രവർത്തന ക്ഷമമായാൽ ബാക്കി കൂടി ലഭിക്കും. ദീർഘദൂര സർവീസുകൾ കെസ്വിഫ്റ്റിലേക്ക് മാറും. വികാസ് ഭവൻ ഡിപ്പോയിലെ 2.89 ഏക്കർ ഭൂമിയിൽ കെഎസ്ആർടിയും കിഫ്ബിയും സംയുക്തമായി 2 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ കെട്ടിടസമുച്ചയം നിർമ്മിക്കും. എറണാകുളം, കായം കുളം തുടങ്ങിയ ബസ് സ്റ്റാൻഡുകൾ വാണിജ്യാടിസ്ഥാനത്തിൽ പുനരുദ്ധരിക്കും. കെഎസ്ആർടിസി നിലനിർത്താൻ അഞ്ചു വർഷം അയ്യായിരം കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. നേരത്തെ വിജയിക്കാതിരുന്ന പുനസംഘടന രണ്ടാമതും നടത്തുകയാണ്.

### കയർ മേഖല

112 വകയിരുത്തിയതിൽ 41 കോടി യന്ത്രവൽക്കരണത്തിനും 38 കോടി രൂപ പ്രൈസ് ഫ്ളച്ച്യുവേഷൻ ഫണ്ടിനും കയർ ബോർഡിൽ നിന്ന് ക്ലസ്റ്റർ രൂപീകരണത്തിന് 50 കോടിയും എൻസിഡിസിയിൽ നിന്ന് 100 കോടിയും ലഭ്യമാക്കും. 10 യന്ത്രവൽകൃത സഹകരണ ഉൽപ്പന്ന ഫാക്ടറി തുടങ്ങും. ചെറുകിട യൂണിറ്റുകൾക്ക് 20 കോടി രൂപയും ലഭ്യമാക്കും.

### കശുഅണ്ടി മേഖല

30,000 ടൺ തോട്ടണ്ടി ഇറക്കുമതിക്കായി കാഷ്യു ബോർഡിന് 40 കോടിയും കാപ്പക്സിന്റെയും കശുഅണ്ടി കോർപറേഷന്റെയും നവീകരണത്തിന് 10.5 കോടിയും അനുവദിച്ചു. കശുഅണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശിക തീർക്കുന്നതിന് 63 കോടി രൂപയും നീക്കിവച്ചു.

### കൈത്തറി മേഖല

കൈത്തറി മേഖലക്ക് 52 കോടി രൂപക്ക് പുറമേ യൂണിഫോം പദ്ധതിക്കായി 105 കോടി രൂപയും നീക്കിവച്ചു. ഹാന്റക്സിനും ഹാൻവീവിനും പുനരുദ്ധാരണ പാക്കേജിന് രൂപം നൽകും.

## രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ജീവിത സമരമാണ്

# കർഷക സമരം

കഴിഞ്ഞ രണ്ടു മാസത്തോളമായി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളായ പഞ്ചാബിലും ഹരിയാനയിലും പശ്ചിമ ഉത്തർ പ്രദേശത്തിലും കേന്ദ്രീകരിച്ച് മറ്റെല്ലാ ഭാഗത്തും വ്യാപിച്ചും നടന്നു വരുന്ന കർഷക സമരം ഇന്ത്യയിലാകെയുള്ള ജനസഞ്ചയത്തിന് വിശപ്പടക്കാൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യാനുസരണം ലഭിക്കാനും പട്ടിണി ഒഴിവാക്കാനും വേണ്ട ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും ശക്തമായ ദേശീയ സമരമാണ്. വിശ്യഷ്യ പട്ടികജാതി, പട്ടിക വർഗ്ഗ ജനവിഭാഗം ഉൾപ്പെടെ വനപ്രദേശത്തും ഉൾനാടുകളിലും പഞ്ചായത്തുകളിലും ഒറ്റപ്പെട്ടും കൂട്ടായും ജീവിതം നയിച്ചുവരുന്ന ജനമഹാ സമുദ്രത്തിന്റെ ജീവൻ മരണ സമരമാണ്. മോദി ഗവൺമെന്റിന്റെ കർഷക വിരുദ്ധ ഓർഡിനൻസുകളിലും നിയമനിർമ്മാണങ്ങളിലും പ്രതിഷേധിച്ചുകൊണ്ടും അവ നിരൂപാധികം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന സമരമാണ് ഈ കർഷക സമരം. സമരത്തിന്റെ ഫലമായി കേന്ദ്രഭക്ഷ്യ സംസ്കരണമന്ത്രിയും ഭരണകൂട്ടുകെട്ടിലെ ഘടകകക്ഷിയായ ശിരോമണി അകാലിദളിന്റെ നേതാവുമായ ശ്രീമതി ഹർസിമ്രത്കൗർ രാജിവയ്ക്കാൻ നിർബന്ധിതയായി. ഭരണ ഘടകകക്ഷികളെപ്പോലും വെറുപ്പിക്കുന്ന ഈ കർഷക വിരുദ്ധ ബില്ലുകൾ ആർക്കുവേണ്ടി എന്ന ചോദ്യം ഉയരുന്നു.

ഭരണ ഘടനാ വ്യവസ്ഥകൾക്കുപോലും വിരുദ്ധമായാണ് കർഷക ബില്ലുകൾ





എൻ. പത്മലോചനൻ

**ഭരണ ഘടകകക്ഷികളെപ്പോലും വെറുപ്പിക്കുന്ന കർഷക വിരുദ്ധ ബില്ലുകൾ ആർക്കുവേണ്ടി എന്ന ചോദ്യം ഉയരുന്നു. ഭരണ ഘടനാ വ്യവസ്ഥകൾക്കുപോലും വിരുദ്ധമായാണ് കർഷക ബില്ലുകൾ പാസ്സാക്കി നിയമമാക്കിയത്. പാർലമെന്റിന്റെ സഭകളിൽ വോട്ടെടുപ്പു കൂടാതെ കർഷക വിരുദ്ധ നിയമങ്ങൾ പാസാക്കിയ നടപടി ഇന്ത്യൻ ഭരണ ഘടനയുടെ വകുപ്പുകൾ 100ന്റെയും 107ന്റെയും ലംഘനമാണ്.**

**പുതിയ നിയമങ്ങൾ കർഷകരെ അഗ്രി ബിസിനസ്സ് കമ്പനികളുടേയും വൻകിട റീട്ടെയിൽ വ്യാപാരികളുടെയും കയറ്റുമതിക്കാരുടെയും ദയാദാക്ഷിണ്യത്തിന് എറിഞ്ഞുകൊടുത്തിരിക്കുന്നു. സ്വകാര്യ കമ്പനികൾക്കും ആഗ്രിബിസിനസ്സുകാർക്കും ഉണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി ഇരിക്കുന്നു. കൃഷിയും സംസ്ഥാനത്തിനകത്തെ വ്യാപാരവും വാണിജ്യവും സംസ്ഥാന വിഷയമാണെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് ഭാവിയിൽ ഒരു നിയന്ത്രണാധികാരവും ഉണ്ടായിരിക്കുന്നതല്ല.**

പാസ്സാക്കി നിയമമാക്കിയത്. ജനുവരി 14ന്റെ ഹിന്ദു ഇംഗ്ലീഷ് ദിന പത്രത്തിന്റെ എഡിറ്റോറിയൽ പേജിലെ ലേഖനത്തിൽ ഈ വിഷയം ശക്തമായി പ്രതിപാതിക്കുന്നുണ്ട്. പാർലമെന്റിന്റെ സഭകളിൽ വോട്ടെടുപ്പു കൂടാതെ കർഷക വിരുദ്ധ നിയമങ്ങൾ പാസാക്കിയ നടപടി ഇന്ത്യൻ ഭരണഘടനയുടെ വകുപ്പുകൾ 100ന്റെയും 107ന്റെയും പച്ചയായ ലംഘനമാണ്. കാരണം പാർലമെന്റിന്റെ സഭകളിൽ വോട്ടെടുപ്പ് കൂടാതെ ശബ്ദ വോട്ടോടുകൂടി ആണ് കർഷക വിരുദ്ധ നിയമങ്ങൾ പാസ്സായതായി പ്രഖ്യാപിച്ചത്. ഇന്ത്യൻ ഭരണഘടന പ്രകാരം കൃഷി സംസ്ഥാന ലിസ്റ്റിൽപെടുന്ന വിഷയമാണ്. പുതിയ മൂന്നു കാർഷിക നിയമങ്ങൾ വഴി കാർഷിക മേഖലയിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം മുഴുവൻ കേന്ദ്രഗവൺമെന്റ് കവർന്നെടുത്തിരിക്കുന്നു. ഈ വസ്തുത ചൂണ്ടിക്കാട്ടിയാണ് കേരളാ ഗവൺമെന്റും നിയമസഭയും കേന്ദ്രകാർഷിക നിയമങ്ങൾക്കെതിരായ നിലപാട് സ്വീകരിച്ചത്.

ഇന്ത്യൻ കാർഷിക മേഖലയിൽ കാർഷിക വിഭവ ഉല്പാദനവും വിഭവ സംഭരണവും വ്യാപാര വാണിജ്യവും കോർപ്പറേറ്റുകൾക്കും വ്യാപാര കുത്തകകൾക്കും അടിയറവയ്ക്കാനാണ് മോദി ഗവൺമെന്റിന്റെ പുതിയ കാർഷിക ബന്ധ നയങ്ങളെന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളും മനസ്സിലാക്കി കഴിഞ്ഞു.

പുതിയ നിയമങ്ങൾ കർഷകരെ അഗ്രി ബിസിനസ്സ് കമ്പനികളുടേയും വൻകിട റീട്ടെയിൽ വ്യാപാരികളുടെയും കയറ്റുമതിക്കാരുടെയും ദയാദാക്ഷിണ്യത്തിന് എറിഞ്ഞുകൊടുത്തിരിക്കുന്നു. സ്വകാര്യ കമ്പനികൾക്കും ആഗ്രിബിസിനസ്സുകാർക്കും ഉണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി ഇരിക്കുന്നു. കൃഷിയും സംസ്ഥാനത്തിനകത്തെ വ്യാപാരവും വാണിജ്യവും സംസ്ഥാന വിഷയമാണെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് ഭാവിയിൽ ഒരു നിയന്ത്രണാധികാരവും ഉണ്ടായിരിക്കുന്നതല്ല. തന്മൂലം കർഷകർക്ക് ഇപ്പോൾ ലഭിക്കുന്ന പരിമിതമായ സംരക്ഷണം പോലും ഇല്ലാതാകുന്നു. വൻകിടക്കാർക്കും ഭൂ ഉടമകൾക്കും കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നു.

കാലങ്ങളായി കർഷകർക്ക് മിച്ചം വരുന്ന ഉല്പ്പന്നങ്ങൾ ആഗ്രികൾച്ചറൽ പ്രൊഡ്യൂസ്മാർക്കറ്റ് കമ്മിറ്റിയുടെ യാർഡുകൾക്ക് അകത്തും പുറത്തും കച്ചവടം നടത്തി വന്നിരുന്നു എന്നതാണ് നിലവിലുണ്ടായിരുന്ന അവസ്ഥ. എ.പി.എം.സി. ചന്തകളിൽപോലും ലേലം വഴിയാണ് വില്പന നടന്നിരുന്നത്. എന്നിട്ടു കൂടി കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ സംവിധാനം ഇല്ലായ്മ ചെയ്തിട്ട് താങ്ങു വിലയും സർക്കാരും സംഭരണ രംഗം വിട്ടാൽ വ്യാപാരം എന്നത് വൻകിട വ്യാപാരികളും നാമമാത്ര കർഷകരും തമ്മിലുള്ള വിലപേശലായി മാറും. അതുകർഷകരെ വൻ തകർച്ചയിലേക്കു നയിക്കും.

താങ്ങു വിലനിർണ്ണയത്തിനും സർക്കാർ സംഭരണത്തിനും എതിരെ കുത്തകകളുടെ സമ്മർദ്ദത്തെ തുടർന്ന് 2015 ൽ മൻമോഹൻസിംഗ് ഗവൺമെന്റ് ശാന്തകുമാർ കമ്മീഷനെ നിയമിച്ചു . പ്രസ്തുത കമ്മീഷൻ സർക്കാർ സംഭരണ രംഗത്തു നിന്നും പിൻമാറണമെന്നു സ്വന്ത വ്യാപാരം അനുവദിക്കണമെന്നുമാണ് ശുപാർശ ചെയ്തത്. അതുപോലെ തന്നെ മിനിമം താങ്ങു വിലയ്ക്ക് മുകളിൽ സഹായം നൽകുന്ന സംസ്ഥാന സർക്കാരുകളിൽ നിന്നും കേന്ദ്ര പൂളിലേക്ക് ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കരുതെന്നും കമ്മീഷൻ ശുപാർശ ചെയ്തു. ഈ ശുപാർശകളെ അടിസ്ഥാനപ്പെടുത്തി ആണ് മോദി സർക്കാർ പുതിയ നിയമ നിർമ്മാണം നടത്തിയിരിക്കുന്നത്.

അതുപോലെ തന്നെ അവശ്യ വസ്തുക്കളുടെ പട്ടികയിൽ നിന്നും ധാന്യങ്ങൾ പയറുവർഗ്ഗങ്ങൾ എണ്ണകുരുക്കൾ, ഭക്ഷ്യ എണ്ണകൾ, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവ ഒഴിവാക്കികൊണ്ടുള്ള പുതിയ ആവശ്യവസ്തു നിയമ ഭേദഗതി ഭക്ഷ്യ സുരക്ഷയ്ക്ക് ഭീഷണിയാണ്. പഴയ അവശ്യ വസ്തു നിയമം പൂർണ്ണമായും റദ്ദാക്കപ്പെടുന്നതോടെ വൻകിട വ്യാപാരികൾക്കും ആഗ്രിബിസിനസ്സുകാർക്കും വൻതോ

തിലുള്ള പൂഴ്ത്തി വയ്പിനുള്ള അവസരം ലഭിക്കും. തന്മൂലം കൃത്രിമ ക്ഷാമവും കരിഞ്ചന്തയും രാജ്യത്താകെ സൃഷ്ടിക്കപ്പെടും.

ശീത സംഭരണികളുടേയും സ്റ്റോറേജ് സംവിധാനത്തിന്റേയും കാർഷിക മേഖലയിലെ പശ്ചാത്തലത്തിൽ സൗകര്യങ്ങളുടേയും കാര്യത്തിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കാനാണ് ആവശ്യവസ്തു നിയമ ഭേദഗതി എന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്. എന്നാൽ പ്രധാനലക്ഷ്യം കാർഷിക മേഖലയിൽ കോർപ്പേറ്റുകൾക്കും ആഗ്രിബിസിനസ്സുകാർക്കും ഈ മേഖല പതിച്ചു നൽകുന്നതിനും 100% വിദേശ പ്രത്യക്ഷ നിക്ഷേപത്തിനും സൗകര്യം ഒരുക്കലാണ് പുതിയ നിയമം കൊണ്ട് മോദി സർക്കാർ ഉദ്ദേശിക്കുന്നത്.

കോർപ്പറേറ്റ് ഉല്പ്പന്നങ്ങൾ മെച്ചപ്പെട്ട വിലയ്ക്ക് എവിടെയും കൊണ്ടുപോയി വിൽക്കാൻ സ്വാതന്ത്ര്യം നൽകുന്ന എന്ന് അവകാശപ്പെടുകയും ഫലത്തിൽ കോർപ്പറേറ്റുകൾക്കുള്ള പ്രോത്സാഹനം നൽകുന്നതുമാണ് വില ഉറപ്പിനും കാർഷിക സേവനങ്ങൾക്കും വേണ്ടി ഉള്ള കർഷക ശാക്തീകരണം സംരക്ഷണ ബിൽ 2020. അതിൽ ഒരിടത്തും കർഷകർക്ക് വ്യാപാരികൾ നൽകേണ്ട വില മിനിമം താങ്ങു വിലയേക്കാൾ കുറയരുതെന്ന് സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. ബി.ജെ.പി.യും നരേന്ദ്രമോദിയും 2014 ൽ വാഗ്ദാനം ചെയ്ത കൃഷി ചിലവിന്റെ പകുതി കൂടി വേണം വില നിർണ്ണയമെന്ന തത്വം പുതിയ നിയമത്തിലെവിടെയും പരാമർശിച്ചിട്ടില്ല. ഈ സാഹചര്യം ഉപയോഗിച്ച് സംഭരണ രംഗത്ത് കടന്നു വരാൻ പോകുന്നു . അദാനിവിൽമാർ പെപ്സികോ, വാൾമാർട്ട്, റിലയൻസ്ഫ്രഷ്, ഐടിസി തുടങ്ങിയ ആഗ്രി ബിസിനസ്സ് കമ്പനികൾ. അവർ കർഷകരുടെ നടുവൊടിക്കും.

അതുപോലെ തന്നെ ശ്രദ്ധേയമായ മറ്റൊരു വിഷയം കമ്പനികളും കർഷകരും തമ്മിലുണ്ടാകാവുന്ന തർക്കങ്ങൾ പരിഹരിക്കാൻ ഒരു ശരിയായ നിയമ സംവിധാനം ഇല്ല എന്നത് . തർക്കം പരിഹരിക്കാനുള്ള ചുമതല ഒരു സബ്ഡിവിഷണൽ മജിസ്ട്രേട്ടിനാണ്. അദ്ദേഹം ഒരു കൂടിആലോചനക്കാരനെപ്പോലെ ഇരു കൂട്ടരോടും വിട്ടുവീഴ്ചയ്ക്ക് ആവശ്യപ്പെടും. കോടതികൾക്ക് ഈ വിഷയത്തിൽ ഇടപെടാൻ അവസരം നൽകുന്നില്ല. തന്മൂലം വൻകിട കോർപ്പറേറ്റുകളുമായുള്ള തർക്കത്തിൽ പാവപ്പെട്ട കർഷകർ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ദയാദാക്ഷിണ്യത്തിനു കാത്തു നിൽക്കേണ്ടി വരും.

ഫലത്തിൽ ഇപ്പോഴത്തെ പുതിയ കാർഷിക മേഖലാ ബില്ലുകളും, വൈദ്യുതി ഭേദഗതിബില്ലും പരിസ്ഥിതി ഭേദഗതികളും തൊഴിൽ നിയമ ഭേദഗതികളും എല്ലാം തന്നെ കോർപ്പറേറ്റ്കളെ ശക്തിപ്പെടുത്താനുള്ളതാണ് എന്ന് വ്യക്തമാണ്.

കർഷക സംഘടനകളോടും സംസ്ഥാനസർക്കാരുകളോടും പോലും കൂടി ആലോചിക്കാതെയാണ് കോവിഡ് മഹാമാരിയുടെ കാലത്ത് ഈ നിയമങ്ങൾ ഓർഡിനൻസ് രൂപത്തിൽ കൊണ്ട് വന്നത് പ്രത്യേകിച്ചും ജനശ്രദ്ധ ഒഴിവാക്കാനാണെന്നത് വ്യക്തമാണ്. അതുപോലെ തന്നെ ഈ നിയമങ്ങളെപ്പറ്റി പാർലമെന്റ് വേദികളിൽ വേണ്ടത്ര സമയം ചർച്ചയ്ക്കുനവദിക്കാതെയും വോട്ട് എടുപ്പ് ആവശ്യം നിഷേധിച്ചും എല്ലാവിധ പാർലമെന്ററി നടപടിക്രമങ്ങൾ അട്ടിമറിച്ചുമാണ് കർഷക വിരുദ്ധ നിയമങ്ങൾ മോദി സർക്കാർ പാസാക്കി എടുത്തത്.

സ്വാതന്ത്ര്യാനന്തര കാലത്ത് 66 വർഷം കാത്തിരുന്നതിനുശേഷം 2013 ലാണ് ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ കൊണ്ടു വന്നത്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളും മറ്റ് ഇടതു പക്ഷ പാർട്ടികളും തുടർച്ചയായി ഈ ആവശ്യം ഉന്നയിച്ച് സമരം നടത്തി വന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണ് വായു, ജലം, ഭക്ഷണം, വസ്ത്രം , വാസസ്ഥലം എന്നിവ. ജീവിക്കാനുള്ള മൗലികാവകാശത്തിൽ ഭക്ഷണവും ഉൾപ്പെടുത്തണം എന്ന ആവശ്യം നിരന്തരം ഉന്നയിച്ചുകൊണ്ടിരുന്നു. 2009 ൽ ഈ വിഷയത്തിൽ നാഷണൽ അഡ്വൈസറി കൗൺസിൽ രൂപീകരിച്ചു. തുടർന്നു നിയമം പാർലമെന്റിൽ അവതരിപ്പിച്ചെങ്കിലും 2013 ലാണ് നിയമമായത്. നിയമം അർഹരായ പൗരന്മാർക്ക്, അവശ്യമായ ഭക്ഷണം താങ്ങാവുന്ന വിലയ്ക്ക് നൽകുക. മാത്രമല്ല സ്ത്രീകൾ, കുട്ടികൾ, അഗതികൾ, ഭവനരഹിതർ, പ്രളയ ദുരിതത്തിനിരയായവർ, അങ്ങിനെ പട്ടിണിയിൽ കഴിയുന്നവർക്കെല്ലാം ഭക്ഷണം സൗജന്യമായോ, താങ്ങാവുന്ന വിലയ്ക്കോ ലഭിക്കേണ്ടതാണ്. ഇത് അവകാശമായി അംഗീകരിച്ചിരുന്നു. എന്നാൽ ഇന്ന് ഇന്ത്യാഗവൺമെന്റ് ഈ വിഷയത്തിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. രാജ്യത്തെ ജനങ്ങളെ പൊതുവിതരണ സംവിധാനത്തിൽ ഉൾപ്പെടുത്തിയത് 2011 ലാണ്. 2011 ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ 122 കോടി ആണ്. എന്നാൽ 2020 മാർച്ച് 15ന് മിനിസ്ട്രി ഓഫ്സ്റ്റാറ്റിറ്റിക്സ് ആന്റ് പ്രോഗ്രാം ഇംബ്ലിമെന്റേഷൻ അനുസരിച്ച് ജനസംഖ്യ 138 കോടി ആണ്. ഇതിൽ 68.86% ജനങ്ങൾ ഗ്രാമത്തിലും 31.14 % ജനങ്ങൾ നഗരത്തിലുമാണ് ജീവിക്കുന്നത്. 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യത്തിൽ പുറത്താണ്. 2011 ലെ സെൻസസ് അനുസരിച്ചാണ് കേന്ദ്രസർക്കാർ ഇപ്പോഴും ഗ്രാമങ്ങളിൽ 75% നിരക്കിലും പട്ടണങ്ങളിൽ 50% നിരക്കിലും

സബ്സീഡി നൽകി ഭക്ഷ്യധാന്യം നൽകുന്നു. അതായത് ആകെ ജനസംഖ്യയുടെ 67% മാത്രമാണ്.

കേരളം മാത്രമാണ് ഇതിൽ നിന്നും വ്യത്യസ്തം. സാമ്പത്തിക വിദഗ്ധന്മാരുടെ അഭിപ്രായത്തിൽ ഇപ്പോൾ 81 കോടി ജനങ്ങൾക്കു മാത്രമേ ഭക്ഷ്യഭദ്രതാനിയമപ്രകാരം ഭക്ഷ്യധാന്യത്തിന് അർഹരായുള്ളൂ. അർഹരായ 10 കോടി ജനവിഭാഗത്തിന് ആനുകൂല്യം നൽകുന്നില്ല. ജനസംഖ്യാവർദ്ധനവിനനുസരിച്ച് എല്ലാ സംസ്ഥാനത്തിനും കേന്ദ്രം ഭക്ഷ്യധാന്യം വർദ്ധിപ്പിച്ചു നൽകേണ്ടതാണ്. ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ ഭക്ഷ്യധാന്യം കെട്ടികിടപ്പുണ്ട്. കോവിഡ് സൗജന്യം എന്ന നിലയിൽ 81 കോടി ജനങ്ങൾക്ക് 5 കിലോ ഭക്ഷ്യ ധാന്യവും, 1 കിലോ പയറും നൽകുന്നു. അപ്പോഴും 10 കോടി ജനങ്ങൾ ഇതിലൊന്നും പെടുന്നില്ല. ഭക്ഷണത്തിനുവേണ്ടി മുറവിളി കൂട്ടുന്ന 5 കുഞ്ഞുങ്ങളെ മഞ്ചു എന്ന അമ്മ ഗംഗാദേവിക്ക് സമർപ്പിച്ചു. പ്രധാന മന്ത്രിയുടെ മണ്ഡലമായ വാരണസിലാണ് ഈ സംഭവം. ഗ്ലോബൽ ഹംങ്കർ ഇൻഡക്സ് 119 രാജ്യപട്ടികയിൽ 102ാം സ്ഥാനത്താണ്. ഇന്ത്യയുടെ അയൽ രാജ്യങ്ങളെല്ലാം ഇന്ത്യയെക്കാൾ മെച്ചപ്പെട്ട നിലയിലാണ്. ഇന്ത്യയിൽ വളർച്ചമുരടിച്ച കുഞ്ഞുങ്ങളുടെ എണ്ണം 5 കോടി 33 ലക്ഷമാണ്. ലോകത്ത് ഭക്ഷ്യ ധാന്യം ആവശ്യത്തിന്റെ ഇരട്ടി ഉല്പാദിപ്പിക്കുന്നു എന്നാണ് കണക്ക്. എന്നാൽ ഭക്ഷ്യധാന്യ ചരക്കുകളുടെ ഉടമസ്ഥത മഹാഭൂരിപക്ഷം രാജ്യത്തു വൻകിട കുത്തകകളുടെ കയ്യിലാണ്.

2020 മാർച്ച് മാസം പ്രസിദ്ധീകരിച്ചകണക്കനുസരിച്ച് ഇന്ത്യയുടെ പക്കൽ 27.52 ദശലക്ഷം ടൺ അരിയും 28.70 ദശലക്ഷം ടൺ നെല്ലും സ്റ്റോക്കുണ്ട്. 3 മാസം കൂടി വിതരണം ദീർഘിപ്പിക്കുന്നതനുസരിച്ച് 15 കിലോ അരിയോ , ഗോതമ്പോ 80 കോടി ജനത്തിനു സൗജന്യമായി കൊടുത്താലും 12 ദശലക്ഷം മേലേക്ക് ടൺ ഭക്ഷ്യധാന്യം മതിയാകും.

കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. 1965 ജൂലൈ 1 മുതൽ സാർവ്വത്രികവും നിയമവിധേയവുമായ റേഷൻ സംവിധാനം ഇടതു പാർട്ടികളുടെ ശക്തമായ സമരത്തെ തുടർന്ന് ഗവർണർ ഭരണകാലത്ത് നടപ്പിലാക്കപ്പെട്ടു. കേരള ജനസംഖ്യ 3.45 കോടിയാണ്. 87.28ലക്ഷം ഭക്ഷ്യധാന്യം റേഷൻ വിതരണം വഴി നൽകുന്നു. കുടുംബങ്ങൾക്കെല്ലാം റേഷൻകാർഡ് ഉണ്ട്. കാർഡ് ഇല്ലാത്തവർക്കുപോലും സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യം കോവിഡ് അവസ്ഥ നേരിടാൻ നൽകുന്നുണ്ട്.

ഇന്നത്തെ ദേശീയ കർഷക സമരത്തിന്റെ പശ്ചാത്തലത്തിൽ കർഷക വിരുദ്ധ നിയമങ്ങൾ പൂർണ്ണമായും പിൻവലിയ്ക്കുന്നതോടൊപ്പം ഇടതുപക്ഷ പാർട്ടികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ ഇവയാണ്. എല്ലാ കാർഷിക വിളകൾക്കും ഉലാപാദന ചിലവും അതിന്റെ 50% കൂടെ കൂട്ടി താങ്ങുവിലയും യഥാസമയം സംഭരണവും ഉറപ്പാക്കുക. ആദായ നികുതി നൽകാത്ത കുടുംബങ്ങൾക്ക് പ്രതിമാസം 7500 രൂപ വരുമാനം ഉറപ്പാക്കുക. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രതിദിനകൂലി 300 രൂപയാക്കുക. പ്രൈംമിനിസ്റ്റർ കിസാൻ നിരക്ക് പ്രതിവർഷം 18000 രൂപയാക്കി വർദ്ധിപ്പിക്കുക. ഭൂരഹിതർക്കും കുടിയാന്മാർക്കും ഉള്ള വായ്പകൾ എഴുതിതള്ളുക. ഭക്ഷ്യ സുരക്ഷിതത്വവും സമഗ്രമായ സാമൂഹിക സുരക്ഷ പദ്ധതികളും ഉറപ്പാക്കുക എന്നിവയാണ്.

കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ത്യയിൽ 3000 കേന്ദ്രങ്ങളിലായി കർഷകർ നടത്തിവരുന്ന സമരത്തിനാധാരമായ കാർഷിക ബില്ലുകളും വൈദ്യുതിബില്ലും പൂർണ്ണമായി പിൻവലിച്ച് സമരത്തിന് പരിഹാരം കാണാൻ മോദി ഗവൺമെന്റ് തയ്യാറാവണം. ക്വിറ്റ് ഇന്ത്യാ ദിനമായ ആഗസ്റ്റ് 9നും, 2020 സെപ്തംബർ 5നും 20 ലക്ഷം പേർ പങ്കെടുത്ത ഐക്യസമരം നടന്നു. ആൾ ഇന്ത്യ കിസാൻ സംഘർഷ് കോഓർഡിനേഷൻ കമ്മിറ്റി 250 സംഘടനകൾ ഉൾക്കൊള്ളുന്ന പ്രക്ഷോഭ വേദിയാണ് അതിൽ ഇടതുപക്ഷ കിസാൻ സഭ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. അതിനൊപ്പം കേന്ദ്രട്രേഡ് യൂണിയനുകളും ഭൂമി അധികാർ ആന്തോളനും ഐക്യദാർഢ്യം പ്രകടിപ്പിച്ചു. കൊണ്ട് പ്രക്ഷോഭത്തിന്റെ മുൻപന്തിയിലുണ്ട്. സെപ്തംബർ 25ന് രാജ്യവ്യാപകമായി പ്രസ്തുത സമിതി സമരപ്രതിരോധദിനം ആചരിച്ചു. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, സംസ്ഥാനത്തിൽ കർഷക സമരത്തിന് പിൻതുണയായി ബന്ദു നടത്തി. ഇപ്പോഴും തുടരുന്ന ശക്തമായ പ്രക്ഷോഭണത്തിൽ രാജ്യത്തെങ്ങുമുള്ള ജനലക്ഷങ്ങൾ അണിനിരക്കുന്നുണ്ട്. പാർലമെന്റിലും ഇടതുപക്ഷ അംഗങ്ങൾ കാർഷക ബില്ലുകൾക്കെതിരെ പോരാടുകയുണ്ടായി. ഈ സമരത്തിലെ ആവശ്യങ്ങൾ കേവലം കർഷകരെ മാത്രം ബാധിക്കുന്നതല്ല. ഇന്ത്യാരാജ്യത്തെ എല്ലാ ജനങ്ങളേയും ഗുരുതരമായി ബാധിക്കുന്ന വിഷയമാണ് കാർഷിക രംഗത്തെ പ്രശ്നങ്ങൾ എന്നുള്ളതുകൊണ്ട് ഈ രാജ്യാന്തര കാർഷക ജനകീയ പ്രക്ഷോഭത്തിന് വിജയം വരെ എല്ലാ ജനവിഭാഗത്തിന്റേയും പിന്തുണ തുടർന്നും ഉണ്ടാകും എന്ന വസ്തുത ഭരണാധികാരികളെ ഓർമ്മപ്പെടുത്തുന്നു. കർഷക ആവശ്യങ്ങൾ വിട്ടുവീഴ്ച കൂടാതെ അംഗീകരിക്കാൻ മോഡി സർക്കാരിനോട് സിഐടിയു പ്രസ്ഥാനം ആവശ്യപ്പെടുന്നു. ●




## ലോക സാമ്പത്തിക ഫാറം

# തൊഴിലുകളുടെ ഭാവി റിപ്പോർട്ട് 2020

ലോക സാമ്പത്തിക വേദി (വേൾഡ് ഇക്കണോമിക് ഫോറം) അവരുടെ തൊഴിലിന്റെ ഭാവി റിപ്പോർട്ട് 2020 (Future of jobs report 2020)അടുത്തിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. സാങ്കേതിക രംഗത്ത് വന്നുകൊണ്ടിരിക്കുന്ന അതിവേഗത്തിലുള്ള മാറ്റങ്ങളും കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ മേഖലയിൽ വന്ന മാറ്റങ്ങളും ഭാവിയിലെ തൊഴിലിന്റെ സ്വഭാവത്തിൽ വലിയ മാറ്റങ്ങളുണ്ടാവുമെന്നാണ് ലോക സാമ്പത്തിക ഫാറം റിപ്പോർട്ട് പറയുന്നത്. ചില തൊഴിലുകൾ അപ്രത്യക്ഷമാവും. എന്നാൽ റോബോട്ടിക്സ് പോലെയുള്ള പുതിയ മേഖലയിൽ കൂടുതൽ തൊഴിലുണ്ടാവും. ലോക സാമ്പത്തിക ഫോറത്തിന്റെ ചില നിരീക്ഷണങ്ങൾ നോക്കാം.

അതിവേഗത്തിൽ നടക്കുന്ന യന്ത്രവൽക്കരണം 8.5 കോടി തൊഴിലുകൾ ഇല്ലാതാക്കും. സാങ്കേതിക രംഗത്തെ മാറ്റങ്ങളും, അത് കോവിഡ് 19 മൂലം പല വ്യവസായങ്ങളും പ്രതീക്ഷിച്ചതിൽ കൂടുതൽ വേഗത്തിൽ സ്വീകരിച്ച് നടപ്പാക്കിയതും മൂലം 2025 ഓടു കൂടി ഇപ്പോഴുള്ള തൊഴിലുകളിൽ 8.5 കോടിയോളം അപ്രത്യക്ഷമാവും. സാമ്പത്തിക ഫോറം നടത്തിയ സർവേയിൽ പങ്കെടുത്ത 43 ശതമാനം കമ്പനികളും വ്യവസായികളും പറഞ്ഞത് സാങ്കേതിക വിദ്യയുടെ സഹായത്തോടെ അവർ തൊഴിലാളികളെ കുറയ്ക്കുമെന്നാണ്. 34 ശതമാനം പേർ പറഞ്ഞത് ചെറിയ തോതിൽ സാങ്കേതിക രംഗത്ത് അവശ്യമായ കൂടുതൽ ജോലിക്കാരെ നിയമിക്കുമെന്നാണ്. 41 ശതമാനം പേർ പറഞ്ഞത് പ്രത്യേകതരം ജോലികൾ അവർ കോൺട്രാക്ടിൽ ചെയ്യിക്കുമെന്നാണ്.

5 വർഷത്തിനുള്ളിൽ തൊഴിൽ ദാതാക്കൾ അവർക്കാവശ്യമായ ജോലികളുടെ ഏതാണ്ട് 50 ശതമാനം മെഷീനുകളെയും 50 ശതമാനം മനുഷ്യരെയും ഏല്പിക്കുമെന്നാണ് അനുമാനം.

### വീട്ടിലിരുന്നുള്ള ജോലി ദൂരെയിരുന്നുള്ള ജോലി ഇതൊക്കെ സ്ഥിരമായി മാറും

കോവിഡ് 19 വീട്ടിലിരുന്നുള്ള ജോലിയുടെ സാധ്യതകൾക്ക് കമ്പനികൾക്ക് വലിയതോതിൽ തുറന്നുകൊടുത്തു. 84 ശതമാനം തൊഴിൽ ദാതാക്കളും അവരുടെ ജോലികൾ അതി വേഗം ഡിജിറ്റലൈസ് ചെയ്യുകൊണ്ടിരിക്കുകയാണ്. ഡിജിറ്റലൈസേഷനിലൂടെ 44 ശതമാനം ജോലികളും വീട്ടിലിരുന്നോ ദൂരെ സ്ഥലത്തിരുന്നോ ചെയ്യാമെന്ന സ്ഥിതിയിലാണ്. വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിന്റെ പരിമിതികളും കുറവുകളും പരിഹരിക്കാനുള്ള ശ്രമത്തിലാണ് പല കമ്പനികളും.

### സൃഷ്ടിപരവും അപഗ്രഥനാപരവുമായ തൊഴിലുകൾക്കുള്ള ആവശ്യകത വർധിക്കും

സൃഷ്ടിപരവും അപഗ്രഥനാപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് പരിഹരിക്കുന്നതുമായ സ്വഭാവമുള്ള ജോലികളുടെ ആവശ്യകത വരും നാളുകളിൽ ഉയരും. ജോലിസ്ഥലത്ത് കൂടുതൽ അയവുള്ളതും ബഹുമുഖ പ്രാഗത്ഭ്യം പ്രകടിപ്പിക്കുന്നവർക്കും അവസരങ്ങൾ കൂടും. പരമ്പരാഗത രീതിയിൽ ചിന്തിക്കുന്നവർക്ക് അവസരങ്ങൾ കുറയും.

റോബോട്ടിക്സ് രംഗത്ത് കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കപ്പെടും

സമ്പദ്‌രംഗം ഉണർവ് പ്രാപിക്കുമ്പോൾ റോബോട്ടിക്സ് രംഗത്തും 9 കോടിയിലധികം പുതിയ തൊഴിലുകൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സോഷ്യൽ മീഡിയ മാനേജ്മെന്റ്, ഇന്റർനെറ്റ് രംഗത്തെ കണ്ടെന്റ് എഴുത്ത് തുടങ്ങിയ മേഖലകളിലും കൂടുതൽ തൊഴിലുകൾ ഉണ്ടാവാം.

വിജയിക്കുന്നതും മത്സരക്ഷമവുമായ കമ്പനികൾ അവരുടെ തൊഴിലാളികളുടെ കഴിവുകൾ ഉയർന്നുവരുന്ന സാഹചര്യത്തിനനുസരിച്ച് വികസിപ്പിക്കാൻ തയാറെടുക്കണമെന്നും ലോക സാമ്പത്തിക ഫോറം റിപ്പോർട്ട് പറയുന്നു. ●

# കെ.ജി.ഒ.എ 54-ാം സംസ്ഥാന സമ്മേളനം

2020 ഡിസംബർ 20 ന് തിരുവനന്തപുരം ഹസ്സൻ മരയ്ക്കാർ ഹാളിലും വിവിധ ജില്ലാ കേന്ദ്രങ്ങളിലുമായാണ് (സ.സി. വിനോദ്കുമാർ നഗർ) ചേർന്നത്. മുഖ്യകേന്ദ്രത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളും ജില്ലാ കേന്ദ്രങ്ങളിൽ മറ്റു സംസ്ഥാന കൗൺസിൽ അംഗങ്ങളും പ്രതിനിധികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് ഡോ.കെ.ടി ശ്രീലതകുമാരി തിരുവനന്തപുരത്ത് പതാക ഉയർത്തിയതോടെ സമ്മേളന നടപടികൾ ആരംഭിച്ചു. രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനക്കുശേഷം സംസ്ഥാന പ്രസിഡന്റ് പ്രതിനിധികളെ അഭിവാദ്യം ചെയ്ത് സംസാരിച്ചു. മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി എം.എ. ബേബി കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.ഒ.എ.) 54-ാം സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

തുടർന്ന് 2019 ലെ സംസ്ഥാന കൗൺസിൽ യോഗത്തിൽ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും ജില്ലാതലങ്ങളിൽ നടന്ന പൊതുചർച്ചയ്ക്ക് അംഗീകരിച്ചു. 2020ലെ കൗൺസിൽ യോഗത്തിൽ സംസ്ഥാന പ്രസിഡന്റായി ഡോ. എം.എ. നാസറിനെയും ജനറൽ സെക്രട്ടറിയായി ഡോ. എസ്.ആർ. മോഹനചന്ദ്രനെയും ട്രഷററായി പി.എസ്. ശിവപ്രസാദിനെയും തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാർ: ഡോ. ഇ.ടി. ബിന്ദു, ടി.എൻ. മിനി, പി.പി. സുധാകരൻ സംസ്ഥാന സെക്രട്ടറിമാർ: ഡോ. കെ.കെ. ഷാജി, എസ്. ജയിൽകുമാർ, പി.വി. ജിൻരാജ്.

സംസ്ഥാന പ്രസിഡന്റ് ഡോ.എം.എ. നാസറിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രതിനിധി സമ്മേളനത്തിൽ പി.വി. ജിൻരാജ് രക്തസാക്ഷി പ്രമേയവും പി.പി. സുധാകരൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ശമ്പള പരിഷ്കരണം അനുഭവവേദ്യമാക്കുക, കേരള സർക്കാരിന്റെ ജനപക്ഷ ബദൽ നയങ്ങൾക്ക് കാവലാളാകുക, ജനവിരുദ്ധ തൊഴിലാളി വിരുദ്ധ കേന്ദ്ര നയങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളിൽ അണിചേരുക എന്ന പരിപാടി പ്രമേയം സമ്മേളനം അംഗീകരിച്ചു.

# ഇലക്ട്രിസിറ്റി ബോർഡ് കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം



വി.വി വിജയൻ



കെ.സി സിബു

ഇലക്ട്രിസിറ്റി ബോർഡ് കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ബി.ടി.ആർ മെമ്മോറിയലിൽ കോവിഡ് നിയന്ത്രണം പാലിച്ച് നടന്നു.

സമ്മേളനം സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി കെ.എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു.സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.സുദർശനൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.സുകേശൻ റിപ്പോർട്ടും എൻ. സതീശൻ കണക്കും അവതരിപ്പിച്ചു. പ്രതിനിധികളെ അഭിസംബോധന ചെയ്തുകൊണ്ട് കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.ജയപ്രകാശ്, സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് ടി. എബ്രഹാം എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി വി.വി വിജയനെ(പാലക്കാട്) പ്രസിഡന്റായും കെ.സി സിബുവിനെ(കോട്ടയം) ജനറൽ സെക്രട്ടറിയായും, എസ്.സുദർശനനെ അസിസ്റ്റന്റ് സെക്രട്ടറിയായും എൻ. വിജയ കുമാറിനെ ട്രഷററായും സമ്മേളനം തെരഞ്ഞെടുത്തു.

54 ദിവസമായി തുടർന്ന് വരുന്ന ചരിത്ര പ്രസിദ്ധമായ കർഷകസമരം അടിയന്തിരമായി ഒത്തുതീർപ്പാക്കണമെന്ന് പ്രമേയത്തിലൂടെ സമ്മേളനം ആവശ്യപ്പെട്ടു.

# മുത്തൂറ്റ് ഫിനാൻസ് ജീവനക്കാർ വീണ്ടും സമരത്തിലേക്ക്

മുത്തൂറ്റ് മാനേജ്മെന്റിന്റെ കൂട്ട പിരിച്ചുവിടലിനെതിരെ മുത്തൂറ്റ് ഫിനാൻസ് ജീവനക്കാർ പുനരാരംഭിച്ച അനിശ്ചിത കാല സത്യാഗ്രഹ സമരം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

തൊഴിലാളി വിരുദ്ധ നടപടിയിലൂടെ ജീവനക്കാരെ പുറത്താക്കിയതിനെതിരെ 84 ദിവസമായി നടത്തിവന്ന പണിമുടക്ക് സമരം കോവിഡ് മഹാമാരിയെ തുടർന്നാണ് നിർത്തിവയ്ക്കേണ്ടി വന്നത്. തുടർന്ന് സൂചനയായി റിലേ സമരങ്ങളടക്കമുള്ള വിവിധ സമര മാർഗങ്ങളും നോൺ ബാങ്കിങ് ആൻഡ് പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തി. പക്ഷെ മുൻ നിലപാടിൽ മാറ്റമില്ലാതെ മാനേജ്മെന്റ് തുടരുന്ന സാഹചര്യത്തിലാണ് കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് വീണ്ടും അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിക്കുന്നത്.

2021 ജനുവരി 4 ന് ഹെഡ് ഓഫീസിന് മുൻപിൽ ആരംഭിച്ച സത്യാഗ്രഹ സമര പന്തലിൽ സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ സ. കെ ചന്ദ്രൻപിള്ള, സ. കെഎൻ ഗോപിനാഥ്, സിഐടിയു എറണാകുളം ജില്ലാ സെക്രട്ടറി സ. സികെ മണിശങ്കർ, നോൺ ബാങ്കിങ് ആൻഡ് പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സിസി രതീഷ്, മുത്തൂറ്റ് ഫിനാൻസ് യൂണിറ്റ് സെക്രട്ടറി നിഷ കെ ജയൻ, മുത്തൂറ്റ് ഫിനാൻസ് യൂണിറ്റ് പ്രസിഡന്റ് സ. എം സ്വരാജ് എംഎൽഎ എന്നിവർ സംസാരിച്ചു.

# സംസ്ഥാന വ്യാപകമായി റിലയൻസ് മാളുകളിലേക്ക് പ്രതിഷേധ മാർച്ച്




രാജ്യ തലസ്ഥാനത്തും വിവിധ കേന്ദ്രങ്ങളിലും പൊരുതുന്ന കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സിഐടിയു ജനുവരി 4 ന് സംസ്ഥാന വ്യാപകമായി റിലയൻസ് മാളുകളിലേക്കും പെട്രോൾ പമ്പുകളിലേക്കും പ്രതിഷേധ മാർച്ചും ഐക്യദാർഢ്യ പരിപാടികളും സംഘടിപ്പിച്ചു.

കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ ബില്ലുകൾ റദ്ദാക്കണമെന്നും വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് കഴിഞ്ഞ 38 ദിവസത്തോളമായി പ്രതികൂല കാലാവസ്ഥയെ തരണം ചെയ്ത് കർഷകർ പ്രക്ഷോഭ സമരം സംഘടിപ്പിക്കുകയാണ്. നിരവധിയായ കർഷകർ രക്തസാക്ഷികളാവുന്ന സ്ഥിതിവിശേഷവും ഉണ്ടായി. സിഐടിയു സംസ്ഥാന വ്യാപകമായി നടത്തിയ പ്രതിഷേധ പരിപാടികളിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക വൈദ്യുതി ബില്ലുകൾ പിൻവലിക്കണമെന്നും ട്രേഡ് യൂണിയനുകളുടെയും പാർലമെന്റിലെയും എതിർ വാദങ്ങളൊന്നും മുഖവിലക്കെടുക്കാതെ പാസാക്കിയ ലേബർ കോഡുകൾ റദ്ദ് ചെയ്യണമെന്നും, കോർപ്പറേറ്റ്‌വൽക്കരണം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. പ്രതിഷേധ പരിപാടികളിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും തൊഴിലാളികൾ കൊടികളും മുദ്രാവാക്യങ്ങളും ഉയർത്തി പ്രതിഷേധിച്ചു.

### കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ജനുവരി 7, 8 തീയതികളിൽ

# സിഐടിയു സംഘടിപ്പിച്ച തൊഴിലാളി കൂട്ടായ്മ

കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സിഐടിയുവിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി തൊഴിലാളി കൂട്ടായ്മകൾ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ കേന്ദ്രങ്ങളിലെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മുമ്പിലാണ് തൊഴിലാളി കൂട്ടായ്മ സംഘടിപ്പിച്ചത്.

തിരുവനന്തപുരത്ത് സിഐടിയു സംസ്ഥാന സെക്രട്ടറി സ. വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ജിപിഒയ്ക്ക് മുന്നിൽ ആരംഭിച്ച തൊഴിലാളി കൂട്ടായ്മയിൽ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ജോസ് ടി എബ്രഹാം, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് സ. ജയൻ ബാബു, മറ്റു സംസ്ഥാന ജില്ലാ ഭാരവാഹികളും സംസാരിച്ചു.

കൊല്ലം ജില്ലയിൽ കൂട്ടായ്മ 7 ന് സ. ആനത്തലവട്ടം ആനന്ദൻ ഉത്ഘാടനം ചെയ്തു. സമാപനത്തോടനുബന്ധിച്ച് ചിറക്കര സലീം കുമാർ കയ്യൂർ ചുവന്നപ്പോൾ എന്ന കഥാപ്രസംഗം അവതരിപ്പിച്ചു.

പത്തനംതിട്ടയിൽ സമരം വിജയമായിരുന്നു. വിവിധ യൂണിയനുകൾ അഭിവാദ്യ പ്രകടനങ്ങൾ നടത്തി. വിവിധ യൂണിയനുകളും കലാപരിപാടികൾ അവതരിപ്പിച്ചു.

ആലപ്പുഴ കൂട്ടായ്മയിൽ വിവിധ സംഘടനകൾ അഭിവാദ്യം അർപ്പിച്ചു സംസാരിച്ചു. കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ട്രാക്ടർ & ട്രില്ലർ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജനുവരി 9 ന് 75 ട്രാക്ടറുകൾ അണിനിരത്തിയുള്ള ട്രാക്ടർ റാലി നടത്തി.

ഇടുക്കിയിൽ തൊഴിലാളി കൂട്ടായ്മ 8, 9 തീയതികളിലാണ് നടത്തിയത്. വിവിധ യൂണിയനുകളും കലാപരിപാടികൾ അവതരിപ്പിച്ചു.

കോട്ടയത്ത് 7ന് രാവിലെ വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്ത കൂട്ടായ്മ 8ന് വൈകുന്നേരം ടി.ആർ.രഘുനാഥന്റെ സമാപന പ്രസംഗത്തോടെ അവസാനിച്ചു. സംസ്ഥാനയൂണിയനുകളും സർവ്വീസ് സംഘടനകളും പ്രകടനമായി വന്ന് സമരത്തിന് അഭിവാദ്യമർപ്പിച്ചു.

എറണാകുളത്ത് ജനുവരി 7, 8 തീയതികളിൽ കളമശ്ശേരിയിൽ സംഘടിപ്പിച്ച രാപ്പകൽ സമരം ദേശീയസെക്രട്ടറി സ. കെ.ചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്തു. ജനുവരി 7 ന് രാവിലെ 8 മണിമുതൽ 8 ന് വൈകീട്ട് 6.30 മണി വരെയാണ് സമരം സംഘടിപ്പിച്ചത്. വിവിധ സർവ്വീസ് സംഘടനകൾ സമരപ്പന്തലിലേയ്ക്ക് അഭിവാദ്യ പ്രകടനങ്ങളുമായെത്തി സമരത്തെ അഭിവാദ്യംചെയ്തു. സമരത്തിൽ സംസ്ഥാന ഭാരവാഹികൾ സി.കെ.മണിശങ്കർ, കെ.എൻ.ഗോപിനാഥ്, ദീപ.കെ.രാജൻ തുടങ്ങിയവർ രണ്ട് ദിവസവും ഉടനീളം പങ്കെടുത്തിരുന്നു. രണ്ട് ദിവസവും സമരപ്പന്തലിൽ നാടകങ്ങൾ, നാടൻപാട്ടുകൾ, വിപ്ലവഗാനങ്ങൾ, കവിതാലാപാനം, ഗസൽ, തായമ്പക, നൃത്തരൂപങ്ങൾ, പ്രസംഗങ്ങൾ, അഭിവാദ്യങ്ങൾ, കരോക്കെ ഗാനമേള തുടങ്ങി തൊഴിലാളികളുടെ കലാപരിപാടികൾ കൊണ്ട്സമരം ശ്രദ്ധേയമായി സംഘടിപ്പിക്കാൻ കഴിഞ്ഞു.

തൃശൂർ ജില്ലയിൽ കൂട്ടായ്മ മൂന്ന് ബാച്ചുകളായി എല്ലാ ഏരിയാ കമ്മിററികളുടേയും യൂണിയനുകളുടെയും പങ്കാളിത്തം ഉറപ്പാക്കി. ആദ്യ ദിനം എം എം വർഗീസും രണ്ടാം ദിനം പി നന്ദകുമാറും ഉത്ഘാടനം ചെയ്തു. വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

പാലക്കാട് രാപ്പകൽ സമരം ജനുവരി 7ന് 10 മണിക്ക് ആരംഭിച്ച് ജനുവരി 8ന് വൈകീട്ട് 5 മണിക്ക് സമാപിച്ചു. 5 ഷിഫ്റ്റുകളായാണ് വിവിധ യൂണിയൻ അംഗങ്ങളായ തൊഴിലാളികൾ പങ്കെടുത്തത്. സംസ്ഥാന ജില്ലാ ഭാരവാഹികളും വിവിധ യൂണിയനുകളുടെ ഭാരവാഹികളും സമരത്തെ അഭിവാദ്യം ചെയ്തു. ജനുവരി 7ന് വൈകുന്നേരം സാംസ്കാരിക സന്ധ്യയും സംഘടിപ്പിച്ചു. വർഗ്ഗ ബഹുജനസംഘടനകൾ പ്രകടനമായെത്തി സമരെത്ത അഭിവാദ്യം ചെയ്തു.

മലപ്പുറം രാപ്പകൽ സമരം ആകർഷണീയമായി നടന്നു. 3 ഷിഫ്റ്റുകളായി വിഭജിച്ചാണ് നടത്തിയത്. വൈകിട്ട് കലാപരിപാടികൾ ഉണ്ടായിരുന്നു.

കോഴിക്കോട് സമരം വിജയകരമായിരുന്നു. ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് മുഹമ്മദ് റിയാസ് ഉത്ഘാടനം ചെയ്തു. നാടകങ്ങൾ, പാട്ടുകൾ, ഡാൻസ്, ഗസൽ തുടങ്ങിയ കലാപരിപാടികൾ ഉണ്ടായിരുന്നു.

വയനാട് തൊഴിലാളി കൂട്ടായ്മ പി കെ ശ്രീമതി ടീച്ചർ ഉത്ഘാടനം ചെയ്തു. 8ാം തീയതിയിലെ കൂ

ട്ടായ്മ പി വി സഹദേവൻ ഉത്ഘാടനം ചെയ്തു.

കണ്ണൂർ തൊഴിലാളി കൂട്ടായ്മ ആദ്യദിനം കെ പി സഹദേവനും രണ്ടാം ദിനം എംവി ജയരാജനും ഉത്ഘാടനം ചെയ്തു. വിവിധ കലാപരിപാടികൾ നടന്നു.

കാസർഗോഡ് തൊഴിലാളി കൂട്ടായ്മ 7 ന് രാവിലെ 10 മണി മുതൽ 8 ന് വൈകുന്നേരം 5 മണി വരെ നടന്നു. പി. കരുണാകരൻ മുൻ എം.പി സമരം ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു സംഘടനാ ഭാരവാഹികൾ, വർഗ്ഗ ബഹുജന സർവ്വീസ് സംഘടനാ നേതാക്കൾ ഉൾപ്പെടെ 24 പേർ അഭിവാദ്യ പ്രസംഗങ്ങൾ നടത്തി. ●

# കർഷക പ്രക്ഷോഭത്തിന് വൈദ്യുതി ജീവനക്കാരുടെ സഹായം



രാജ്യം കണ്ടതിൽവച്ച് ഏറ്റവും മഹത്തായ കർഷക പ്രക്ഷോഭത്തെ സഹായിക്കുവാൻ രാജ്യത്തെ വൈദ്യുതി ജീവനക്കാരുടെ ദേശീയ ഫെഡറേഷനായ ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ( ഇ.ഇ.എഫ്.ഐ) ആറ് ലക്ഷം രൂപ നൽകി.

ഡിസംബർ 16ന് പ്രധാന പ്രക്ഷോഭ കേന്ദ്രമായ സിൻഘുവിൽ വച്ച് ഇ.ഇ.എഫ്.ഐ സെക്രട്ടറി കൂടിയായ, കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ. കെ.ജയപ്രകാശ് 6 ലക്ഷം രൂപ കിസാൻ സഭയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖ അഖിലേന്ത്യ കിസാൻ സഭ ഫിനാൻസ് സെക്രട്ടറി സ.പികൃഷ്ണപ്രസാദിന് കൈമാറി. ഡിസംബർ 16 ന് രാവിലെ 10 മണിക്ക് ഇ.ഇ .എഫ്.ഐ വർക്കിങ് പ്രസിഡന്റ്സ്വദേശ് ദേബ്റോയ്, അഖിലേന്ത്യ സെക്രട്ടറി കെ.ജയപ്രകാശ്, വൈസ് പ്രസിഡണ്ട് സുഭാഷ് ലംബ, സി.ഐ.ടി.യു അഖിലേന്ത്യാ സെക്രട്ടറിമാരായ എ.ആർ സിന്ധു, കരുമലയാൻ, ഇ.ഇ.എഫ്.ഐ വർക്കിംഗ് കമ്മിറ്റി അംഗം എൽ.ആർ ശ്രീകുമാർ എന്നിവർ ഡൽഹിയിൽ ബി.ടി. ആർ ഭവനിൽ ഒത്തു ചേർന്ന് സ.പി. കൃഷ്ണപ്രസാദിനൊപ്പം സമര കേന്ദ്രമായ സിൻഘുവിൽ എത്തി. സമരവേദിയിൽ ഇ.ഇ.എഫ്.ഐ നേതാക്കൾ രാജ്യത്തെങ്ങുമുള്ള വൈദ്യുതി ജീവനക്കാർക്ക് വേണ്ടി അഖിലേന്ത്യ വൈസ് പ്രസിഡന്റ് സുഭാഷ് ലംബ പ്രക്ഷോഭകരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

നിലയ്ക്കാത്ത ഹർഷാരവങ്ങളോടെയാണ് കർഷക പ്രക്ഷോഭകർ വൈദ്യുതി ജീവനക്കാരുടെ പിന്തുണയേയും ഐക്യദാർഢ്യത്തേയും എതിരേറ്റത്. മോഡി ഗവൺമെന്റ് പാസാക്കിയ കർഷക വിരുദ്ധ നിയമങ്ങൾക്കെതിരെയുള്ള പ്രക്ഷോഭം കൂടുതൽ കരുത്താർജ്ജിച്ച് മുന്നേറുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ അടിച്ചമർത്തലുകളേയും കുപ്രചാരണങ്ങളെയും കൊടും ശൈത്യത്തെയും മഴയെയും അതിജീവിച്ചുകൊണ്ട് സ്വന്തം നിലനിൽപ്പിനും രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കും വേണ്ടി പോരാടുന്ന കർഷകപ്രക്ഷോഭം വിജയിപ്പിക്കുന്നതിനായി തൊഴിലാളിവർഗം ഒന്നടങ്കം രംഗത്തിറങ്ങുകയും പോരാടുകയും ചെയ്യേണ്ടതുണ്ട്.

# സംസ്ഥാന ജീവനക്കാരുടെ സംഘശേഷി തെളിയിച്ച സമ്മേളനം

**എം.എ.അജിത്കുമാർ**
ജനറൽ സെക്രട്ടറി, കേരള എൻ ജി ഒ യൂണിയൻ

കേരളത്തിലെ സർക്കാർ ജീവനക്കാരുടെ അവകാശ സമരങ്ങളുടെ മുന്നണി പോരാളിയായ അജയ്യ പ്രസ്ഥാനം കേരള എൻജിഒ യൂണിയന്റെ അമ്പത്തിയേഴാം സംസ്ഥാന സമ്മേളനം 2020 ഡിസംബർ 29ന് ചേർന്നു. മാനവസമൂഹം അതിസങ്കീർണമായ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന കോവിഡ് മഹാമാരിയുടെപശ്ചാത്തലത്തിൽ, നിലനിൽക്കുന്ന നിയന്ത്രണങ്ങൾ പാലിച്ച് തിരുവനന്തപുരത്തും ജില്ലാ കേന്ദ്രങ്ങളിലും വെർച്ച്വലായാണ് സമ്മേളനം നടന്നത്. 2019 ജൂൺ 8 മുതൽ 11 വരെ തിരുവനന്തപുരത്ത് ചേർന്ന അമ്പത്തിയാറാം സംസ്ഥാന സമ്മേളനത്തിന് ശേഷമുള്ള കാലയളവ് നിരവധിയായ പ്രക്ഷോഭങ്ങളുടേതും, സാമൂഹ്യപ്രതിബദ്ധത ഉയർത്തിപ്പിടിച്ച ഇടപെടലുകളുടേതുമായിരുന്നു.

ഡിസംബർ 29ന് രാവിലെ യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഇ. പ്രേംകുമാർ പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. അഖിലേന്ത്യ കിസാൻ സഭ വൈസ് പ്രസിഡന്റ് എസ്. രാമചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ സമ്മേളനത്തിനു ശേഷമുള്ള കാലയളവിലെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും, വരുംകാല പ്രവർത്തനങ്ങളുടെ രാഷ്ട്രീയ അടിത്തറയായ സംഘടനാ റിപ്പോർട്ടും സമ്മേളനം ചർച്ച ചെയ്ത് അംഗീകരിച്ചു. സംസ്ഥാന പ്രസിഡന്റായി ഇ പ്രേംകുമാർ, ജനറൽ സെക്രട്ടറിയായി എം എ അജിത് കുമാർ, ട്രഷററായി എൻ. നിമൽ രാജ് എന്നിവരടങ്ങിയ കമ്മിറ്റിയെയും ഭാരവാഹികളെയും തിരഞ്ഞെടുത്തു.

ഇന്ത്യയിലെ സിവിൽ സർവീസും തൊഴിൽ മേഖലയും അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച ഗൗരവപൂർണമായ ചർച്ചയാണ് സമ്മേളനത്തിൽ ഉണ്ടായത്.

വികസനക്ഷേമപരിപാടികളുടെ വിജയകരമായ നിർവ്വഹണത്തിൽ സംസ്ഥാന സിവിൽ സർവ്വീസിനുള്ള പങ്ക് ഇടതുപക്ഷം എക്കാലവും തിരിച്ചറിഞ്ഞിരുന്നു. സംസ്ഥാന രൂപീകരണകാലം മുതൽ സിവിൽസർവീസിന്റെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ജനാധിപത്യവൽ



ഇ. പ്രേംകുമാർ



എം എ അജിത് കുമാർ

ക്കരണത്തിനും ഇടതുപക്ഷ സർക്കാരുകൾ നിസ്തുലമായ സംഭാവനയാണ് നൽകിയിട്ടുള്ളത്. ഇപ്പോഴും സ്ഥിതി വ്യത്യസ്തമാകില്ലെന്ന് അധികാരമേറ്റ ആദ്യനാളുകളിൽതന്നെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് ഓർമിപ്പിച്ച സർക്കാർ അവകാശാനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിൽ വീഴ്ചവരുത്തില്ലെന്ന ഉറപ്പും നൽകി. പി.എസ്.സി. വഴി മാത്രം ഒന്നരലക്ഷത്തിലേറെ പുതിയ നിയമനങ്ങൾ നടത്തി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും എയ്ഡഡ് സ്കൂൾ വഴിയുമുള്ള നിയമനങ്ങൾ വേറെയും. കാൽ ലക്ഷത്തിലേറെ പുതിയ തസ്തികകൾ സൃഷ്ടിച്ചു വനിതകൾക്കും കുട്ടികൾക്കും പുതിയ വകുപ്പും വിവിധ വകുപ്പുകൾക്കായി പുതിയ ആഫീസുകളും അനുവദിച്ചു.

സിവിൽ സർവീസിനോട് സർക്കാർ പുലർത്തിപ്പോന്ന വിശ്വാസ്യത കാത്തുസൂക്ഷിച്ച് സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാൻ ഇക്കാലയളവിൽ ജീവനക്കാരും തയ്യാറായിട്ടുണ്ട്. ഓഖി ദുരന്തം, നിപ വൈറസ്, 2018 ലെയും 2019 ലെയും മഹാപ്രളയവും പ്രകൃതി ദുരന്തവും ഇപ്പോഴത്തെ കോവിഡ് 19 മഹാമാരിയും തുടങ്ങി നാട് പ്രതിസന്ധിയിലായ ഘട്ടങ്ങളിലെല്ലാം അവധി ദിനങ്ങളും ജോലിസമയവും പരിഗണിക്കാതെ ജീവനക്കാർ കൈമെയ് മറന്ന പ്രവർത്തനമാണ് ഏറ്റെടുത്തത്. ദുരിതകാലത്തെ സിവിൽസർവീസിന്റെ ഇടപെടൽ ഈ മേഖലയോടുള്ള ജനങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്താനിടയാക്കി.

നിർവ്വഹണത്തിലെ കാര്യക്ഷമതയിൽ മാത്ര മൊതുങ്ങുന്നതല്ല സിവിൽസർവീസിന്റെ സാമൂഹ്യപ്രതിബദ്ധതയെന്ന് തെളിയിക്കുന്ന നിരവധി മാതൃകാപ്രവർത്തനങ്ങളും ഇക്കാലയളവിൽ ഏറ്റെടുത്തു. 2018 ലെ മഹാപ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മിതിക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാലറി ചലഞ്ചിൽ ഭൂരിപക്ഷം ജീവനക്കാരും പങ്കെടുത്ത് ഒരുമാസ വേതനം സംഭാവനചെയ്യാനും തയ്യാറായി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഒരുമാസ വേതനം മാറ്റിവയ്ക്കാനെടുത്ത തീരുമാനവുമായി ജീവനക്കാരെ സഹകരിപ്പിക്കുന്നതിലും കേരള എൻജിഒ യൂണിയൻ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. ഒപ്പം സംഘടന തനതായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ലൈഫ് പദ്ധതിയുടെ ഭാഗമായി സ്വന്തമായി വീടും ഭൂമിയുമില്ലാത്ത 8 കുടുംബങ്ങൾക്ക് ഭവനസമുച്ചയം നിർമ്മിച്ചു നൽകി. സർക്കാരാഫീസുകളുടെ അടിസ്ഥാനസൗകര്യവികസനം യാഥാർത്ഥ്യമാക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പം ചേർന്ന് പൊതുജനങ്ങൾ ആശ്രയിക്കുന്ന നാന്നൂറിലേറെ ആഫീസുകൾ ജനസൗഹൃദമാക്കാൻ സൗകര്യമൊരുക്കുകയും തിരുവനന്തപുരത്ത് പേരൂർക്കട വില്ലേജാഫീസിനായി സ്മാർട്ട് വില്ലേജാഫീസ് മന്ദിരം നിർമ്മിച്ചു നൽകുകയുമാണ്. കോവിഡ് കാലത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യമൊരുക്കാൻ അൻപത് ലക്ഷം രൂപ നൽകാനും കഴിഞ്ഞു. സംഘടനാപ്രവർത്തനങ്ങൾക്കായി ജീവനക്കാരിൽ നിന്നും സമാഹരിക്കുന്ന ഫണ്ട് വിഹിതം മാറ്റിവച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. സർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഏരിയാ ജില്ലാകമ്മിറ്റികളുടെ നേതൃത്വത്തിൽ നെൽകൃഷിയടക്കമുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ സംഘടനയ്ക്കായി.

ഈ വിധം വെല്ലുവിളികളും ഉത്തരവാദിത്തങ്ങളും യാഥാർത്ഥ്യ ബോധത്തോടെ അഭിസംബോധന ചെയ്യുന്ന കേരള എൻജിഒ യൂണിയന്റെ 57ാം സംസ്ഥാന സമ്മേളനം വരുംകാല പ്രവർത്തനങ്ങളുടെ ദിശാസൂചകമായ "ജനപക്ഷബദൽ നയങ്ങളുടെ തുടർച്ച ഉറപ്പാക്കുക, നവലിബറൽ നയങ്ങളെ ചെറുത്ത് തോൽപിക്കുക" എന്ന പരിപാടി പ്രമേയവും അംഗീകരിച്ചു. നവലിബറൽ നയങ്ങൾക്കെതിരേയുള്ള പോരാട്ടങ്ങളും ജനപക്ഷ ബദൽ നയങ്ങളുടെ സംരക്ഷണവുമെന്ന ദ്വിമുഖ ഉത്തരവാദിത്തം ഏറ്റെടുക്കാൻ സിവിൽ സർവ്വീസിനെ പ്രാപ്തമാക്കാൻ ജീവനക്കാരോട് ആഹ്വാനം ചെയ്യുന്നതായി സംസ്ഥാന സമ്മേളനം. ●

# ലോക്ഡൗണിന്റെ ആഘാതം ഏറ്റവും കൂടുതൽ ഏല്ക്കേണ്ടി വന്നത് അസംഘടിത മേഖല :ഐഎൽഒ

അസംഘടിത മേഖലയും അതിലെ തൊഴിലാളികളുമാണ് ഇന്ത്യയിൽ കോവിഡ് 19 ലോക്ഡൗൺ കാലത്ത് ഏറ്റവും കൂടുതൽ ആഘാതമേൽക്കേണ്ടി വന്നത് എന്ന് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ) ഗ്ലോബൽ വേജ് റിപ്പോർട്ട് പറഞ്ഞു. സംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതനത്തിൽ ശരാശരി 3.6% കുറവ് ലോക്ഡൗൺ കാലത്തുണ്ടായപ്പോൾ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതനത്തിലുണ്ടായ ഇടിവ് ശരാശരി 22.6%ആണ്.

ലോക്ഡൗൺ 1 ന്റെ കാലത്ത് 40 ലക്ഷം തൊഴിലാളികൾക്കും ലോക്ഡൗൺ 2 ന്റെ കാലത്ത് 6.49 കോടി തൊഴിലാളികൾക്കും തൊഴിൽ നഷ്ടമുണ്ടായതായി ഐഎൽഒ റിപ്പോർട്ട് പറയുന്നു. ലോക്ഡൗൺ ഒന്ന് 21 ദിവസത്തേക്ക് മാർച്ച് 24 മുതൽ ഏപ്രിൽ 13 വരെയായിരുന്നു. ലോക്ഡൗൺ 2 ഏപ്രിൽ 14 മുതൽ മെയ് 3 വരെ 19 ദിവസമായിരുന്നു. ലോക്ഡൗൺ കാലത്ത് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ മൊത്തം കൂലിയിലെ നഷ്ടം കണക്കാക്കിയാൽ അത് 63,553 കോടി രൂപയാണ്. അത് ഏകദേശം 2020-21 ലെ എംഎൻആർഇജിഎ ബഡ്ജറ്റ് തുകക്ക് സമമാണ്.
ഇന്ത്യയിലെ 79.4% തൊഴിലാളികളും അസംഘടിത മേഖലയിലാണ് പണിയെടുക്കുന്നത്. അതിൽ 0.5% പേർ മാത്രമാണ് എഴുതപ്പെട്ട കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത് എന്ന് സേവ്യൽ എസ്ടുപിനാനും, റോഹിത് ശർമയും ഐഎൽഒക്കുവേണ്ടി നടത്തിയ പഠന റിപ്പോർട്ടായ "ലോക്ഡൗൺ കാലത്തെ ഇന്ത്യയിലെ തൊഴിൽ നഷ്ടം" (Job and wage losses in informal sector due to the Covid 19 lockdown members in India) എന്ന റിപ്പോർട്ടിൽ കണ്ടെത്തി. സംഘടിത മേഖലയിലെ തൊഴിലാളികളിൽ 52% അസംഘടിത സ്വഭാവത്തിലുള്ള ജോലിയിലാണ്. മൊത്തത്തിൽ ഇന്ത്യയിലെ പണിയെടുക്കുന്നവരിൽ 91% അസംഘടിത രംഗത്താണ് ജോലിയിലേർപ്പെട്ടിരിക്കുന്നത്.

# ബെമൽ വിൽപന ചെറുക്കും

എളമരം കരീം

രാജ്യത്തിന്റെ അഭിമാന പൊതുമേഖലാ സ്ഥാപനം ബെമലിനെ വിൽക്കാനുള്ള കേന്ദ്രസർക്കാർ നീക്കം തൊഴിലാളികളെ അണിനിരത്തി ചെറുക്കുമെന്നും സിഐടിയു സംസ്ഥാന സെക്രട്ടറി എളമരം കരീം പറഞ്ഞു. ബെമൽ സ്വകാര്യവൽക്കരണത്തിനെതിരെ തൊഴിലാളികൾ കമ്പനി പടിക്കൽ നടത്തുന്ന സമരത്തിന്റെ പതിനൊന്നാം ദിനത്തിലെ സമരം ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് കേരളത്തിലെ എൽഡിഎഫ് സർക്കാർ സ്വീകരിക്കുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റും ഇൻസ്ട്രുമെന്റേഷനും വിൽക്കാൻ കേന്ദ്രം ശ്രമിച്ചപ്പോൾ അത് ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചാണ് കേരള സർക്കാർ ചെറുത്തത്. രാജ്യത്ത് മറ്റൊരു സർക്കാരും ഇത്തരം ഇടപെടൽ നടത്തിയിട്ടില്ല. ബെമലിന്റെ കാര്യത്തിലും ഇതാണ് സർക്കാർ നിലപാട്.

പൊതുമേഖലാ സ്ഥാപനം തുടങ്ങുന്നതിനാണ് 2009 ൽ കേരള സർക്കാർ ബെമലിന് സ്ഥലം ഏറ്റെടുത്ത് നൽകിയത്. നിലവിൽ 54 ശതമാനം സർക്കാർ ഓഹരിയുള്ള ബെമലിന്റെ 26 ശതമാനം ഓഹരി കൂടി വിൽക്കുമ്പോൾ അത് സ്വകാര്യ സ്ഥാപനമായി മാറും. സ്വകാര്യസ്ഥാപനത്തിന് സംസ്ഥാന സർക്കാരിന്റെ ഭൂമി ഉപയോഗിക്കാൻ സാധിക്കുന്നു. തൊഴിലാളികൾ ഐക്യത്തോടെ



ചെറുത്താൽ വിൽക്കാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്ര ഗവണ്മെന്റ് പിന്മാറേണ്ടി വരും. വിൽപനക്ക് വച്ച സ്ഥാപനം വാങ്ങുന്നതിന് മുമ്പ് വൻകിടക്കാരുടെ ഏജന്റുമാർ പരിശോധനക്കെത്തും. ഇത്തരം ഏജന്റുമാരെ സ്ഥാപനത്തിന്റെ പടി കടത്താൻ അനുവദിക്കില്ല.

യോഗത്തിൽ സിഐടിയു ജില്ലാ സെക്രട്ടറി എം ഹംസ അധ്യക്ഷനായി. സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് കെ കെ ദിവാകരൻ, കേരളത്തിന് പുറത്തുള്ള ബെമൽ യൂണിറ്റുകളിലെ തൊഴിലാളി സംഘടനാ പ്രതിനിധികളായ ദംബ്ലൂ ശ്രീനിവാസ റെഡ്ഡി, ആഞ്ജനേയ റെഡ്ഡി, ജെ മുന്നാകാപ്പ, മുനി റെഡ്ഡി, സിഐടിയു സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എ പ്രഭാകരൻ, ടി കെ അച്ചുതൻ എന്നിവർ സംസാരിച്ചു. സ. എസ് പി രാജു സ്വാഗതവും ബെമൽ എംപ്ലോയീസ് യൂണിയൻ സെക്രട്ടറി എസ് ഗിരീഷ് നന്ദിയും പറഞ്ഞു.

# കർഷക സമരം ആർട്ടിസാൻസ് യൂണിയൻ അഭിവാദ്യ ധർണ നടത്തി

മോഡി സർക്കാരിന്റെ കോർപറേറ്റ് അനുകൂല കാർഷിക തൊഴിൽ നിയമ ഭേദഗതികൾക്കെതിരായും ഭാരതത്തിന്റെ നട്ടെല്ലായ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിനെതിരായുമുള്ള ശക്തമായ പ്രക്ഷോഭം രാജ്യത്തെമ്പാടും



ഉയർന്നു വരികയാണ്. ഈ കരിനിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും കർഷക സംഘടനകളുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും കേരളാ ആർടിസാൻസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ ജനുവരി 15 ന് മാർച്ചും ധർണയും നടത്തി.

കൊല്ലത്ത് ഹെഡ്പോസ്റ്റോഫീസിനു മുന്നിൽ യൂണിയൻ ജനറൽ സെക്രട്ടറി സ. നെടുവത്തൂർ സുന്ദരേശനും, തൃശൂർ കോർപറേഷൻ സമീപത്തായി സംസ്ഥാന പ്രസിഡന്റ് പി കെ ഷാജനും കാസർഗോഡ് കാഞ്ഞങ്ങാട് ഹെഡ് ഓഫീസിനു മുന്നിൽ വച്ച് സിഐടിയു ജില്ലാ സെക്രട്ടറി ടി കെ രാജനും മാർച്ചും ധർണയും ഉത്ഘാടനം ചെയ്തു.